بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം
8

വാർഷിക
വരിസംഖ്യ
600 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

ലക്കം
3

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2023 ജനു: 19/ഹി.ശം. 1402 സ്വുൽഹ് 19: ഫത്ഹ് ഹിജ്റ 1444 ജമാദുൽആഖർ 26

## അല്ലാഹുവിന്റെ വചനം

اِنَّمَا الْمُؤْمِنُوْنَ
الَّذِيْنَ اِذَا ذُكِرَ اللّٰهُ
وَجِلَتْ قُلُوْبُهُمْ

(سورة انفال:3)

'അല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ തങ്ങളുടെ ഹൃദയങ്ങൾ ഭയക്കുന്നവർ മാത്രമാണ് സത്യവിശ്വാസികൾ' (8:3)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**എന്റെ പക്കൽ അഹങ്കാരിയെക്കാൾ വലിയ ഒരു ബിംബാരാധകനും ദുഷിച്ചവനുമില്ല. അഹങ്കാരി ഒരു ദൈവത്തേയും ആരാധിക്കുന്നില്ല. പ്രത്യുത അവൻ തന്നെത്തന്നെയാണ് ആരാധിക്കുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### പ്രദർശനപരത വർജിക്കുക

അതിഥികളുടെ ആവശ്യത്തിന് വീടുണ്ടാക്കേണ്ട ആവശ്യം നേരിട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പല പ്രാവശ്യവും ഇങ്ങനെ താക്കീതു ചെയ്തു, ഇഷ്ടികകളുടേയും കല്ലുകളുടേയുംമേൽ പണം ചെലവഴിക്കുക വ്യർഥമാണ്. കുറച്ചു ദിവസം താമസിക്കുന്നതിന് സൗകര്യമുണ്ടാകുന്ന വിധത്തിൽ പണിയെടുക്കുക. മരാശാരി ചിന്തേരിട്ട് തടി മിനുസപ്പെടുത്തുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളെ തടഞ്ഞുകൊണ്ടു പറഞ്ഞു: "ഇത് വെറും പ്രദർശനപരതയാണ്. അനാവശ്യമായി കാലതാമസമുണ്ടാക്കലാണ്. ഏറ്റവും ചുരുങ്ങിയ നിലയിൽ പണിയെടുക്കുക." പറഞ്ഞു: "നമുക്ക് ഒരു വീടിനോടും ഒരുതരത്തിലുള്ള ഇഷ്ടവുമില്ലെന്ന് അല്ലാഹു വിനറിയാം. നാം നമ്മുടെ വീടുകളെ എന്റേയും എന്റെ സ്നേഹിതന്മാരുടേയും കൂട്ടുസ്വത്തായി കാണുന്നു. എല്ലാവരും കൂടിച്ചേർന്ന് കുറച്ചുകാലം കഴിയണമെന്നതാണ് ആഗ്രഹം. നാലു ഭാഗത്തും നമ്മുടെ സ്നേഹിതന്മാരുടെ വീടുകളുണ്ടാകണം. നടുവിൽ എന്റെ വീടും ഉണ്ടാകണം. എല്ലാ വീട്ടിലും എന്റെ ഒരു ജനലുണ്ടാകണം. എല്ലാവരുമായും എല്ലായ്പ്പോഴും സമ്പർക്കവുമുണ്ടാകണം."

### സേവനം ചെയ്യൽ

ഒരിക്കൽ പുതിയ വീട്ടിൽ കട്ടിൽ കിടപ്പുണ്ടായിരുന്നു. അതിൽ മൗലവി അബ്ദുൽകരീം സാഹിബ് ഉറങ്ങുകയായിരുന്നു. അവിടെ ഹുദൂർ(അ) ഉലാത്തുന്നുണ്ടായിരുന്നു. കുറച്ചുനേരത്തിനുശേഷം ഉണർന്നപ്പോൾ എന്താണ് കാണുന്നത്, ഹുദൂർ(അ) തറയിൽ കട്ടിലിന്നടിയിൽ കിടക്കുന്നു. മൗലവി സാഹിബ് വിനയപൂർവം എഴുന്നേറ്റുനിന്നു. ഹുദൂർ(അ) വളരെ സ്നേഹത്തോടെ ചോദിച്ചു: എന്തിനാണ് എഴുന്നേറ്റു നില്ക്കുന്നത്? അദ്ദേഹം വിനയത്തിന്റെ ഒഴികഴിവ് പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു:"ഞാൻ താങ്കൾക്ക് കാവൽ നില്ക്കുകയായിരുന്നു. കുട്ടികൾ ബഹളം വെക്കുന്നുണ്ടായിരുന്നു. തങ്കളുടെ ഉറക്കം തടസ്സപ്പെടാതിരിക്കാൻ ഞാൻ അവരെ വിലക്കുകയായിരുന്നു."

### വിനയം

ഹുദൂറുമായി സംസാരിക്കുന്നതിന് ആളുകൾക്ക് പൂർണ സ്വാതന്ത്ര്യമുണ്ടായിരുന്നു. ഓരോ വ്യക്തിയ്ക്കും മടിയൊന്നുകൂടാതെ ഹുദൂറുമായി സംസാരിക്കാമായിരുന്നു. ഇതുസംബന്ധമായി ഹുദൂർ(അ) പറഞ്ഞു: ആളുകൾ എന്നെ വന്യമൃഗങ്ങളെ ഭയപ്പെടുന്നതുപോലെ ഭയപ്പെടുംവിധം പരുഷസ്വഭാവിയും ഭയാനകനുമായി ഇരിക്കുക എന്നത് എന്റെ മാർഗമല്ല. ബിംബമാകുന്നതിനെ ഞാൻ കഠിനമായി വെറുക്കുകയും ചെയ്യുന്നു. ഞാൻ ബിംബാരാധനയെ തടയുന്നതിനുവേണ്ടിയാണ് വന്നിട്ടുള്ളത്. അല്ലാതെ സ്വയം ബിംബമാകുന്നതിനും ആളുകൾ എന്നെ പൂജിക്കുന്നതിനും വേണ്ടിയല്ല. ഞാനെനിക്ക് മറ്റുള്ളവരുടെമേൽ അൽപംപോലും പ്രാധാന്യം നല്കുന്നില്ലെന്ന് അല്ലാഹു നന്നായി അറിയുന്നു. എന്റെ പക്കൽ അഹങ്കാരിയെക്കാൾ വലിയ ഒരു ബിംബാരാധകനും ദുഷിച്ചവനുമില്ല. അഹങ്കാരി ഒരു ദൈവത്തേയും ആരാധിക്കുന്നില്ല. പ്രത്യുത അവൻ തന്നെത്തന്നെയാണ് ആരാധിക്കുന്നത്."(മൽഫൂദാത്ത് വാല്യം 1, പേജ് 421,ഖാദിയാൻ പതിപ്പ്)

## നബി(സ)യുടെ സാരോപദേശം:

### വെള്ളം കുടിപ്പിക്കുന്നവന്റെ ശ്രേഷ്ഠത:

(2063) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: ഒരിക്കൽ ഒരു മനുഷ്യൻ നടന്നുപോകുമ്പോൾ അയാൾക്ക് അതികഠിനമായി ദാഹം അനുഭവപ്പെട്ടു. അയാൾ വഴിവക്കിലുള്ള കിണറ്റിൽ ഇറങ്ങി വെള്ളം കുടിച്ചശേഷം കയറിയപ്പോൾ ഒരു നായ നാവുനീട്ടി ദാഹം സഹിക്കവയ്യാതെ മണ്ണുതിന്നുന്നത് കണ്ടു!ആ മനുഷ്യൻ ആത്മഗതം ചെയ്തു. താനനുഭവിച്ചുകൊണ്ടിരുന്ന വിഷമം ഇതാ ഈ നായയും അനുഭവിച്ചുകൊണ്ടിരിക്കുന്നു. അയാൾ കിണറ്റിലിറങ്ങി ഷൂസിൽവെള്ളം നിറച്ച് വായകൊണ്ടു കടിച്ചുപിടിച്ച് കരയ്ക്കു കയറി നായയെ വെള്ളം കുടിപ്പിച്ചു. അക്കാരണത്താൽ അല്ലാഹു അയാളോടു നന്ദി കാണിക്കുകയും അയാളുടെ പാപങ്ങളിൽനിന്ന് പൊറുത്തുകൊടുക്കുകയും ചെയ്തു. സ്വഹാബത്ത് ചോദിച്ചു: 'യാ റസൂലല്ലാഹ്! നാൽക്കാലികൾക്ക് വല്ല ഉപകാരവും ചെയ്താൽ ഞങ്ങൾക്ക് പ്രതിഫലം ലഭിക്കുമോ?' അവിടന്ന് പറഞ്ഞു: 'ജീവനുള്ള ഏതു ജന്തുവിന് ഉപകാരം ചെയ്താലും പ്രതിഫലം ലഭിക്കുന്നതാണ്.'

**വിശുദ്ധ ഖുർആൻ ഏറ്റവുമാദ്യം പരിഗണന നല്കിയ കല്പന തൗഹീദിന്റെ സംസ്ഥാപനവും അന്യാരാധന തടയലുമാണ്. തൗഹീദിനെ ആദ്യം വെച്ചിരിക്കുന്നത് ഒരു പാപവും ശിർക്ക് കൂടാതെ ഉണ്ടാകുകയില്ലെന്നുള്ളതുകൊണ്ടാണ്. പാപത്തിന്നിരയാകുന്ന മനുഷ്യൻ പാപത്തിൽ അകപ്പെടുന്നത് അവൻ ദൈവത്തിന്റെ സത്തയിലും സവിശേഷഗുണത്തിലും പൂർണമായ വിശ്വാസവും തവക്കുലും വെക്കാത്തതുകൊണ്ടാണ്.**

സൂറത്തുന്നഹ്‌ലിന്റെ 24-ാം വചനമായ, വ ഖളാ റബ്ബുക്ക അല്ലാ തഅ്ബുദൂ ഇല്ലാ ഇയ്യാഹു വബിൽവാലിദയ്നി ഇഹ്സാനൻ ഇമ്മാ യബ്ലുഗന്ന ഇൻദക്കൽകിബ്റ അഹദഹുമാ ഔ കിലാഹുമാ ഫലാ തഖുല്ലഹുമാ ഉഫ്ഫിൻ വ്വലാതൻഹർഹുമാ വഖുല്ലഹുമാ ഖൗലൻ കരീമൻ(തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നല്കിയിരിക്കുന്നു;മാതാപിതാക്കളോടു നല്ലരീതിയിൽ പെരുമാറണമെന്നും. അവർ രണ്ടുപേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെയടുക്കൽ(നിന്റെ ജീവിതകാലത്ത്)വാർധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോടു 'ഛെ' എന്നു(പോലും)പറഞ്ഞു പോകരുത്. നീ അവർ രണ്ടുപേരോടും കയർത്തു സംസാരിക്കുകയുമരുത്. അവർ രണ്ടുപേരോടും മാന്യമായ വാക്ക് പറയുക)എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:

ഇവിടെ അല്ലാഹു മനുഷ്യൻ തന്റെ വ്യവസ്ഥിതിയെ സുരക്ഷിതമാക്കി വെക്കുന്നതിനുള്ള ക്രമീരണം പറയുകയാണ്. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ ചുരുക്കം വിവരിച്ചുകൊണ്ട് സന്മാർഗത്തിന്റെ ദിനങ്ങളിൽ ഈ കല്പനകൾ പാലിക്കണമെന്നും അവയെ ശ്രദ്ധിക്കണമെന്നും പറഞ്ഞിരിക്കുന്നു. അപ്പോഴാണ് അധഃപതനത്തിൽനിന്ന് രക്ഷപ്പെടുന്നത്. ഇല്ലെങ്കിൽ അഭിവൃദ്ധികളെ നിലനിറുത്താൻ കഴിയുകയില്ല.

വിശുദ്ധ ഖുർആൻ ഏറ്റവുമാദ്യം പരിഗണന നല്കിയ കല്പന തൗഹീദിന്റെ സംസ്ഥാപനവും അന്യാരാധന തടയലുമാണ്. ലോകത്ത് ഭരണങ്ങൾ കിട്ടുമ്പോൾ അതിനോടൊപ്പം സന്ദേഹപൂജയും അന്യാരാധനയുമുണ്ടാകുന്നു. അതുകൊണ്ട് എ

(ശേഷം പേജ് 8ൽ)




## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2022 ഡിസംബർ 02 (സമ്പൂർണ തർജമ)
ജുമുഅ ഖുത്വ്ബ 2022 ഡിസംബർ 09 (സമ്പൂർണ തർജമ)
ജുമുഅ ഖുത്വ്ബ 2022 നവംബർ 25 (കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

‘......അല്ലാഹു അക്ബർ, അല്ലാഹു വലിയവൻ. അവരിരുവരുടേയും(അബബക്ർ(റ), ഉമർ(റ))സത്യസന്ധതയും ആത്മാർഥതയും എത്ര മഹോന്നതമാണ്. അവിരുവരും മറവു ചെയ്യപ്പെട്ട സ്ഥലം എത്രമാത്രം അനുഗൃഹീതമാണെന്നുവെച്ചാൽ മൂസാനബിയും ഈസാനബിയും ജീവിച്ചിരുന്നുവെങ്കിൽ അസൂയാപൂർവം അവിടെ മറവു ചെയ്യപ്പെടാൻ ആഗ്രഹിച്ചേനെ.

---

“മുസ്‌ലിമീങ്ങളിൽ ആദ്യത്തെ ഖലീഫയുടെ ഓർമ, തികച്ചും കൂറുള്ളവൻ, കാരുണ്യത്തിന്റേയും ദയാവായ്പിന്റേയും ആൾരൂപമായ മനുഷ്യൻ എന്ന നിലയിൽ തറച്ചിരുന്നു. അതിശക്തമായ പ്രളയത്തിനുപോലും അദ്ദേഹത്തിന്റെ അചഞ്ചലമായ സൗമ്യഭാവത്തിന് ഇളക്കം തട്ടിക്കാൻ കഴിയാത്തതായിരുന്നു.”(J.J.Saunders)

---

“മുഹമ്മദ്(സ)വഫാത്തായപ്പോൾ അബൂബക്ർ അദ്ദേഹത്തിന്റെ ഖലീഫയും പ്രതിനിധിയുമായിരുന്നു. അദ്ദേഹം പർവ്വതങ്ങളെ പോലും ഇളക്കി മറിക്കുന്ന വിശ്വാസ ദാർഢ്യത്തോടുകൂടി തന്റെ ലാളിത്യവും ബുദ്ധിയുംകൊണ്ട് മൂന്നോ നാലോ ആയിരം അറബികൾ ഉൾക്കൊള്ളുന്ന ചെറിയ ചെറിയ സൈന്യങ്ങളുമായി ലോകത്തെ മുഴുവനും അല്ലാഹുവിന്റെ അനുസാരികളാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു.” (H.G.Wells)

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

ഹദ്റത്ത് ഉമർ ആണെങ്കിലും അബൂബക്ർ ആണെങ്കിലും അവർ എല്ലാവരും തങ്ങളുടെ യജമാനനും നേതാവുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യോടു കൂറുള്ളവരും പൂർണ അനുസാരികളും പ്രേമികളുമായിരുന്നു.

ഹദ്റത്ത് അബൂബക്റും രാജാവായിരുന്നു. എന്നാൽ, അദ്ദേഹത്തിൽ നമ്രതയും വിനയവുമുണ്ടായിരുന്നു. തന്നെ അല്ലാഹു ജനങ്ങളുടെ സേവനത്തിനാണ് നിയമിച്ചത്. അതിനുവേണ്ടി എത്ര സമയം ലഭിക്കുമോ അത് അവന്റെ കാരുണ്യമായിരിക്കുമെന്ന് അദ്ദേഹം പറയുമായിരുന്നു.

**ഖുത്ബ ജുമുഅ 2022 ഡിസംബർ 02/1401 ഫതഹ് 02**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് അബൂബക്ർ(റ)ന്റെ വിശേഷഗുണങ്ങളേയും നന്മകളേയും കുറിച്ചു പരാമർശിച്ചു വരുകയായിരുന്നു. ഈ വിഷയത്തിൽ അദ്ദേഹം ജനങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ പ്രിയപ്പെട്ടവനും ശ്രേഷ്ഠനുമാണെന്ന വിഷയത്തിൽ ഇപ്രകാരം എഴുതുന്നു: ഹദ്റത്ത് ഇബ്നു ഉമർ(റ)ൽ നിന്ന് നിവേദനം. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഒരാൾ മറ്റൊരാളേക്കാൾ ശ്രേഷ്ഠനാണെന്നു ഞങ്ങൾ പറയാറുണ്ടായിരുന്നു.ആരാണ് മറ്റുള്ളവരെക്കാൾശ്രേഷ്ഠനെന്ന കാര്യത്തിൽ മത്സരമുണ്ടാകുമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ഏറ്റവും ശ്രേഷ്ഠനാണെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു. പിന്നെ ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്, പിന്നെ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ റളിയല്ലാഹു അൻഹും.(സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലു, അസ്ഹാബുന്നബിയ്യി സ്വല്ലല്ലാഹു അലയ്ഹിവസല്ലം, ഹദീഥ് നമ്പർ 3655)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് (റ) വിവരിച്ചു: “ഹദ്റത്ത് അബൂബക്റിനെ, നബി(സ)തിരുമേനിക്കുശേഷം ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠനായവനേ! എന്ന് ഹദ്റത്ത് ഉമർ(റ) സംബോധന ചെയ്തു. അതായത് ഹദ്റത്ത് ഉമർ, ഹദ്റത്ത് അബൂബക്റിനെ പുകഴ്ത്തി. നിങ്ങളുടെ അഭിപ്രായം ഇതാണെങ്കിൽ ഉമറിനെക്കാൾ ഉത്തമനായ വ്യക്തിക്കുമേൽ സൂര്യൻ ഉദിച്ചിട്ടില്ലെന്ന് നബി(സ)തിരുമേനി പറയുന്നത് താൻ കേട്ടിട്ടുണ്ടെന്ന് ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു. അതായത് അദ്ദേഹം ഉടൻതന്നെ തന്റെ വിനയം വെളിപ്പെടുത്തി. താങ്കൾ എങ്ങനെയാണോ എന്നെ ഉത്തമനെന്ന് പറയുന്നത്, താങ്കൾ ഉത്തമനാണെന്ന് നബി(സ)തിരുമേനി പറഞ്ഞതായി താൻ കേട്ടിട്ടുണ്ടണ്ടെന്ന് അബൂബക്ർ(റ)പറഞ്ഞു.

അബ്ദുല്ലാഹ് ബിൻ ശഖീഖ് വിവരിക്കുന്നു: നബി(സ)തിരുമേനിയുടെ സ്വഹാബാക്കളിൽ നബി(സ)തിരുമേനിക്ക് ഏറ്റവും കൂടുതൽ പ്രിയപ്പെട്ട സ്വഹാബി ആരാണെന്ന് ഞാൻ ഹദ്റത്ത് ആഇശയോട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: ഹദ്റത്ത് അബൂബക്ർ. ഞാൻ ചോദിച്ചു. പിന്നെ ആരാണ്? അവർ പറഞ്ഞു: ഹദ്റത്ത് ഉമർ. പിന്നെ ആരാണെന്ന് ഞാൻ ചോദിച്ചു. അവർ പറഞ്ഞു; ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്. പിന്നീടാരാണെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അവർ മൗനം പാലിച്ചു.(സുനൻ തിർമദി, കിതാബുൽമനാഖിബ്, ഹദീഥ് നമ്പർ 3657)

മുഹമ്മദ് ബിൻ സീരീൻ പറയുന്നു: ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും കുറിച്ചു നിന്ദിച്ചു പറയുന്ന വ്യക്തിയ്ക്ക് നബി(സ)തിരുമേനിയോടു സ്നേഹമുണ്ടെന്ന് ഞാൻ കരുതുന്നില്ല. അതായത് അവരുടെ കുറവുകൾ തിരഞ്ഞ് പറയുകയും നബി(സ)തിരുമേനിയെ സ്നേഹിക്കന്നു എന്ന് വാദിക്കുകയും ചെയ്യുന്നവർ!അവർ രണ്ടുപേരും നബി(സ)തിരുമേനിക്ക് വളരെ പ്രിയപ്പെട്ട വരായിരുന്നു.(സുനൻ തിർമദി, കിതാബുൽമനാഖിബ്, ഹദീഥ് നമ്പർ 3685)

ഹദ്റത് ആയിദ് ബിൻ അംറ് നിവേദനം. ഹദ്റത്ത് സൽമാൻ, ഹദ്റത്ത് സ്വുഹയ്ബ്, ഹദ്റത്ത് ബിലാൽ എന്നിവർ ജനങ്ങൾക്കിടയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അവിടെ അബൂസുഫിയാൻ വന്നു. അപ്പോൾ ഇവർ പറഞ്ഞു: അല്ലാഹുവിന്റെ വാളുകൾ അല്ലാഹുവിന്റെ ശത്രുക്കളുടെ കഴുത്തുകളോടു ഇതുവരെയും കണക്കുതീർത്തിട്ടില്ല. അതായത് ശരിയായ രീതിയിൽ പകരം ചോദിച്ചിട്ടില്ല. നിവേദകൻ പറയുന്നു: ഇതു കേട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: ഖുറയ്ശികളുടെ വലിയ നേതാക്കളെ കുറിച്ച് ഇങ്ങനെയാണോ പറയുന്നത്? അബൂസുഫിയാനും ഖുറയ്ശികളുടെ വലിയ നേതാക്കളിൽപെട്ട വ്യക്തിയാണ്. അദ്ദേഹത്തോട് പകരം ചോദിച്ചില്ല എന്നാണോ പറയുന്നത്? അതിനു ശേഷം ഹദ്റത്ത് അബൂബക്ർ സ്വയം നബി(സ)തിരുമേനിയുടെ സന്നിധിയിൽ വന്ന് ഇക്കാര്യം തിരുമേനിയോട് പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അബൂബക്റേ! താങ്കൾ അവരെ അതായത് സ്വുഹയ്ബ്, സൽമാൻ, ബിലാൽ എന്നിവരെ വെറുപ്പിച്ചു. നിങ്ങൾ അവരെ വെറുപ്പിച്ചെങ്കിൽ നിങ്ങൾ നിങ്ങളുടെ റബ്ബിനെ വെറുപ്പിച്ചു എന്ന് മനസ്സിലാക്കിക്കൊള്ളുക. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) ആ മൂന്നു പേരുടെയും അടുത്ത് വന്നു മാപ്പ് ചോദിക്കുന്ന രീതിയിൽ ഇപ്രകാരം ചോദിച്ചു: പ്രിയപ്പെട്ട സഹോദരങ്ങളെ ഞാൻ നിങ്ങളെ വെറുപ്പിച്ചുവോ? അപ്പോൾ അവർ പറഞ്ഞു: ഇല്ല, അപ്രകാരം അല്ല. ഞങ്ങളുടെ സഹോദരാ! അല്ലാഹു താങ്കൾക്ക് മാപ്പ് നൽകുമാറാകട്ടെ.(സ്വഹീഹ് മുസ്‌ലിം, ഫളാഇലുസ്സ്വഹാബ, ഹദീഥ് 6412)

എന്തായാലും ഇവിടെ ഹദ്റത്ത് അബൂബക്റിന്റെ വിനയം എത്രത്തോളമായിരുന്നുവെന്ന് സ്ഥാപിതമാകണമായിരുന്നു. ഹദ്റത്ത് അബൂബക്ർ മോചിപ്പിച്ച അടിമകളുടെ അടുക്കൽ വന്ന് മാപ്പ് ചോദിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിന്റേയും അനുസരണത്തിന്റേയും നിലവാരവും നോക്കുക. നബി(സ)തിരുമേനി, നിങ്ങൾ അവരെ വെറുപ്പിച്ചോ എന്നാണ് ചോദിച്ചത്. പോയി മാപ്പ് പറയൂ എന്ന് പറഞ്ഞില്ല. എന്നാൽ, അദ്ദേഹം ഉടൻതന്നെ പോകുകയും അവരോട് മാപ്പ് ചോദിക്കുകയും ചെയ്തു. ഈ സംഭവം വിവരിച്ചുകൊണ്ട് വ്യാഖ്യാനത്തിൽ എഴുതുന്നു: ഈ സംഭവം ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ കുഫ്ഫാറുമായി ഉണ്ടാക്കിയ യുദ്ധനിരോധന കരാറിന് ശേഷമുള്ളതാണ്. അന്ന് അബൂസുഫിയാൻ മുസ്‌ലിം അല്ലായിരുന്നു. ആ സമയത്ത് മുസ്‌ലിമീങ്ങൾ കരുതിയത് തങ്ങളെന്തുകൊണ്ട് ഇയാളെ നേരത്തെ വധിച്ചില്ല എന്നായിരുന്നു.(സ്വഹീഹ് മുസ്‌ലിം, ബിശറഹ് അന്നവവി, ഭാഗം 16, പേജ് 96, മുഅസ്സസത്തു ഖുർത്വബ 1991)

ഖുർആൻ മനഃപാഠത്തെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദും(റ) ചരിത്രത്തിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പറയുന്നു: അബൂ ഉബയ്ദയിൽ നിന്ന് നിവേദനം. നബി(സ)തിരുമേനിയുടെ മുഹാജിറുകളായ സ്വഹാബാക്കളിൽ താഴെ പറയുന്നവർ ഖുർആൻ ഹൃദിസ്ഥമാക്കിയിരുന്നതായി സ്ഥാപിതമാകുന്നുണ്ട്. അബൂബക്ർ(റ), ഉമർ(റ), ഉഥ്മാൻ(റ), അലി(റ), ത്വൽഹ(റ), സഅദ് (റ), ഇബ്നു മസ്ഊദ് (റ), ഹുദയ്ഫ(റ), സാലിം (റ), അബൂഹുറയ്റ(റ), അബ്ദുല്ലാഹ്ബിൻ സാഇബ് (റ), അബ്ദുല്ലാഹ് ബിൻ ഉമർ(റ), അബ്ദുല്ലാഹ് ബിൻ അബ്ബാസ് (റ), സ്ത്രീകളിൽ ആഇശ(റ), ഹഫ്സ്വ (റ), ഉമ്മു സൽമ(റ). ഇവരിൽ അധികംപേരും നബി(സ)തിരുമേനിയുടെ ജീവിതകാലത്തുതന്നെ ഖുർആൻ മനഃപാഠമാക്കിയിരുന്നു. ചിലർ നബി(സ)തിരുമേനിയുടെ വഫാത്തിന് ശേഷം ഹൃദിസ്ഥമാക്കി.(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം, വാള്യം 20, പേജ് 429–430)

ഥാനിയഥ്നയ്നിനെ കുറിച്ച് ഹദ്റത്ത് അബൂബക്റിന്റെതന്നെ ഒരു നിവേദനം ഇങ്ങനെ ഉണ്ട്. ഹദ്റത്ത് അനസ്(റ), ഹദ്റത്ത് അബൂബക്റിൽ(റ) നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: നബി(സ) തിരുമേനിയോടു ഞാൻ ഗുഹയിലായിരിക്കുന്ന സന്ദർഭത്തിൽ ചോദിച്ചു. അതായത് ഹദ്റത്ത് അബൂബക്ർ (റ)നബി(സ)തിരുമേനിയുടെ കൂടെ ഗുഹയിലായിരുന്നു. അവരിലാരെങ്കിലും, അതായത് പുറത്തു നിൽക്കുന്നുണ്ടായിരുന്ന അവിശ്വാസികളിലാരെങ്കിലും നമ്മുടെ കാലിന്റെ താഴെ ദൃഷ്ടി ഇട്ടാൽ  നമ്മളെ തീർച്ചയായും കാണുന്നതാണ്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ‘അബൂബക്റേ! മൂന്നാമത്തവൻ അല്ലാഹു ആയിക്കൊണ്ടുള്ള രണ്ടു വ്യക്തികളെ കുറിച്ച് നീ എന്തു വിചാരിക്കുന്നു?’ (സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലു, അസ്ഹാബുന്നബിയ്യി സ്വല്ലല്ലാഹു അലയ്ഹിവസല്ലം, ഹദീഥ് നമ്പർ 3653) ഇത് ബുഖാരിയിലുള്ള നിവേദനമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:“ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ മേന്മയിലും  സവിശേഷ ശ്രേഷ്ഠതകളിലുമുള്ള പ്രധാനമായൊരു സംഗതി എന്തെന്നാൽ ഹിജ്റത്ത് വേളയിൽ നബി(സ)തിരുമേനിയുമായുള്ള  കൂട്ടിനുവേണ്ടി അദ്ദേഹം നിജപ്പെടുത്തപ്പെട്ടു. സൃഷ്ടികുലോത്തമൻ, അതായത് നബി(സ)തിരുമേനിയുടെ പ്രയാസങ്ങളിൽ അദ്ദേഹം തിരുനബിയോടൊപ്പമുണ്ടായിരുന്നു. അദ്ദേഹം പ്രയാസങ്ങളുടെ ആരംഭകാലഘട്ടത്തിൽത്തന്നെ നബി(സ) തിരുമേനിയുടെ വിശിഷ്ട സുഹൃത്തായിരുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ പ്രേമിയുമായുള്ള അദ്ദേഹത്തിന്റെ പ്രത്യേക ബന്ധം വ്യക്തമാക്കപ്പെടേണ്ടിയിരുന്നു. മാത്രമല്ല അതിലുണ്ടായിരുന്ന ഒരു രഹസ്യം സിദ്ദീഖെഅക്ബർ സ്വഹാബാക്കളിൽ ഏറ്റവുമധികം ധീരനും മുത്തഖിയും നബി(സ)തിരുമേനിക്ക് ഏറെ പ്രിയപ്പെട്ടവനും യോദ്ധാവുമായിരുന്നു എന്ന് അല്ലാഹുവിന് നല്ലപോലെ അറിയാമായിരുന്നു. അതായത് അദ്ദേഹം സർവ്വലോക നേതാവായ നബി(സ)തിരുമേനിയുടെ സ്നേഹത്തിൽ ലീനനായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ആരംഭകാലം മുതലേ നബി(സ)തിരുമേനിയെ സാമ്പത്തികമായി സഹായിച്ചിരുന്നു. നബി(സ)തിരുമേനിയുടെ പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് അല്ലാഹു പ്രയാസഘട്ടങ്ങളിലും ദുർഘട സന്ധികളിലും അദ്ദേഹം മുഖേന തന്റെ പ്രവാചകന് സാന്ത്വനം നൽകി. സിദ്ദീഖ് എന്ന പേരിലും പ്രവാചകന്റെ സാമീപ്യത്താലും അദ്ദേഹത്തെ വിശ്വസ്തനാക്കി. അല്ലാഹു അദ്ദേഹത്തെ ഥാനിയഥ്നയ്ൻ എന്ന ബഹുമാന്യ തിരുവസ്ത്രത്താൽ അനുഗൃഹീതനാക്കി. മാത്രമല്ല തന്റെ ഏറ്റവും പ്രധാനപ്പെട്ട ദാസന്മാരിൽ ആക്കുകയും ചെയ്തു.(സിർറുൽ ഖിലാഫ മുത്തർറജിം, പേജ് 59–60, റൂഹാനീസാഇൻ, വാല്യം 8, പേജ് 338–339)

അമുസ്‌ലിം എഴുത്തുകാരും ഹദ്റത്ത് അബൂബക്റിനെ പ്രശംസിച്ചിട്ടുണ്ട്.  ഇരുപതാം നൂറ്റാണ്ടിലെ അൾജീരിയക്കാരനായ ചരിത്രകാരൻ ആന്ദ്രേ സർവേയർ (Andre Servier) ഹദ്റത്ത് അബൂബക്ർ(റ) നെ കുറിച്ച് എഴുതുന്നു: “അബൂബക്ർ ലളിത സ്വഭാവമുള്ള ആളായിരുന്നു. അപ്രതീക്ഷിതമായ ഉയർച്ച ഉണ്ടായിട്ടു പോലും അദ്ദേഹം ദരിദ്രമായ ജീവിതമാണ് നയിച്ചത്. അദ്ദേഹം വഫാത്തായപ്പോൾ ഒരു പഴകിയ വസ്ത്രവും ഒരു ഭൃത്യനും ഒരു ഒട്ടകവുമാണ് ബാക്കി വെച്ചത്. അദ്ദേഹം മദീനക്കാരുടെ ഹൃദയങ്ങളിൽ സത്യസന്ധമായ ഭരണം നടത്തുന്ന ആളായിരുന്നു. അദ്ദേഹം ആരോഗ്യദൃഢഗാത്രനായിരുന്നു എന്നതാണ് അദ്ദേഹത്തിനുണ്ടായിരുന്ന ഒരു വലിയ സവിശേഷത.” എഴുതുന്നു: മുഹമ്മദ്(സ) നേടിയെടുത്ത വിജയങ്ങൾ, ശത്രുക്കൾക്കുമേലുള്ള വിജയം ആ മേന്മകൾ ഹദ്റത്ത് അബൂബക്റിലുണ്ടായിരുന്നു. അതെന്തായിരുന്നു? അചഞ്ചലമായ വിശ്വാസവും ദൃഢഗാഢമായ ബോധ്യവും! അബൂബക്ർ ശരിയായ സ്ഥലത്ത് ശരിയായ വ്യക്തിത്വമായിരുന്നു.” തുടർന്ന് എഴുതുന്നു: “വയോധികനും പരിശുദ്ധ ജീവിതത്തിനുടമയുമായ അദ്ദേഹം  തന്റെ നിലപാടുകൾ സ്വീകരിച്ച സമയത്ത് എല്ലാ ഭാഗത്തും കലാപമായിരുന്നു. അദ്ദേഹം തന്റെ വിശ്വാസപരവും അചഞ്ചലവുമായ  നിശ്ചയത്താൽ ഹദ്റത്ത് മുഹമ്മദ്(സ)ന്റെ ജോലികൾ ആദ്യംമുതൽ പുതു തായി ആരംഭിക്കുകയായിരുന്നു.”(Islam and the Psychology of the Muslim by Andre Servier page 51)

ബ്രിട്ടീഷ് ചരിത്രകാരനായ ജെ.ജെ.സ്വാൻഡേഴ്സ് (J.J.Saunders) എഴുതുന്നു: മുസ്‌ലിമീങ്ങളിൽ ആദ്യത്തെ ഖലീഫയുടെ ഓർമ, തികച്ചും കൂറുളളവൻ, കാരുണ്യത്തിന്റേയും ദയാവായ്പിന്റേയും ആൾരൂപമായ മനുഷ്യൻ എന്ന നിലയിൽ തറച്ചിരുന്നു. അതിശക്തമായ പ്രളയത്തിനുപോലും അദ്ദേഹത്തിന്റെ അചഞ്ചലമായ സൗമ്യഭാവത്തിന് ഇളക്കം തട്ടിക്കാൻ കഴിയാത്തതായിരുന്നു.’

അദ്ദേഹത്തിന്റെ ഭരണകാലം വളരെ ചെറുതായിരുന്നുവെങ്കിലും അതിൽ ലഭ്യമായ വിജയങ്ങൾ വളരെ വമ്പിച്ചതായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിലുണ്ടായിരുന്ന അവധാനതയും സ്ഥൈര്യവും ഉറപ്പും മതനിരാസത്തിനുമേൽ ആധിപത്യം സ്ഥാപിച്ച് അറേബ്യൻ ജനതയെ വീണ്ടും ഇസ്‌ലാമിക വൃത്തത്തിനുള്ളിൽ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ ശാമിലേക്ക് പോകാനുള്ള ഉറച്ച തീരുമാനം അറേബ്യൻ ലോകത്തിന്റെ ഭരണത്തിന് അസ്തിവാരമിട്ടു.(A Hisory of Medieval Islam by J.J.Saunders page 44-45 London 2002)

വേറൊരു ഇംഗ്ലീഷ് എഴുത്തുകാരനായ എച്.ജി. വെൽസ് (H.G.Wells) എഴുതുന്നു: “യഥാർഥത്തിൽ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അടിത്തറ പാകിയത് നബി(സ)തിരുമേനിയെക്കാൾ കൂടുതൽ അബൂബക്കറായിരുന്നുവെന്നാണ് പറയപ്പെടുന്നത്. അദ്ദേഹം നബി(സ)തിരുമേനിയുടെ സുഹൃത്തും സഹായിയുമായിരുന്നു. ഇവിടെ അതിശയോക്തിപരമായാണ് പറയുന്നത്. ഏതായിരുന്നാലും എഴുതുന്നു: ചഞ്ചലത സ്വാഭാവമായിരുന്നിട്ടുകൂടി മുഹമ്മദ്(സ) തന്റെ ആരംഭകാലത്ത് ഇസ്‌ലാമിന്റെ മസ്തിഷ്കവും രൂപവുമായിരുന്നു. നഊദു ബില്ലാഹ്. എന്നാൽ, അബൂബക്റായിരുന്നു അതിന്റെ ബുദ്ധിയും തീരുമാനവും. മുഹമ്മദ് എപ്പോഴെല്ലാം ചഞ്ചലനായിട്ടുണ്ടോ അപ്പോഴെല്ലാം അബൂബക്ർ സാന്ത്വനമേകാൻ ഉണ്ടായിരുന്നു. ഏതായിരുന്നാലും ഇതെല്ലാം ഗ്രന്ഥകാരന്റെ അനാവശ്യമായ വിവരങ്ങളാണ്. അതിലൊന്നും ഒരു വിധ സത്യവുമില്ല. പക്ഷേ, മുന്നോട്ട് പോകുമ്പോൾ ഒരു സത്യസന്ധമായ കാര്യവും എഴുതുന്നുണ്ട്. എന്തെന്നാൽ മുഹമ്മദ്(സ) വഫാത്തായപ്പോൾ അബൂബക്ർ അദ്ദേഹത്തിന്റെ ഖലീഫയും പ്രതിനിധിയുമായിരുന്നു. അദ്ദേഹം പർവ്വതങ്ങളെ പോലും ഇളക്കിമറിക്കുന്ന വിശ്വാസദാർഢ്യത്തോടുകൂടി തന്റെ ലാളിത്യവും ബുദ്ധിയുംകൊണ്ട് മൂന്നോ നാലോ ആയിരം അറബികൾ ഉൾക്കൊള്ളുന്ന ചെറിയ ചെറിയ സൈന്യങ്ങളുമായി ലോകത്തെ മുഴുവനും അല്ലാഹുവിന്റെ  അനുസാരികളാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു.” (A Short History Of the World by H.G.Wells page 76)

എന്തായാലും ഞാൻ പറഞ്ഞു വന്നതുപോലെ ഗ്രന്ഥകാരൻ ഹദ്റത്ത് അബൂബക്റിന്റെ ചില മേന്മകളെ കുറിച്ചും എഴുതുന്നുണ്ട്. അതെല്ലാം അദ്ദേഹത്തിൽ ഉണ്ടായിരുന്നു താനും. പക്ഷേ, ഇവർക്ക് നബി(സ) തിരുമേനിയുടെ ഉന്നതമായ നുബുവ്വത്തിന്റെ സ്ഥാനത്തെ കുറിച്ചുള്ള യാഥാർഥ്യവും യുക്തിയും ഉൾക്കാഴ്ചയുമില്ലാതെപോയി. അതുകൊണ്ട് അവർ ഹദ്റത്ത് അബൂബക്റിനെയും ഉമറിനെയും പ്രശംസിക്കുമ്പോൾ  എത്രത്തോളം അതിശയോക്തി കാണിക്കുന്നുവെന്നാൽ അതൊന്നും ഒരിക്കലും ശരിയല്ല. ഹദ്റത്ത് ഉമർ ആണെങ്കിലും അബൂബക്ർ ആണെങ്കിലും അവർ എല്ലാവരും തങ്ങളുടെ യജമാനനും നേതാവുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യോടു കൂറുള്ളവരും പൂർണ അനുസാരികളും പ്രേമികളുമായിരുന്നു.

ഇവർ നബി(സ)തിരുമേനിയുടെ ബുദ്ധി ആയിരുന്നില്ല മറിച്ച് സേവനഭാവത്തിൽ നബി(സ)തിരുമേനിയുടെയുടെ കൈകാലുകൾപോലെ ആയിരുന്നു. അതുപോലെ തന്നെ ഇസ്‌ലാം നബി(സ)തിരുമേനിയുടെ ബുദ്ധിയുടെ പേരോ പ്രവർത്തനമോ അല്ലായിരുന്നു. ഇവിടെ എഴുതിയത് ഇസ്‌ലാം നബി(സ) തിരുമേനിയുടെ ബുദ്ധി ആയിരുന്നു എന്നാണ്. അങ്ങനെയല്ല അത് പൂർണമായും അല്ലാഹുവിന്റെ നിർദേശവും ദൈവിക വെളിപാടിന്റെ പരിമിതിയിൽവരുന്ന ഒരു പരിപൂർണ ന്യായപ്രമാണമായിരുന്നു. മതത്തിന്റെ പേര് ഇസ്‌ലാം എന്നാണ്. അതുപോലെ ഒരിക്കലും പരിഭ്രത്തിന്റേയും ചാഞ്ചല്യത്തിന്റേയും വേളയിൽ അബൂബക്ർ നബി(സ)തിരുമേനിക്ക് സാന്ത്വനം നൽകുന്നവർ ആയിരുന്നില്ല. പ്രത്യുത ജനങ്ങളിൽവെച്ച് ഏറ്റവും വലിയ യോദ്ധാവും ധീരനുമായിരുന്ന നബി(സ)തിരുമേനിയുടെ മുഴുവൻ ജീവിതത്തിലും നമുക്കൊരിക്കലും പരിഭ്രമമോ ചാഞ്ചല്യമോ കാണാൻ കഴിയുകയില്ല. എന്തെങ്കിലും പ്രയാസഘട്ടം വന്നെങ്കിൽപോലും എല്ലാ കഴിവുടയവനായ ദൈവം നബി(സ)തിരുമേനിക്ക് സാന്ത്വനമേകുന്നവനായിരുന്നു. ഗ്രന്ഥകാരൻ എഴുതുന്നത് അബൂബക്ർ നബി(സ)തിരുമേനിക്ക് സാന്ത്വനം നൽകി എന്നാണ്. എന്നാൽ, അതിന് നേർ വിപരീതമാണ് നമ്മൾ കാണുന്നത്. ഹദ്റത്ത് അബൂബക്റിന്റെ ജീവിതത്തിൽ എന്തെങ്കിലും പ്രയാസങ്ങളോ പരിഭ്രമമോ വന്നാൽ നബി(സ)തിരുമേനി അദ്ദേഹത്തിന് സാന്ത്വനം നൽകുകയാണ് ചെയ്തത്. ഉദാഹരണമായി ഹിജ്റത്ത് വേളയിൽ ഹദ്റത്ത് അബൂബക്ർ വളരെ അസ്വസ്ഥനും ഭയപ്പെടുന്നവനുമായി. തീർച്ചയായും ഈ ഭയം നബി(സ)തിരുമേനിയുടെ  സ്നേഹത്തിൽ നബി(സ)തിരുമേനിക്ക് വേണ്ടിയുള്ളതായിരുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്റിന്റെ ഈ പരിഭ്രമവേളയിൽ നബി(സ)തിരുമേനി അദ്ദേഹത്തിന് സാന്ത്വനം നൽകുകയാണ് ചെയ്തത്. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു. *ലാ തഹ്സൻ ഇന്നല്ലാഹ മഅനാ അബൂബക്റേ!* നീ പരിഭ്രമിക്കേണ്ടതില്ല അല്ലാഹു നമ്മോടൊപ്പമുണ്ട്. ഞാൻ നേരത്തെ വിവരിച്ചതുപോലെ അബൂബക്ർ സ്വയം പറയുന്നു: ‘ഈ അസ്വസ്ഥത ഉണ്ടായപ്പോൾ നബി(സ)തിരുമേനി സാമാധാനപ്പെടുത്തി. ഈ സംഭവം തിരുനബിയുടെ ഉറച്ച തവക്കുലിനും അവിടന്ന് അല്ലാഹുവിന്റെ സവിശേഷപ്രവാചകനാണെന്നുമുള്ളതിന്റെ തെളിവുമാകുന്നു. എന്നാൽ, കുരുട്ടുബുദ്ധികൾ കാര്യങ്ങൾ പറയുമ്പോൾ എന്തെങ്കിലും മോശമായ കാര്യങ്ങൾ കൂട്ടിക്കലർത്തി പറയാൻ ശ്രമിക്കുന്നു.

മറ്റൊരു ബ്രിട്ടീഷ് യാഥാസ്ഥികനായ ടി ഡബ്ള്യൂ അർണോൾഡ്(T.W.Arnold) പറയുന്നു: “അബൂബക്ർ സമ്പന്നനായൊരു കച്ചവടക്കാരനായിരുന്നു. ഉന്നതമായ സ്വഭാവത്തിനുടമയായിരുന്നു. മാത്രമല്ല തന്റെ ബുദ്ധിയും കഴിവും കാരണം സ്വാരാജ്യക്കാരായ ആളുകൾ അദ്ദേഹത്തെ ഏറെ ആഗ്രഹിച്ചിരുന്നു. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹം തന്റെ സമ്പത്ത് അടിമകളെ മോചിപ്പിക്കുന്നതിന് ചെലവഴിച്ചു. തങ്ങളുടെ യജമാനൻ ഹദ്റത്ത് മുഹമ്മദ്(സ)ന്റെ അധ്യാപനങ്ങൾ വിശ്വസിച്ചു എന്ന പേരിൽ അവിശ്വാസികൾ അദ്ദേഹത്തെ പീഢിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു.(The preaching of Islam by T.W.Arnold page 10 Archibald constable &co 1896)

സ്കോട്ട്ലാന്റിലെ ഓർയന്റലിസ്റ്റും ബ്രിട്ടീഷ് ഇന്ത്യയിലെ വടക്കുപടിഞ്ഞാറ് സംസ്ഥാനങ്ങളിലെ ലെഫ്റ്റനന്റ് ഗവർണറുമായിരുന്ന സാർ വില്യം മ്യൂർ (Sir William Muir) എഴുതുന്നു: ഹദ്റത്ത് അബൂബക്റിന്റെ ഭരണകാലം ഹ്രസ്വമായിരുന്നു വെങ്കിലും ഇസ്‌ലാം നബി(സ)തിരുമേനിക്കുശേഷം അബൂബക്റിനോട് ഏറെ കടപ്പെട്ടിരിക്കുന്നു. അതായത് മുഹമ്മദ്(സ)നു ശേഷം അബൂബക്റിനെക്കാൾ അധികം ഇസ്‌ലാമികസേവനം മറ്റാരും ചെയ്തിട്ടില്ല.’ (The Caliphate its rise, decline and fall by Sir William Muir.page 86 The religious tract society 1892)

ഹദ്റത്ത് അബൂബക്റിന്റെ സ്വഭാവവൈശിഷ്യത്തെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)  വിവരിക്കുന്നു: “വലിയ വലിയ സമർഥരായ രാജാക്കന്മാർ അബൂബക്റിൻന്റേയും ഉമറിന്റേയും മാത്രമല്ല അബൂഹുറയ്റയുടെയും പേരുകൾ കേൾക്കുമ്പോൾ റളിയല്ലാഹു അൻഹു എന്ന് പറയുന്നു. തങ്ങൾക്കും അവരെ സേവിക്കാൻ അവസരം ലഭിച്ചിരുന്നുവെങ്കിലെന്നാണ് അവർ ആഗ്രഹിച്ചിരുന്നത്. എന്നിരിക്കെ അബൂബക്റും ഉമറും അബൂഹുറയ്റയും(റ) ലളിതമായ ജീവിതം നയിച്ചുകൊണ്ട് നഷ്ടമാണ് കര

സ്ഥമാക്കിയതെന്ന് ആർക്ക് പറയാൻ കഴിയും. തീർച്ചയായും അവർ ഭൗതികമായി തങ്ങൾക്കുമേൽ ഒരു മരണം വരിച്ചു. എന്നാൽ, ആ മരണം അവരുടെ ജീവിതമാണെന്ന് സ്ഥാപിതമായി. ഇനി ആർക്കും തന്നെ അവരെ ഇല്ലാതാക്കാൻ കഴിയില്ല. അവർ ഖിയാമത്തുന്നാൾവരെയും ജീവിച്ചിരിക്കുന്നതാണ്. (ശുക്റിയ ഔർ ഇഅ്ലാനെ ഉരൂരി, അൻവാറുൽ ഉലം വാല്യം2, പേജ് 74)

വീണ്ടും പറയുന്നു: "അല്ലാഹു അബൂബക്റിനെ, അബൂബക്റാക്കിയത് യാദൃച്ഛികമായി നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ ജനിച്ചത് കൊണ്ടായിരുന്നില്ല. ഉമറിന് അല്ലാഹു ഉമറിന്റെ സ്ഥാനം നൽകിയത് യാദൃച്ഛികമായി നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ജനിച്ചത് കൊണ്ടല്ല. ഉഥ്മാനും അലിക്കും കിട്ടിയിരുന്ന സ്ഥാനങ്ങൾ കേവലം നബി(സ)തിരുമേനിയുടെ ജാമാതാക്കൾ എന്ന പദവി കിട്ടിയത് കൊണ്ടായിരുന്നില്ല. ത്വൽഹക്കും സുബയ്റിനും തിരുനബിയുടെ കുടുംബത്തിലോ സമുദായത്തിലോ ആയതുകൊണ്ടോ ആ കാലഘട്ടത്തിൽ ജനിച്ചതുകൊണ്ടോ അല്ല അന്തസ്സും ആഭിജാത്യവും കൈവരിച്ചത്. മറിച്ച് ഇവർ എല്ലാവരും തങ്ങളുടെ ത്യാഗങ്ങൾ ഉന്നതമായ തലങ്ങളിലേക്ക് എത്തിച്ചവരായിരുന്നു. അതിനെക്കാൾ അധികം മനുഷ്യബുദ്ധിയിൽ സങ്കൽപ്പിക്കാൻ സാധ്യമല്ല." (ഖുത്ബാത്തെ മഹ്മൂദ് വാല്യം26, പേജ് 384-385)

ഈ ത്യാഗങ്ങളാണ് മനുഷ്യന് സ്ഥാനമാനങ്ങൾ നൽകുന്നു.

വീണ്ടും ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ)നു നമ്മുടെ ഹൃദയങ്ങളിൽ എത്രമാത്രം സ്ഥാനമുണ്ട്. എന്നാൽ, ഈ അന്തസ്സ് അദ്ദേഹത്തിന്റെ മക്കൾ കാരണമാണെന്ന് പറയാൻ കഴിയുമോ? നമ്മളിലധികം പേർക്കും ഹദ്റത്ത് അബൂബക്റിന്റെ തലമുറ എവിടംവരെ ഉണ്ടായിരുന്നുവെന്ന് അറിയുകയില്ല. അദ്ദേഹത്തിന്റെ തലമുറയുടെ ചരിത്രംപോലും സംരക്ഷിക്കപ്പെട്ടിട്ടില്ല. ഇന്ന് പലരും തങ്ങളെ ഹദ്റത്ത് അബൂബക്കറിന്റെ മക്കളാണെന്ന് വിളംബരം ചെയ്യുന്നവരുണ്ട്. അവർ തങ്ങളെ സിദ്ദീഖി എന്ന് പറയുന്നു. എന്നാൽ, അവരോട് സത്യം ചെയ്തുകൊണ്ട് നിങ്ങൾ സിദ്ദീഖി ആണോ എന്ന് ചോദിച്ചാൽ, നിങ്ങളുടെ തലമുറ ഹദ്റത്ത് അബൂബക്ർവരെ എത്തുന്നുണ്ടോ എന്ന് ചോദിച്ചാൽ അവർ ഒരിക്കലും സത്യം ചെയ്യാൻ തയ്യാറാവുകയില്ല. ഇനി സത്യം ചെയ്താൽത്തന്നെ നമ്മൾ പറയും ഇവർ കള്ളമാണ് പറയുന്നതെന്ന്! വിശ്വാസികളുമല്ലെന്ന്! അതിനുള്ള കാരണമെന്തെന്നാൽ ഹദ്റത്ത് അബൂബക്കറിന്റെ കുടുംബത്തെ കുറിച്ചുള്ള ചരിത്രം സംരക്ഷിക്കപ്പെട്ടിട്ടില്ല എന്നതാണ്. കാര്യങ്ങൾ ഇങ്ങനെയിരിക്കെ തങ്ങളെ ഹദ്റത്ത് അബൂബക്റിലേക്ക് എങ്ങനെ ചേർത്തുപറയും? നമ്മൾ ഹദ്റത്ത് അബൂബക്റിനെ ആദരിക്കുന്നത് അദ്ദേഹത്തിന്റെ തലമുറയുടെ പ്രവർത്തങ്ങൾ മഹത്തരമായതു കൊണ്ടല്ല. നമ്മൾ ഹദ്റത്ത് ഉമറിനെ ആദരിക്കുന്നത് അദ്ദേഹത്തിന്റെ തലമുയുടെ പ്രവർത്തങ്ങൾ മഹത്തരമായതു കൊണ്ടല്ല. നമ്മൾ ഹദ്റത്ത് ഉഥ്മാനെ ആദരിക്കുന്നത് അദ്ദേഹത്തിന്റെ തലമുറ വലിയ കാര്യങ്ങൾ ചെയ്തു എന്നത് കൊണ്ടല്ല. നമ്മൾ ഹദ്റത്ത് അലിയെ ഓർക്കുന്നത് അദ്ദേഹത്തിന്റെ വംശാവലിയിൽ പ്രത്യേക മേന്മ ഉള്ളതുകൊണ്ടല്ല. ഹദ്റത്ത് അലിയുടെ വംശാവലി ഇപ്പോഴും തുടരുന്നു. അദ്ദേഹത്തിന്റെ തലമുറ ഇപ്പോഴും നിലനിൽക്കുന്നു എന്ന പേരിലല്ല നമ്മൾ അദ്ദേഹത്തെ ആദരിക്കുന്നത്. ബാക്കി സ്വഹാബാക്കളെയും ആരുംതന്നെ അവരുടെ തലമുറകളുടെ പേരിലല്ല ഓർക്കുന്നത്. മറിച്ച് യാഥാർഥ്യമെന്തെന്നാൽ നമ്മൾ അവരുടെ സ്വന്തം ത്യാഗങ്ങൾ കാരണമാണ് ഓർക്കുകയും അവരെ ആദരിക്കുകയും ചെയ്യുന്നത്.(ഖുത്ബാത്തെ മഹ്മൂദ് വാല്യം27, പേജ് 657)

വീണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "ഹദ്റത്ത് അബൂബക്റിനെ നോക്കുക. അദ്ദേഹം മക്കയിലെ ഒരു സാധാരണ കച്ചവടക്കാരനായിരുന്നു. നബി(സ)തിരുമേനി നിയോഗിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ മക്കയുടെ ചരിത്രം എഴുതുമ്പോൾ ചരിത്രകാരൻ അബൂബക്ർ അറേബ്യയിൽ വളരെ മാന്യനും വിശ്വസ്തനുമായ ഒരു കച്ചവടക്കാരനായിരുന്നുവെന്ന് മാത്രം എഴുതുമായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയെ പിൻപറ്റിയതോടുകൂടി അബൂബക്റിന് ലഭ്യമായ സ്ഥാനമെന്തെന്നാൽ ഇന്ന് മുഴുവൻ ലോകവും ആദരവോടും ബഹുമാനത്തോടുംകൂടി അദ്ദേഹത്തിന്റെ പേര് പറയുന്നു.

നബി(സ)തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് അബൂബക്റിനെ മുസ്‌ലിമീങ്ങൾ തങ്ങളുടെ ഖലീഫയും രാജാവുമാക്കി. ഇതേ കുറിച്ചും അറേബ്യയിൽ അറിയപ്പെട്ടു. അവിടെ ഒരു സംഘത്തിൽ കുറെ ആളുകൾ ഇരിക്കുന്നുണ്ടായിരുന്നു. അതിൽ അബൂബക്റിന്റെ പിതാവ് അബൂ ഖുഹാഫയും സന്നിഹിതനായിരുന്നു. ജനങ്ങൾ അബൂബക്റിന്റെ കൈയിൽ ബയ്അത്ത് ചെയ്തെന്ന് അദ്ദേഹം കേട്ടപ്പോൾ അക്കാര്യം അംഗീകരിക്കാൻ അദ്ദേഹത്തിന് കഴിയുന്നുണ്ടായിരുന്നില്ല. ഈ വാർത്ത കേൾപ്പിച്ച ആളോട് അദ്ദേഹം ചോദിച്ചു: 'നിങ്ങൾ ഏത് അബൂബക്റിനെ കുറിച്ചാണ് പറയുന്നത്?' ആഗതൻ പറഞ്ഞു; 'നിങ്ങളുടെ മകൻ അബൂബക്ർ തന്നെ!' അദ്ദേഹത്തിന്റെ പിതാവ് അബൂഖുഹാഫ അറേബ്യയിലെ ഗോത്രങ്ങളുടെ പേരുകൾ എടുത്തുകൊണ്ട് ചോദിക്കാൻ തുടങ്ങി, ഇവരും അബൂബക്റിന് ബയ്അത്ത് ചെയ്തിട്ടുണ്ടോ? പിന്നെ അദ്ദേഹം അറേബ്യയിലെ വലിയ വലിയ ഗോത്രങ്ങളുടെ പേരെടുത്തുകൊണ്ട് ചോദിച്ചു അവരെല്ലാവരും ബയ്അത്ത് ചെയ്തിട്ടുണ്ടോ? ആഗതൻ പറഞ്ഞു: 'എല്ലാവരും ഐകകണ്ഠ്യേന അബൂബക്റിനെ ഖലീഫയും രാജാവുമാക്കിയിരിക്കുന്നു.' അപ്പോൾ അബൂ ഖുഹാഫ അനിയന്ത്രിതമായി ഇപ്രകാരം പറഞ്ഞു: *'അശ്ഹദു അല്ലാ ഇലാഹാ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക്കലഹൂ വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വ റസൂലുഹൂ* അതായത് അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനില്ലെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അവന്റെ സത്യപ്രവാചകനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. പറയുന്നു: വാസ്തവത്തിൽ അദ്ദേഹം വളരെ കാലമായി മുസ്‌ലിമായിരുന്നു. അബൂ ഖുഹാഫ മക്കാവിജയത്തിനു ശേഷമോ അതിന് മുമ്പോ മുസ്‌ലിമായിട്ടുണ്ടായിരിന്നു. അദ്ദേഹം കലിമ ചൊല്ലി. വീണ്ടും മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ നുബുവ്വത്ത് അംഗീകരിച്ചു. ഹദ്റത്ത് അബൂബക്ർ ഖലീഫയായപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ തുറന്നു. അദ്ദേഹം പറയുന്നു, 'ഇത് ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള ഒരു തെളിവാണെന്നും അല്ലാതെ എല്ലാ അറബികളും അദ്ദേഹത്തിന്റെ കൈയിൽ ഒരുമിച്ച് കൂടാൻ മാത്രം തന്റെ മകന് എന്ത് വിലയാണുള്ളത്?"(തഫ്സീറെ കബീർ വാല്യം 6,പേജ് 205-206)

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: "ഹദ്റത്ത് അബൂബക്ർ(റ)നെ നോക്കൂ. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ ജനങ്ങൾ ഇപ്രകാരം പറയാൻ തുടങ്ങി, മക്കയിലെ ഒരു ലീഡർ ഉണ്ടായിരുന്നു. അദ്ദേഹം ഇപ്പോൾ അപമാനിതനായിരിക്കുന്നു. എന്നാൽ, ഇസ്‌ലാമിനു മുമ്പേ ഇരുന്നൂറോ മുന്നൂറോ ആളുകൾ അദ്ദേഹത്തിന്റെ പേര് ആദരവോടെ ഉച്ചരിക്കുമായിരിക്കുമെന്നല്ലാതെ എന്ത് ആദരവാണ് അദ്ദേഹത്തിന് ലഭിക്കാൻ സാധ്യത? എന്നാൽ, ഇസ്‌ലാമിന്റെ ബർക്കത്തുകൊണ്ട് അല്ലാഹു അദ്ദേഹത്തെ ഖിലാഫത്തിന്റേയും രാജാധികാരത്തിന്റേയും ബർക്കത്തുകൊണ്ട് അനുഗ്രഹിച്ചു. അദ്ദേഹത്തെ ശാശ്വതമായ അനുഗ്രഹത്തിന്റേയും നിലനിന്നു പോകുന്ന പ്രസിദ്ധിയുടെയും ഉടമസ്ഥനാക്കി. .......ഒരു ഗോത്രത്തിന്റെ നേതൃത്വമെവിടെ! ഇറാനോടും റോമിനോടും പോരാടുകയും അവരെ നിന്ദ്യരാക്കികാണിക്കുകയും ചെയ്ത സർവ മുസ്‌ലിമീങ്ങളുടെയും ഖലീഫയും അറേബ്യൻ രാജ്യത്തിന്റെ രാജാവാകുക എന്നതുമെവിടെ!" (തഫ്സീറെ കബീർ, വാല്യം 2, പേജ് 87)

വീണ്ടും വേറൊരു സ്ഥലത്ത് അദ്ദേഹം പറയുന്നു: 'നോക്കുക! രാജാധികാരം നബി(സ)തിരുമേനിയുടെ കാൽച്ചുവട്ടിൽ മാത്രമല്ല അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ കാൽച്ചുവട്ടിലും വന്നു വീണു. നബി(സ)തിരുമേനിക്ക് രാജാധികാരം ലഭിക്കുന്നതിന് മുമ്പേയോ ലഭിച്ചതിനു ശേഷമോ രാജാവായി വാഴുമ്പോഴോ അദ്ദേഹം അതിന് ആഗ്രഹിച്ചിരുന്നില്ല. ഹദ്റത്ത് അബൂബക്റും(റ) രാജാധികാരം ആഗ്രഹിച്ചിരുന്നില്ല. ഹദ്റത്ത് ഉമറും രാജാധികാരം ആഗ്രഹിച്ചിരുന്നില്ല. ഹദ്റത്ത് ഉഥ്മാനും(റ) രാജാധികാരം ആഗ്രഹിച്ചിരുന്നില്ല. ഹദ്റത്ത് അലിയും(റ) രാജാധികാരം ആഗ്രഹിച്ചിരുന്നില്ല. എന്നു മാത്രമല്ല ഇവരിൽ രാജാധികാരത്തിന്റെ ലക്ഷണങ്ങളും കാണാൻ സാധിച്ചിരുന്നില്ല. എന്നാൽ, ഇവരെല്ലാം ചരിത്രത്തിൽ പകരം വെക്കാനില്ലാത്ത മഹാന്മാരായ രാജാക്കന്മാരായിരുന്നു. അവരുടെ ലാളിത്യവും അവരുടെ കൂടിക്കാഴ്ചകളും അവരുടെ അതിഥി സൽക്കാരവും എത്രത്തോളമായിരുന്നുവെന്നാൽ പ്രത്യക്ഷത്തിൽ അവർ രാജാക്കന്മാരാണെന്ന് മനസ്സിലാകുമായിരുന്നില്ല. ഇവരിൽ ഒരാൾ പോലും എന്റെ ഭരണമാണ് ഞാൻ രാജാവാണ് എന്ന് പറഞ്ഞിട്ടില്ല. അവരിലാരും തന്നെ തന്റെ ഭരണമാണ്, താൻ രാജാവാണ് എന്നു പറഞ്ഞിട്ടില്ല. അവരിലാരുംതന്നെ തങ്ങളുടെ രാജാധികാരം പ്രകടിപ്പിക്കാൻ താൽപര്യപ്പെട്ടില്ലെന്നു മാത്രമല്ല അവർ ഒരിക്കലും അത് ആഗ്രഹിച്ചിരുന്നതുമില്ല. യാഥാർഥ്യമെന്തെന്നാൽ ആരാണോ അല്ലാഹുവിന്റേതായി മാറുന്നത് അവരുടെ കാൽച്ചുവട്ടിൽ ഈ ലോകം വന്നു വീഴുന്നതാണ്. രാജാധികാരത്തിൽനിന്ന് തങ്ങൾക്ക് സഹായം ലഭിക്കുമെന്ന് ജനങ്ങൾ കരുതുന്നു. എന്നാൽ, ആരാണോ അല്ലാഹുവിന്റേതായി മാറുന്നത് അവന്റെ അടിമത്വത്തിൽനിന്ന് തങ്ങൾക്ക് ആദരവ് ലഭിക്കുമെന്ന് രാജാക്കന്മാർ മനസ്സിലാക്കുന്നു."(അല്ലാഹുതആലാ സെ സച്ചാ ഔർ ഹഖീഖി തഅല്ലുഖ് ഖാഇം കർനെ മെ ഹി ഹമാരീ കാമിയാബി ഹെ, അൻവാറുൽഉലൂം വാല്യം 21, പേജ് 99)

അദ്ദേഹം ഒരു സ്ഥലത്ത് പറയുന്നു: 'നോക്കൂ! അബൂബക്ർ രാജാവായി. എന്നാൽ, അദ്ദേഹത്തിന്റെ പിതാവ് കരുതിയിരുന്നത് അബൂബക്ർ രാജാവാകുക എന്നത് അസംഭാവ്യമാണെന്നായിരുന്നു. എന്നാൽ, അദ്ദേഹത്തിന് രാജാധികാരം അല്ലാഹുവിന്റെ ഭാഗത്തുനിന്നാണ് ലഭിച്ചത്. ഇതിനെതിരിൽ തയ്മൂറും ഒരു വലിയ രാജാവായിരുന്നു. എന്നാൽ, അയാൾ തന്റെ ഭൗതികമായ തന്ത്രങ്ങളാലാണ് രാജാവായത്. നെപ്പോളിയനും ഒരു വലിയ രാജാവായിരുന്നു. അയാൾ തന്റെ കഠിനാധ്വാനത്താലും ഭൗതിക തന്ത്രങ്ങളാലും രാജാവായതായിരുന്നു. നാദിർശായും വലിയ രാജാവായിരുന്നു. എന്നാൽ, അയാൾക്കും സ്വന്തം അധ്വാനത്താലും തന്ത്രങ്ങളാലുമാണ് രാജാധികാരം ലഭിച്ചത്. ഏതായാലും രാജാധികാരം എല്ലാവർക്കും ലഭിച്ചു. പക്ഷേ, നാം പറയുന്നതെന്തെന്നാൽ തയ്മൂറിന് രാജാധികാരം ജനങ്ങൾ മുഖേനയാണ് ലഭിച്ചത്. എന്നാൽ, അബൂബക്റിന് രാജാധികാരം അല്ലാഹുവിൽ നിന്നാണ് ലഭിച്ചത്. നെപ്പോളിയന് രാജാധികാരം ഭൗതിക തന്ത്രങ്ങളാലാണ് ലഭിച്ചതെങ്കിൽ ഹദ്റത്ത് ഉമറിന് രാജാധികാരം അല്ലാഹുവിൽനിന്നാണ് ലഭിച്ചതെന്ന് നാം പറയും. ചങ്കീസ്ഖാന് രാജാധികാരം ഭൗതികമായ മാർഗങ്ങളിലൂടെയാണ് ലഭിച്ചതെങ്കിൽ നാം പറയുന്നു ഹദ്റത്ത് ഉഥ്മാന് അല്ലാഹുവാണ് രാജാധികാരം നൽകിയത്. നാദിർശാഹ് ഭൗതികമയ തന്ത്രങ്ങളാലാണ് രാജാവായത്. എന്നാൽ, ഹദ്റത്ത് അലിക്ക് അല്ലാഹുവാണ് രാജാധികാരം നല്കിയത്.

അതുകൊണ്ട് രാജാധികാരം എല്ലാവർക്കും ലഭിച്ചു. ഭൗതിക രാജാക്കന്മാർക്കും പ്രൗഢിയും പ്രതാപവുമുണ്ടായിരുന്നു. അവരുടെയും നിയമങ്ങളുണ്ടായിരുന്നു ഖലീഫമാരുടെയും നിയമങ്ങളുണ്ടായിരുന്നു. ഭൗതിക രാജാക്കന്മാരുടെ നിയമങ്ങൾ അബൂബക്ർ, ഉമർ, ഉഥ്മാൻ, അലി എന്നിവരെക്കാൾ കൂടുതൽ ജനങ്ങളിലേക്കെത്തിയിരുന്നു. എന്നാൽ, ഈ നാലു പേർ അല്ലാഹുവിനാൽ രാജാവാക്കപ്പെട്ട വ്യക്തികളായിരുന്നു. എന്നാൽ, അവരാകട്ടെ ജനങ്ങളാൽ നിയമിക്കപ്പെട്ട ഭൗതികലക്ഷ്യങ്ങളുള്ള രാജാക്കന്മാരായിരുന്നു. ഏതെങ്കിലും പ്രധാനപ്പെട്ട കാര്യം ചെയ്യുന്നതിനു മുമ്പേ ബിസ്മില്ലാഹ് എന്ന് ചൊല്ലാത്തവന് അതിന്റെ ബർക്കത്ത് ലഭിക്കുകയില്ലെന്ന് നബി(സ) തിരുമേനി പറയുന്നു. എന്നാൽ, അവർക്ക് തങ്ങളുടെ ലക്ഷ്യം നേടാൻ കഴിയില്ലെന്ന് ഇതിനർഥമില്ല. ഇതിനർഥമെന്തെന്നാൽ അവർക്ക് ലഭിക്കുന്ന ലക്ഷ്യം അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ളതല്ലെന്നാണ്. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്ന

രാജാധികാരം ഹദ്റത്ത് അബൂബക്ര്‍, ഉമര്‍, ഉഥ്മാന്‍ അലി എന്നിവര്‍ക്ക് ലഭിച്ചു. അവരെ കൂടാതെ മറ്റാര്‍ക്കും ലഭിച്ചില്ല. മറ്റുള്ളവര്‍ക്ക് ലഭിച്ച രാജാധികാരം ശയ്ത്വാനിന്റെ ഭാഗത്ത് നിന്നോ അല്ലെങ്കില്‍ ജനങ്ങളുടെ ഭാഗത്ത് നിന്നോ ലഭിച്ചതാണ്. ലെനിന്‍, സ്റ്റാലിന്‍, മാലിന്‍കോഫ് എന്നിവര്‍ ബിസ്മില്ലാഹ് ചൊല്ലിയില്ലെങ്കിലും അവര്‍ക്ക് രാജാധികാരം ലഭിച്ചു. റൂസ്‌വെല്‍റ്റും ട്രൂമെനും ഐസന്‍ ഹാവറും ബിസ്മില്ലാഹ് ചൊല്ലിയില്ല. പക്ഷേ, അവര്‍ക്കും രാജാധികാരം ലഭിച്ചു. അവര്‍ക്ക് ബിസ്മില്ലാഹ് എന്താണെന്നുപോലും അറിയില്ല. അവരുടെ ഹൃദയങ്ങളില്‍ ബിസ്മില്ലാക്ക് ഒരു വിലയുമില്ലതന്നെ. ബിസ്മില്ലാഹ് എന്ന് ഉച്ചരിക്കാതിരുന്നാല്‍ ബര്‍ക്കത്ത് ഉണ്ടാകില്ലെന്ന് നബി(സ)തിരുമേനി പറഞ്ഞതിന്റെ അര്‍ഥം അവര്‍ക്ക് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒന്നും ലഭിക്കില്ലെന്നാണ്. എല്ലാ പ്രധാനപ്പെട്ട കാര്യങ്ങള്‍ക്കും മുമ്പേ ബിസ്മില്ലാഹ് എന്ന് ഉച്ചരിക്കുന്നവര്‍ക്ക് മാത്രമേ അല്ലാഹുവില്‍ നിന്ന് ബര്‍ക്കത്ത് ലഭിക്കുകയുള്ളൂ. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്ന വസ്തുവിനാണോ അതോ ജനങ്ങളുടെ ഭാഗത്തുനിന്ന് ലഭിക്കുന്നതിലാണോ കൂടുതല്‍ ബര്‍ക്കത്ത് എന്ന് ഓരോരുത്തര്‍ക്കും മനസ്സിലാക്കാവുന്ന കാര്യമാണ്. ജനങ്ങളുടെ ഭാഗത്തുനിന്ന് ലഭിക്കുന്ന രാജാധികാരം അവസാനിച്ചേക്കാം. എന്നാല്‍, അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്ന രാജാധികാരം അവസാനിക്കുന്നതല്ല.”

അഹോ കഷ്ടം! ഈ തത്ത്വം മുസ്‌ലിംമീങ്ങളും മനസ്സിലാക്കിയിരുന്നെങ്കില്‍ എത്ര നന്നായേനെ. പ്രത്യക്ഷത്തില്‍ അവര്‍ ബിസ്മില്ലാഹ് ചൊല്ലുന്നുണ്ടെങ്കിലും ഹൃദയം കൊണ്ടല്ല മറിച്ച് നാവുകൊണ്ട് മാത്രം ചൊല്ലുന്നതുപോലെയാണ് തോന്നുന്നത്.

വീണ്ടും എഴുതുന്നു: യസീദും ഒരു രാജാവായിരുന്നു. അയാള്‍ക്ക് എത്രത്തോളം അഹങ്കാരമു ണ്ടായിരുന്നു. തന്റെ ശക്തിയെ കുറിച്ച് വീരവാദങ്ങളും അയാള്‍ മുഴക്കിയിരുന്നു. അയാള്‍ നബി(സ)തിരുമേനിയുടെ കുടുംബത്തെ നശിപ്പിച്ചു. തന്നെ പ്രത്യക്ഷത്തില്‍ മുസ്‌ലിമെന്നാണ് പറഞ്ഞിരുന്നത്. അയാള്‍ നബി(സ)തിരുമേനിയുടെ സന്തതികളെ കൊല ചെയ്തു. എന്നാല്‍, അയാള്‍ക്ക് ലജ്ജ തോന്നിയില്ല. അഹങ്കാരത്തോടെ കഴിയുമായിരുന്നു. തന്റെ മുന്നില്‍ ആര്‍ക്കും സംസാരിക്കാനുള്ള ധൈര്യമില്ലെന്ന് അയാള്‍ കരുതിയിരുന്നു. ഹദ്റത്ത് അബൂബക്റും രാജാവായിരുന്നു. എന്നാല്‍, അദ്ദേഹത്തില്‍ നമ്രതയും വിനയവുമുണ്ടായിരുന്നു. തന്നെ അല്ലാഹു ജനങ്ങളുടെ സേവനത്തിനാണ് നിയമിച്ചത്. അതിനുവേണ്ടി എത്ര സമയം ലഭിക്കുമോ അത് അവന്റെ കാരുണ്യമായിരിക്കുമെന്ന് അദ്ദേഹം പറയുമായിരുന്നു. എന്നാല്‍, തനിക്ക് തന്റെ പിതാവില്‍ നിന്നാണ് രാജാധികാരം ലഭിച്ചതെന്നും താന്‍ തനിക്കിഷ്ടമുള്ളവരെ വധിക്കുകയും ഇഷ്ടമുള്ളവരെ ജീവനോടെ വിടുകയും ചെയ്യുമെന്നാണ് യസീദ് പറഞ്ഞിരുന്നത്. പ്രത്യക്ഷത്തില്‍ യസീദിന്റെ ഭരണമണ്ഡലം അബൂബക്റിനെക്കാള്‍ വലുതായിരുന്നു. തനിക്ക് രാജാവാകാന്‍ കുടുംബപരമായി അവകാശമുണ്ടെന്ന് അയാള്‍ പറയുമായിരുന്നു. തന്റെ മുമ്പില്‍ സംസാരിക്കാന്‍ ആര്‍ക്കാണ് ശക്തിയുള്ളത്? എന്നാല്‍, ഹദ്റത്ത് അബൂബക്ര്‍ പറഞ്ഞിരുന്നത് ഇപ്രകാരമായിരുന്നു ‘രാജാവായിത്തീരാന്‍ എനിക്ക് എന്ത് കഴിവാണുള്ളത്?’ അല്ലാഹുവാണ് എനിക്ക് എല്ലാം തന്നരുളിയത്. സ്വന്തം ശക്തികൊണ്ട് എനിക്ക് രാജാവാകാന്‍ കഴിയില്ല. എല്ലാവരുടെയും സേവകനാണ് ഞാന്‍. ഞാന്‍ ദരിദ്രരുടെയും ധനികരുടെയും സേവകനാണ്. എന്നില്‍നിന്ന് വല്ല തെറ്റും സംഭവിച്ചാല്‍ ഇപ്പോള്‍ത്തന്നെ എന്നോട് പ്രതികാരം ചെയ്തുകൊള്ളുക. ഖിയാമത്തുന്നാളില്‍ നിങ്ങളെന്നെ അപമാനിക്കരുത്. ഹദ്റത്ത് അബൂബക്റിനെ സംബന്ധിച്ച് ഇത് കേള്‍ക്കുന്ന ഒരാള്‍ പറയുമായിരിക്കും ഇതെന്താണ്? ഇയാള്‍ക്ക് ഒരു താലൂക്ക് ഓഫീസറുടെ സ്ഥാനം പോലുമില്ലല്ലോ? എന്നാല്‍, യസീദ് പറയുന്നത് കേള്‍ക്കുമ്പോള്‍ അയാള്‍ പറയുക ഇത് കിസ്റായും ഖയ്സറും പറയുന്ന കാര്യങ്ങള്‍പോലെ ആണല്ലോ എന്നായിരിക്കും. രാജാക്കന്മാരെ പോലെയാണ് യസീദ് സംസാരിക്കുന്നത്. എന്നാല്‍, ഹദ്റത്ത് അബൂബക്ര്‍(റ) വഫാത്തായപ്പോള്‍ അദ്ദേഹത്തിന്റെ പുത്രനും പൗത്രന്മാരും പ്രപൗത്രന്മാരും അവരുടെ മക്കളും അവര്‍ക്കുശേഷം വന്ന മക്കളും പേരമക്കളും എല്ലാം അടങ്ങുന്നവരും ഹദ്റത്ത് അബൂബക്റുമായി തങ്ങളെ ബന്ധിപ്പിക്കുന്നതില്‍ അഭിമാനിക്കുകയായിരുന്നു എന്നതില്‍ ഒരു സംശയവുമില്ല. അവരുടെ കാര്യം അവിടെ നില്‍ക്കട്ടെ. ഹദ്റത്ത് അബൂബക്റുമായി തങ്ങളെ ബന്ധപ്പെടുത്താത്തവരും അദ്ദേഹവുമായി കുടുംബബന്ധമില്ലാത്തവരും അദ്ദേഹത്തിന്റെ കുടുംബത്തെ കണ്ടിട്ടു പോലുമില്ലാത്തവര്‍പോലും അദ്ദേഹത്തിന്റെ സംഭവങ്ങള്‍ വായിക്കുമ്പോള്‍ ഇന്നും കണ്ണീര്‍ വാര്‍ക്കുന്നു. അവരുടെ സ്നേഹം ഉല്‍ക്കടമായ തീരുന്നു. ആരെങ്കിലും അദ്ദേഹത്തെ മോശം പറഞ്ഞാല്‍ അവരുടെ രക്തം തിളയ്ക്കുന്നു. ചുരുക്കത്തില്‍ സന്താനങ്ങള്‍ മാത്രമല്ല അന്യരും അദ്ദേഹത്തിനുവേണ്ടി ജീവാര്‍പ്പണം ചെയ്യാന്‍ തയാറാകും. കലിമ ചൊല്ലുന്ന ഏതൊരാളും അദ്ദേഹത്തിന്റെ നാമം കേള്‍ക്കുമ്പോള്‍ റളിയല്ലാഹു അന്‍ഹു എന്ന് പറയും. അതെ സമയം താന്‍ രാജാവിന്റെ മകനാണ് എന്ന് അഭിമാനത്തോടുകൂടി പറഞ്ഞു നടന്നിരുന്ന യസീദ് മരിച്ചപ്പോള്‍ ജനങ്ങള്‍ അയാളുടെ മകനെ ആ സ്ഥാനത്ത് രാജാവാക്കി. ജുമുഅ ദിവസം മിമ്പറില്‍ കയറി അയാളുടെ മകന്‍ പറഞ്ഞു: ‘അല്ലയോ ജനങ്ങളേ! എന്റെ പിതാമഹന്‍ രാജാവായിരുന്ന സമയത്തും രാജാധികാരത്തിന് അദ്ദേഹത്തേക്കാള്‍ അര്‍ഹരായ ആളുകളുണ്ടായിരുന്നു. എന്റെ പിതാവ് രാജാവായിരുന്നപ്പോഴും അദ്ദേഹത്തേക്കാള്‍ യോഗ്യരായ ആളുകളുണ്ടായിരുന്നു. ഇപ്പോള്‍ എന്നെ രാജാവാക്കിയിരിക്കുകയാണ്. എന്നേക്കാള്‍ യോഗ്യരായ ആളുകള്‍ ഇവിടെയുണ്ട്. ജനങ്ങളേ! ഈ ഭാരം എനിക്ക് വഹിക്കാന്‍ കഴിയുകയില്ല. എന്റെ പിതാവും പിതാമഹനും ഇതിന് അര്‍ഹരായിരുന്ന ആളുകളുടെ അവകാശം ധ്വസിച്ചു. എന്നാല്‍, അവരുടെ അവകാശം ധ്വംസിക്കാന്‍ ഞാന്‍ ഒരുക്കമല്ല. നിങ്ങളുടെ ഖിലാഫത്ത് ഇതാ! ഇഷ്ടമുള്ളവര്‍ക്ക് കൊടുത്തുകൊള്ളുക. ഞാന്‍ ഇതിന് അര്‍ഹനല്ല. എന്റെ പിതാവും പിതാമഹനും ഇതിന് അര്‍ഹരായിരുന്നുവെന്ന് ഞാന്‍ മനസ്സിലാക്കുന്നുമില്ല. ഇവര്‍ അക്രമപരമായിട്ടാണ് ഭരണം പിടിച്ചെടുത്തത്. ഇപ്പോള്‍ ഇതിന് അവകാശപ്പെട്ടവര്‍ക്ക് അവരുടെ അവകാശം തിരിച്ച് നല്കാനാണ് ഞാനാഗ്രഹിക്കുന്നത്. ഇതും പറഞ്ഞ് അദ്ദേഹം വീട്ടിലേക്കു പോയി. അദ്ദേഹത്തിന്റെ മാതാവ് ഈ സംഭവം കേട്ടപ്പോള്‍ പറഞ്ഞു: ‘ഭാഗ്യം കെട്ടവനേ! നീ നിന്റെ പിതാവിനെയും പിതാമഹനെയും അപമാനിച്ചിരിക്കുന്നു.’ അദ്ദേഹം മറുപടി പറഞ്ഞു: ‘മാതാവേ! അല്ലാഹു നിങ്ങള്‍ക്ക് യുക്തിബോധം തന്നിട്ടുണ്ടായിരുന്നുവെങ്കില്‍ ഞാന്‍ പിതാവിനെയും പിതാമഹനെയും അപമാനിച്ചു എന്നു നിങ്ങള്‍ ചിന്തിക്കുമായിരുന്നില്ല. മറിച്ച് ഞാന്‍ അവരുടെ അഭിമാനം കാത്തു സൂക്ഷിച്ചുവെന്ന് നിങ്ങള്‍ മനസ്സിലാക്കിയേനെ.’ തുടര്‍ന്ന് അദ്ദേഹം തന്റെ വീട്ടില്‍ ഏകാന്തജീവിതം നയിച്ചു. മരണംവരെ വീട്ടില്‍ നിന്ന് പുറത്തിറങ്ങിയില്ല.’(ഖുത്ബാത്തെ മഹ്മൂദ് വാല്യം 34 , പേജ് 86–88)

അതുകൊണ്ട് അല്ലാഹുവില്‍നിന്ന് ലഭിക്കുന്ന ഈ രാജാധികാരത്തോടുള്ള കടമയും അവര്‍ നിര്‍വഹിക്കുന്നു. നമ്മുടെ മുസ്‌ലിം നേതാക്കള്‍ക്കും ഭരണാധികാരികള്‍ക്കും ഒരു പാഠം കൂടിയാണിത്.’

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വീണ്ടും പറയുന്നു: ‘ഇസ്‌ലാമിനുവേണ്ടി ത്യാഗങ്ങള്‍ വരിച്ച കാരണത്താല്‍ ഇന്ന് ഹദ്റത്ത് അബൂബക്ര്‍(റ)നു ലഭിച്ചിട്ടുള്ള മഹത്ത്വം, ഇന്ന് ലോകത്തുള്ള വലിയ വലിയ രാജാക്കന്മാര്‍ക്കും പോലും ലഭ്യമാണോ? ഹദ്റത്ത് അബൂബക്റിന് കരസ്ഥമായിരുന്ന ആ മഹത്ത്വം ഇന്ന് ലോകത്തെ ഒരു ഭരണാധികാരിക്കുമില്ല. ഹദ്റത്ത് അബൂബക്റിനെ മാറ്റിനിറുത്താം. മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ഹദ്റത്ത് അബൂബക്റിന്റെ പരിചാരകര്‍ക്കുണ്ടായിരുന്ന മഹത്ത്വംപോലും വലിയ വലിയ രാജാക്കന്മാര്‍ക്കില്ല. എന്നല്ല, ഹദ്റത്ത് അബൂബക്റിന്റെ നായയോടുപോലും ആദരണീയരായവ്യക്തികളേക്കാള്‍ നമുക്ക് പ്രിയം തോന്നുന്നു എന്നതാണ് സത്യം. അവര്‍ നബി(സ)തിരുമേനിയുടെ വീട്ടിലെ സേവകനായിരുന്നു എന്നതാണ് അതിനുകാരണം. പറയുന്നു: നബി(സ)തിരുമേനിയുടെ വീട്ടിലെ അടിമ നമ്മെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ട് പ്രിയങ്കരനാണ്. ഒരാള്‍ക്കും ആ മഹത്ത്വത്തെ നമ്മുടെ ഹൃദയത്തില്‍നിന്ന് മായ്ച്ചുകളയാന്‍ സാധ്യമല്ലതന്നെ.(ഖുത്ബാത്തെ മഹ്മൂദ് വാല്യം 19 , പേജ് 681)

നബി(സ)തിരുമേനിയെ നിന്ദിക്കുന്നവരാണ് ഞങ്ങളെന്ന് ആക്ഷേപം ഉന്നയിക്കുന്നു. എന്നാല്‍, ഞങ്ങളുടെ ചിന്താഗതി ഇത്തരത്തിലുള്ളതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അബൂബക്ര്‍(റ)ന്റെ മകന്‍–അദ്ദേഹം ദീര്‍ഘകാലത്തിനുശേഷമാണ് ഇസ്‌ലാമില്‍ പ്രവേശിച്ചത്–ഒരിക്കല്‍ നബി(സ)തിരുമേനിയുടെ മസ്ജിദില്‍ ഇരിക്കുകയായിരുന്നു. പല കാര്യങ്ങളും സംസാരിച്ചുകൊണ്ടിരിക്കെ അദ്ദേഹം ഹദ്റത്ത് അബൂബക്റിനോടു പറഞ്ഞു: ‘പിതാവേ! ഒരു യുദ്ധവേളയില്‍ ഞാന്‍ ഒരു പാറയക്കു പിന്നില്‍ ഒളിച്ചിരിക്കുകയായിരുന്നു. അങ്ങ് രണ്ടു തവണ എന്റെ മുന്നിലൂടെ കടന്നുപോയി. ഞാന്‍ വിചാരിച്ചിരുന്നെങ്കില്‍ എനിക്ക് അങ്ങയെ കൊല്ലാമായിരുന്നു. അങ്ങ് എന്റെ പിതാവായതുകൊണ്ട് ഞാന്‍ ഒന്നും ചെയ്തില്ല.’ ഇതു കേട്ട ഹദ്റത്ത് അബൂബക്ര്‍(റ) പറഞ്ഞു: ‘അപ്പോള്‍ ഞാന്‍ നിന്നെ കണ്ടിരുന്നില്ല. കണ്ടിരുന്നെങ്കില്‍ ദൈവശത്രുവായി യുദ്ധഭൂമിയില്‍വന്ന നിന്നെ ഞാന്‍ തീര്‍ച്ചയായും വധിച്ചേനെ.’ (ഖുത്ബാത്തെ മഹ്മൂദ് വാല്യം 16 , പേജ് 621–622)

ഹദ്റത്ത് അബൂബക്ര്‍(റ)ന്റെ ഉന്നത സ്വഭാവഗുണത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “സൗഭാഗ്യത്തിന്റെ വെളിച്ചം നേരത്തെതന്നെ നിറഞ്ഞ് തുളുമ്പിയിരുന്ന ഒരു വ്യക്തിയായിരുന്നു ഹദ്റത്ത് അബൂബക്ര്‍. അതായത് ജ്വലിച്ച് നില്‍ക്കാനുള്ള കഴിവ് അദ്ദേഹത്തിലുണ്ടായിരുന്നു. പ്രകാശം വിതറാനുള്ള കഴിവുണ്ടായിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനിയുടെ പരിപാവനപാഠങ്ങള്‍ അദ്ദേഹത്തെ പൊടുന്നനെ സ്വാധീനിച്ച് പ്രദീപ്തമാക്കി. അദ്ദേഹം നബി(സ)തിരുമേനിയോട് ഒരു വാദപ്രതിവാദവും നടത്തിയില്ല. ഒരു അടയാളമോ ദൃഷ്ടാന്തമോ ചോദിച്ചതുമില്ല. കേട്ടുടനെ ‘അങ്ങ് നുബുവ്വത്ത് വാദിക്കുന്നുണ്ടോ?’ എന്നു മാത്രമാണ് ചോദിച്ചത്. നബി(സ)തിരുമേനി അതെ എന്ന് പറഞ്ഞപ്പോള്‍ അദ്ദേഹം പറഞ്ഞു: “അങ്ങ് സാക്ഷി, ഏറ്റവുമാദ്യം ഞാന്‍ വിശ്വസിക്കുന്നു.

“ചോദ്യം ചോദിക്കുന്നവര്‍ക്ക് വിരളമായിട്ടുമാത്രമെ സന്മാര്‍ഗം ലഭിക്കുകയുള്ളൂ എന്നതാണ് അനുഭവസത്യം. എന്നാല്‍, സല്‍ഭാവനയോടും സഹനത്തോടുംകൂടി പ്രവര്‍ത്തിക്കുന്നവര്‍ക്ക് പൂര്‍ണമായും ഹിദായത്ത് ലഭിക്കും. ഈ രണ്ടു കാര്യങ്ങള്‍ക്ക് നമുക്ക് മാതൃക ഹദ്റത്ത് അബൂബക്റിലും അബൂജഹലിലും ലഭിക്കും. ഹദ്റത്ത് അബൂബക്ര്‍ വാദത്തിനു മുതിര്‍ന്ന് അടയാളം ചോദിക്കാതിരുന്നപ്പോള്‍ അടയാളം ചോദിച്ചവര്‍ക്ക് കിട്ടാത്തത് അദ്ദേഹത്തിന് ലഭിച്ചു. അദ്ദേഹം അടയാളങ്ങളുടെമേല്‍ അടയാളങ്ങള്‍ ദര്‍ശിക്കുകയും സ്വയം മഹത്തായ ഒരു അടയാളമായി തീരുകയും ചെയ്തു. അബൂജഹല്‍ ആകട്ടെ, തര്‍ക്കിച്ചുകൊണ്ടിരിക്കുകയും എതിര്‍ക്കുകയും ചെയ്തു. അയാള്‍ അജ്ഞതയില്‍നിന്ന് പിന്മാറിയില്ല. അയാള്‍ അടയാളങ്ങള്‍ക്കുമേല്‍ അടയാളങ്ങള്‍ കണ്ടെങ്കിലും യഥാര്‍ഥ നിലയില്‍ ദര്‍ശിക്കാന്‍ സാധിച്ചില്ല. ഒടുവില്‍ മറ്റുള്ളവര്‍ക്ക് അടയാളമായിത്തീരുകയും എതിര്‍പ്പില്‍ത്തന്നെ നശിക്കുകയും ചെയ്തു.”(മല്‍ഫൂദാത്ത് വാല്യം 2, പേജ് 165, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: “മക്കയിലെ ഒരേ മണ്ണില്‍ തന്നെയാണ് ഹദ്റത്ത് അബൂബക്റും അബൂജഹലും ജനിച്ചത്. വിവിധശ്രേണികളിലും വര്‍ഗങ്ങളിലുംപെട്ട കോടിക്കണക്കിന് മനുഷ്യര്‍ ലോകത്തിന്റെ നാനാഭാഗത്തുനിന്നും ഒരുമിച്ചു കൂടുന്ന മക്ക. ആ സ്ഥലത്ത് തന്നെയാണ് ഇവര്‍ രണ്ടു പേരും ജനിച്ചത്. അതില്‍ ആദ്യത്തെ വ്യക്തി തന്റെ സൗഭാഗ്യവും സത്യനിഷ്ഠയും കാരണം സന്മാര്‍ഗം പ്രാപിച്ച് സിദ്ദീഖുകളുടെ ഔന്നത്യം കരസ്ഥമാക്കി. രണ്ടാമത്തെയാള്‍ ദുഷ്ടതയിലും അജ്ഞതയിലും വിദ്വേഷത്തിലും സത്യത്തെ എതിര്‍ക്കുന്നതിലും കുപ്രസിദ്ധിയാര്‍

ജ്ജിച്ചു. ഓർക്കുക... ശ്രേഷ്ഠത രണ്ടു വിധമുണ്ട്. ഒന്ന് റഹ്മാനി രണ്ടാമത്തേത് ശയ്ത്വാനി(ദൈവികവും സാത്താനികവും) ദൈവികമായ ഔന്നത്യം പ്രാപിക്കുന്ന വ്യക്തിക്ക് സ്വർഗ്ഗലോകത്ത് പ്രസിദ്ധിയും ആദരവും കരഗതമാകും. ഇതേ പോലെ സാത്താനിക ഔന്നത്യം പ്രാപിക്കുന്ന വ്യക്തി സാത്താനിക സന്താനങ്ങളിൽ കുപ്രസി ദ്ധിയാർജ്ജിക്കും. രണ്ടു പേരും ഒരേ സ്ഥലത്ത് തന്നെയായിരുന്നു എന്നാണു ചുരുക്കം. നബി(സ)തിരുമേനി ആരോടും വിവേചനമൊന്നും കാണിച്ചില്ല. അല്ലാഹു നൽകിയ കൽപനകൾ അത്രയും തുല്യമായും എല്ലാവരിലേക്കും എത്തിച്ചു. എന്നാൽ, ഹതഭാഗ്യരായവർ ഒഴിവാക്കപ്പെട്ടു. സൗഭാഗ്യർ സന്മാർഗം പ്രാപിച്ച് പരിപൂർണരായിത്തീർന്നു. അബൂജഹലും കൂട്ടരും നിരവധി അടയാളങ്ങൾ കാണുകയുണ്ടായി. ദിവ്യാനുഗ്രഹങ്ങളും പ്രകാശ ങ്ങളും ദർശിച്ചു. അതൊന്നും പക്ഷേ, അവർക്ക് ഗുണം ചെയ്തില്ല."(മൽഫൂദാത്ത് വാള്യം 2, പേജ് 164, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: "നോക്കൂ! ആദരണീയ മക്കയിൽ നബി(സ)തിരുമേനി ആഗതരായപ്പോൾ അബൂജഹലും ഹദ്റത്ത് അബൂബക്റും(റ) മക്കയിൽ തന്നെ ഉണ്ടായിരുന്നു. എന്നാൽ, അബൂബക്റിന്റെ പ്രകൃതം സത്യത്തെ സ്വീകരിക്കുന്ന തരത്തിലുള്ളതായിരുന്നു. അദ്ദേഹം പട്ടണത്തിൽ പ്രവേശിക്കുന്നതിനുമുമ്പേ വഴിയിൽ വെച്ച് ഒരു വ്യക്തിയോട് പുതിയ വാർത്ത വല്ലതുമുണ്ടോ എന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: 'നബി(സ)തിരുമേനി നുബുവ്വത്ത് വാദിച്ചിരിക്കുന്നു.' ഹദ്റത്ത് അബൂബക്ർ അവിടെവെച്ചുതന്നെ വിശ്വാസിയായി. അദ്ദേഹം പിന്നീട് എണ്ണമറ്റ ദൃഷ്ടാന്തങ്ങൾ കാണുകയും സ്വയം ഒരു ദൃഷ്ടാന്തമായിത്തീരുകയും ചെയ്തിരുന്നുവെങ്കിലും അന്നേരം ഒരു ദൃഷ്ടാന്തമോ അടയാളമോ ചോദിച്ചില്ല. അബൂജഹലാകട്ടെ ആയിരക്കണക്കിന് അടയാളങ്ങൾ കണ്ടിട്ടും എതിർപ്പിൽ നിന്നും നിഷേധത്തിൽനിന്നും പിന്മാറാതെ കളവാക്കിക്കൊണ്ടിരുന്നു.

അതിൽ അടങ്ങിയിരിക്കുന്ന രഹസ്യം എന്തായിരിക്കും. രണ്ടു പേരും ജനിച്ചത് ഒരേ സ്ഥലത്തായിരുന്നല്ലോ. ഒരാൾ സിദ്ദീഖ് ആയി തീരുന്നു. യുക്തിയുടെ പിതാവ് എന്നറിയപ്പെട്ടിരുന്ന മറ്റൊരാൾ അജ്ഞതയുടെ പിതാവായി തീരുന്നു. ഇതിൽ അടങ്ങിയിട്ടുള്ള രഹസ്യം അബൂജഹലിന്റെ പ്രകൃതം സത്യത്തോട് സാദൃശ്യം പുലർത്തുന്നതല്ലായിരുന്നു എന്നതാണ്. ചുരുക്കത്തിൽ വിശ്വാസപരമായ കാര്യങ്ങൾ സാദൃശ്യത്തിൽ അധിഷ്ഠിതവുമാണ്. സാദൃശ്യം ഉണ്ടാകുന്നതോടെ സ്വയം ഉസ്താദായിത്തീരുകയും സത്യദർശനങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു. സാദൃശ്യരായ ആളുകളുടെ അസ്തിത്വം ഒരു അടയാളമാകുന്നതിനുള്ള കാരണവും ഇതു തന്നെയാണ്.(മൽഫൂദാത്ത് വാള്യം 5, പേജ് 11–12, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: എന്റെ നാഥൻ എനിക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു. സിദ്ദീഖും ഫാറൂഖും ഉഥ്മാനും (റളിയല്ലാഹു അൻഹും) സച്ചരിതരും സത്യവിശ്വാസികളുമായിരുന്നു. അല്ലാഹു തിരഞ്ഞെടുത്തവരും ദിവ്യകാരുണ്യത്താൽ സവിശേഷമായ രീതിയിൽ കടാക്ഷിക്കപ്പെട്ടവരുമായിരുന്നു. ദിവ്യജ്ഞാനികളായ മിക്ക ആളുകളും അവരുടെ ഔദാര്യത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. പ്രതാപവാനും ഉന്നതനുമായ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി സ്വദേശം വെടിഞ്ഞവരാണവർ. എല്ലാ യുദ്ധങ്ങളുടെയും തീച്ചൂളയിൽ അവർ പ്രവേശിച്ചു. ഉഷ്ണകാലത്തെ ചുട്ടുപൊള്ളുന്ന വെയിലും ശൈത്യകാല രാവുകളിലെ കഠിനമായ തണുപ്പും അവർ വകവെച്ചില്ല. മറിച്ച് യുവാക്കളെ പോലെ അവർ ദീനിനുവേണ്ടി ദീനിന്റെ മാർഗ്ഗത്തിൽ വിലയം പ്രാപിച്ചു. സ്വന്തക്കാരിലേക്കും അന്യരിലേക്കും അവർ ആകൃഷ്ടരായില്ല. സർവ്വലോകനാഥനായ അല്ലാഹുവിനുവേണ്ടി എല്ലാവരോടും വിട പറഞ്ഞു. അവരുടെ കർമങ്ങളിൽ പരിമളവും അവരുടെ പ്രവർത്തനങ്ങളിൽ സൗരഭ്യവുമുണ്ട്. ഇവയെല്ലാംതന്നെ അവരുടെ പദവിയുടെ പൂങ്കാവനങ്ങളിലേക്കും അവരുടെ സൽകർമങ്ങളുടെ പൂന്തോട്ടങ്ങളിലേക്കുമാണ് നയിക്കുന്നത്. അവയിൽ നിന്നുള്ള മന്ദമാരുതൻ അവരുടെ രഹസ്യം വിളിച്ചോതുന്നു. അവരുടെ വെളിച്ചങ്ങൾ പൂർണ തീവ്രതയോടെ നമ്മിൽ വെളിപ്പെടുന്നു.(സിർറുൽഖിലാഫ മുത്തർറജിം, പേജ് 25–26)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവാണ! ഈ രണ്ടു ശയ്ഖയ്നേയും അതായത് അബൂബക്റിനെയും ഉമറിനെയും അതുപോലെ തന്നെ സുന്നൂറയ്ൻ ആയ ഹദ്റത്ത് ഉഥ്മാനേയും ഇസ്‌ലാമിന്റെ കവാടങ്ങളും സൃഷ്ടികുലോത്തമനായ റസൂലുല്ല്ലാഹി(സ)യുടെ സൈന്യത്തിന്റെ പ്രഥമ മുന്നണിപോരാളികളുമാക്കി തീർത്തിരിക്കുന്നു. എന്നാൽ, ഏതൊരാൾ ഇവരുടെ മഹത്ത്വത്തെ നിഷേധിക്കുകയും ഇവരുടെ അനിഷേധ്യ തെളിവുകളെ നിന്ദ്യമായി കാണുകയും അവരോട് ആദരപൂർവ്വം പെരുമാറാതെ അവരെ നിന്ദിക്കുകയും അവരെ ഭർത്സിക്കുകയും അവരെ ചീത്ത പറയുകയും ചെയ്യുന്നുവോ അവന്റെ ദുർപര്യവസാനത്തേയും വിശ്വാസരാഹിത്യത്തെയും ചൊല്ലി എനിക്ക് ആശങ്കയുണ്ട്. ഇവരെ ദ്രോഹിക്കുകയും ശപിക്കുകയും വ്യാജാരോപണം ഉന്നയിക്കുകയും ചെയ്യുന്നവരുടെ പര്യവസാനം ഹൃദയകാഠിന്യവും ദൈവ കോപവും ആയിരിക്കും. സയ്യിദുമാരായ ഇവരോട് ശത്രുതയും വിദ്വേഷവും വെച്ച് പുലർത്തുക അനുഗ്രഹം പ്രകടിപ്പിക്കുന്ന അല്ലാഹുവുമായി ഏറ്റവും കൂടുതൽ ബന്ധം വിച്ഛേദിക്കുന്നതിന് കാരണമായിത്തീരുമെന്നത് എന്റെ അനുഭവവും ഞാൻ വ്യക്തമായ നിലയിൽ തുറന്നു പറഞ്ഞിട്ടുള്ളതുമാണ്. ഇവരോട് ശത്രുത പുലർത്തുന്നവനുമേൽ കാരുണ്യത്തിന്റേയും അനുകമ്പയുടേയും എല്ലാ മാർഗ്ഗങ്ങളും അടക്കപ്പെടും. അവനു വേണ്ടി അറിവിന്റേയും ആധ്യാത്മിക ജ്ഞാനത്തിന്റേയും കവാടങ്ങളും അടക്കപെടുന്നതാണ്." (സിർറുൽഖിലാഫ മുത്തർറജിം പേജ് 28–29)

വീണ്ടും ആ മഹാത്മാവ് പറയുന്നു: 'ഏതൊരു വ്യക്തിയുടെ വാദം അല്ലാഹുതന്നെ സ്ഥാപിച്ചു കാണിച്ചുവോ അദ്ദേഹത്തിൽ നിങ്ങൾ ശാപം ചൊരിയുന്നതെങ്ങനെ. ചിലയാളുകൾ, ഫിർഖകൾ തന്നെയും തെറ്റായ പദങ്ങൾ ഉപയോഗിക്കാറുണ്ട്.' അവിടന്ന് പറഞ്ഞു: 'ഏതൊരു വ്യക്തിയുടെ വാദം അല്ലാഹുതന്നെ സ്ഥാപിച്ചു കാണിച്ചുവോ അദ്ദേഹത്തിൽ നിങ്ങൾ ശാപം ചൊരിയുന്നതെങ്ങനെ. അദ്ദേഹം അല്ലാഹുവിനോട് സഹായം തേടിയപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിക്കുകയും അദ്ദേഹത്തെ സഹായിക്കാനായി അടയാളങ്ങൾ കാണിക്കുകയും ചെയ്തു. ദുഷ്ടന്മാരുടെ പ്രവർത്തനങ്ങളെ ഛിന്നഭിന്നമാക്കി. ഇസ്‌ലാമിന് ഹാനി വരുത്തുന്ന അപകടങ്ങളുടെയും അക്രമങ്ങളുടെയും പ്രളയത്തിൽനിന്ന് ഹദ്റത്ത് അബൂബക്ർ രക്ഷിച്ചു. വിഷം ചീറ്റുന്ന സർപ്പങ്ങളെ നശിപ്പിച്ചു. അദ്ദേഹം ശാന്തിയും സമാധാനവും സ്ഥാപിച്ചു. സർവ്വലോകനാഥനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓരോ കള്ളവാദിയെയും പരാജയപ്പെടുത്തി. ഹദ്റത് അബൂബക്റിന്റെ അനവധി സവിശേഷതകളും അളവറ്റ അനുഗ്രഹങ്ങളും വേറെയുമുണ്ട്. മുസ്‌ലിമീങ്ങൾ അദ്ദേഹത്തോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. അങ്ങേയറ്റം അതിരു കടക്കുന്നവനെ ഇക്കാര്യം നിഷേധിക്കാനാകൂ.

അല്ലാഹു അദ്ദേഹത്തെ വിശ്വാസികൾക്ക് സമാധാനത്തിന് കാരണവും കലാപകാരികളും അവിശ്വാസികളും കൊളുത്തിയ തീ അണക്കുന്നവനുമാക്കിയതുപോലെ വിശുദ്ധ ഖുർആനിന്റെ സേവകനും പ്രചാരകനുമാക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം വിശുദ്ധ ഖുർആൻ ക്രോഡീകരിക്കുകയും കാരുണ്യവാനായ ദൈവത്തിന്റെ പ്രിയങ്കരനായ നബി വിവരിച്ച വിശുദ്ധ ഖുർആനിന്റെ ക്രമങ്ങൾ കണ്ടെത്തുന്നതിനും പൂർണമായി പരിശ്രമിച്ചു. ദീനിനെ സംബന്ധിച്ച ദുഃഖത്താൽ അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് അരുവികളിൽ നിന്നു ഒഴുകുന്നതിനേക്കാൾ തീവ്രമായി കണ്ണീരൊഴുകി."(സിർറുൽഖിലാഫ മുത്തർറജിം പേജ് 57–58)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ശത്രുക്കൾ അധികം ഉണ്ടായിരുന്ന നാളുകളിലാണ് വിശ്വസിച്ചതെന്ന് ചില ശിയാക്കളും അംഗീകരിക്കുന്നുണ്ട് എന്നത് വിസ്മയകരമാണ്. ശത്രുക്കൾ അധികം ഉണ്ടായിരുന്ന നാളുകളിലാണ് വിശ്വസിച്ചതെന്ന് ചില ശിയാക്കളും അംഗീകരിക്കുന്നുണ്ട്. പ്രാരംഭദശയിലുള്ള ആ കഠിന സമയത്ത് ഹദ്റത്ത് മുഹമ്മദ്(സ)തിരുമേനിയുടെ കൂടെ യാത്ര ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചു. മക്കയിൽ നിന്ന് നബി(സ) തിരുമേനി പുറപ്പെട്ടപ്പോൾ അങ്ങേയറ്റം സത്യസന്ധതയോടും കൂറോടുംകൂടി അദ്ദേഹവും അങ്ങയോടൊപ്പം പുറപ്പെട്ടു. ക്ലേശങ്ങളും ദുരിതങ്ങളും അനുഭവിച്ചു. സ്വന്തം നാടും സുഹൃത്തുക്കളും ഉറ്റവരും ഉടയവരുമെല്ലാം അടങ്ങുന്ന കുടുംബക്കാരെയെല്ലാം ഉപേക്ഷിച്ച് ഔദാര്യവാനായ അല്ലാഹുവിനെ സ്വീകരിച്ചു, മാത്രമല്ല എല്ലാ യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തു. അവിശ്വാസിയോട് പൊരുതിയും നബി(സ)തിരുമേനിയെ സഹായിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം ഖലീഫ ആകുമ്പോൾ മുനാഫിഖുകളുടെ ഒരു സംഘം മുർതദ്ദായി പോയിരുന്നു. നിരവധി കള്ളവാദികൾ പ്രവാചകത്വം വാദിച്ചു. രാജ്യത്ത് സമാധാനവും ശാന്തിയും പുനഃസ്ഥാപിക്കപ്പെടുകയും കുഴപ്പക്കാരുടെ സംഘങ്ങൾ നിരാശരും നഷ്ടപ്പെട്ടവരുമായി തീരുന്നതുവരെ അദ്ദേഹം യുദ്ധം ചെയ്തു കൊണ്ടിരുന്നു.

പിന്നീട് അദ്ദേഹം വഫാത്തായപ്പോൾ പരിശുദ്ധ പ്രവാചകന്റെ ഖബറിന്റെ ചാരത്ത് മറവ് ചെയ്യപ്പെട്ടു. അപ്പോൾപോലും അല്ലാഹുവിന്റെ പ്രിയപ്പെട്ട പ്രവാചകൻ തിരുമേനിയെ പിരിഞ്ഞില്ല. ജീവിതത്തിലും അതുപോലെ മരണത്തിന് ശേഷവും അദ്ദേഹം തിരുമേനിയെ പിരിഞ്ഞില്ല. ഏതാനും ദിവസങ്ങളുടെ വേർപാടിനുശേഷം അവർ പരസ്പരം കാണുകയും സ്നേഹോപഹാരം സമർപ്പിക്കുകയും ചെയ്തു. വളരെ ആശ്ചര്യകരമായ സംഗതി എന്തെന്നാൽ, ഇവർ(ശിയാക്കൾ)പറയുന്നതുപ്രകാരം അതായത് ആക്ഷേപകരുടെ, അല്ലാഹു നബിയുടെ കല്ലറയെ, ഖാത്തമുന്നബിയീന്റേയും രണ്ടു കാഫിറിന്റേയും പിടിച്ചുപറിക്കാരുടേയും വഞ്ചകരുടേയും ഇടയിൽ കൂട്ടിച്ചേർത്തു കളഞ്ഞു. എന്നല്ല തന്റെ നബിയേയും ഹബീബിനേയും അവരിരുവരുടേയും(അബൂബക്റിന്റേയും ഉമറിന്റേയും) ശല്യത്തിൽനിന്ന് മോചനവും നല്കിയില്ല. പ്രത്യുത അവരിരുവരേയും ഇഹലോകത്തും പരലോകത്തും തിരുമേനിക്ക് ശല്യമുണ്ടാക്കുന്ന പങ്കാളികൾ ആക്കുകയും ചെയ്തു. നഊദുബില്ലാഹ്. ഈ രണ്ടു ദുർവൃത്തരിൽനിന്ന് തിരുമേനിയെ അകറ്റിയില്ല. ഇവർ വിവരിക്കുന്ന സംഗതികളിൽ നിന്നെല്ലാം നമ്മുടെ നാഥൻ പരിശുദ്ധനത്രെ. അവർ പറയുന്നത് തെറ്റാണ്. ഇവർ പറയു

## ത്വാലിബെ ദുആ

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

**(ജുമുഅ ഖുത്ബ 4–10–2019)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • അല്ലാഹുവിന്റെ കലാം: •

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ന്നത് പോലെയല്ല കാര്യങ്ങൾ. പ്രത്യുത അല്ലാഹു അവർ ഇരുവരെയും അതായത് ഹദ്റത്ത് അബൂബക്റിനെയും ഹദ്റത്ത് ഉമറിനെയും ആ രണ്ടു സത്യാത്മാക്കളുടെ നേതാവായ നബി(സ)തിരുമേനിയുമായി ബന്ധിപ്പിച്ചിരിക്കുകയാണ്. ഉൾക്കാഴ്ച ഉള്ളവർക്ക് തീർച്ചയായും ഇതിൽ അടയാളങ്ങളുണ്ട്." (സിർറുൽഖിലാഫ മുത്തർജിം പേജ് 72–73)

മുൻവിധി വെച്ചു പുലർത്തുന്ന ശിയാക്കളെ സംബന്ധിച്ച് അവിടന്ന് വീണ്ടും പറയുന്നു: എതിരാളികളായ നിഷേധികളുടെ സംഘത്തിൽ നിന്ന് പുറത്തുവന്ന് ഇസ്‌ലാം സ്വീകരിച്ച പുരുഷനായ വ്യക്തി ആരായിരുന്നു എന്ന് മുൻവിധി വെച്ച് പുലർത്തുന്ന ഈ ശിയാക്കളോട് ചോദിച്ചാൽ അത് ഹദ്റത്ത് അബൂബക്റാണെന്ന് പറയാതെ അവർക്ക് നിവൃത്തിയില്ല.

"ഹദ്റത്ത് ഖാത്തമുന്നബിയ്യീനോടൊപ്പം(സ) ആദ്യം ഹിജ്റത്ത് ചെയ്യുകയും എല്ലാ ബന്ധങ്ങളെയും പിന്തള്ളിക്കൊണ്ട് ഹുദൂർ(സ) പോയ സ്ഥലത്ത് പോകുകയും ചെയ്ത വ്യക്തി ആരായിരുന്നുവെന്ന് ഇവരോട് ചോദിച്ചാൽ, അത് ഹദ്റത്ത് അബൂബക്ർ(റ) ആയിരുന്നുവെന്നു പറയാതെ നിർവാഹമില്ല. ഇനി അപഹരിച്ചു എന്നത് വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും ഖലീഫമാരിൽ ഏറ്റവു മാദ്യത്തെ വ്യക്തി ആരാണെന്ന് ചോദിച്ചാൽ ഹദ്റത്ത് അബൂബക്ർ(റ) എന്ന് അവർക്ക് പറയാതെ വയ്യ. എല്ലാ രാജ്യങ്ങളിലും പ്രചരിപ്പിക്കുന്നതിന് വിശുദ്ധഖുർആൻ ക്രോഡീകരിച്ചത് ആരാണെന്ന് ചോദിച്ചാൽ അവർ തീർച്ചയായും പറയും ഹദ്റത്ത് അബൂബക്ർ(റ) ആയിരുന്നു എന്ന്. അതുപോലെ തന്നെ പ്രവാചക ശ്രേഷ്ഠനും പരിശുദ്ധനുമായ നബി(സ)തിരുമേനിയുടെ സമീപത്തു മറവു ചെയ്യപ്പെട്ടവർ ആരൊക്കെയെന്ന് ചോദിച്ചാലും അത് ഹദ്റത്ത് അബൂബക്റും ഉമറുമാണെന്നു പറയാൻ അവർ നിർബന്ധിതരാണ്. കാര്യങ്ങൾ ഇങ്ങനെയിരിക്കെ എല്ലാ ശ്രേഷ്ഠതയും അവിശ്വാസികൾക്കും കപടവിശ്വാസികൾക്കും നൽകുകയും ഇസ്‌ലാമിന്റെ ശ്രേഷ്ഠതകളും അനുഗ്രഹങ്ങളുമെല്ലാം ശത്രുക്കളുടെ കൈകളാൽ വെളിപ്പെട്ടുവെന്ന് പറയുയും ചെയ്യുന്നത് എത്രമാത്രം ആശ്ചര്യാജനകമാണ്!

"ഇസ്‌ലാമിനുവേണ്ടി മുൻനിരയിൽനിന്ന വ്യക്തി അവിശ്വാസിയും ശപ്തനുമായിരുന്നുവെന്നും ഫഖ്റുൽമുർസലീനോടൊപ്പം ഏറ്റവുമാദ്യം ഹിജ്റത്ത് ചെയ്ത വ്യക്തി ധർമചിന്ത ഇല്ലാത്തവനും മതപരിത്യാഗിയും ആയിരുന്നുവെന്നും ഏതെങ്കിലും മുഅ്മിന് വിചാരിക്കാൻ കഴിയുമോ? അങ്ങനെ വരുമ്പോൾ എല്ലാ ശ്രേഷ്ഠതയും അവിശ്വാസികൾക്കു കരസ്ഥമായി. എത്രത്തോളമെന്നാൽ സജ്ജനങ്ങളുടെ സയ്യിദിന്റെ ഖബറിന്റെ അയൽക്കാരനെന്ന അവസ്ഥപോലും!"(സിർറുൽഖിലാഫ മുത്തർജിം പേജ് 75–76)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: "ഹദ്റത്ത്(അബൂബക്ർ) സിദ്ദീഖും(റ) ഹദ്റത്ത്(ഉമർ)ഫാറൂഖും(റ) ഇരുവരും അകാബിർ സ്വഹാബിമാരിൽപ്പെട്ടവരായിരുന്നു എന്നതാണ് സത്യം. കടമകൾ നിർവഹിക്കുന്നതിൽ ഇവർ രണ്ടുപേരും ഒരിക്കലും അശ്രദ്ധ കാണിച്ചിട്ടില്ല. അവർ തഖ്‌വാ അഥവാ ദൈവഭയം തങ്ങളുടെ മാർഗവും നീതിനിർവഹണം തങ്ങളുടെ ലക്ഷ്യവുമാക്കി. അവർ കാര്യങ്ങളെ അഗാധമായി പരിശോധിക്കുകയും രഹസ്യങ്ങളുടെ ആഴങ്ങളിലേക്ക് ചെന്നെത്തുകയും ചെയ്തിരുന്നു. ലൗകികതയോടുള്ള ആഗ്രഹം ഒരിക്കലും അവരുടെ ലക്ഷ്യമായിരുന്നില്ല. അവർ തങ്ങളുടെ ആത്മാക്കളെ അല്ലാഹുവിനോടുള്ള അനുസരണത്തിൽ നിലനിറുത്തി. അനുഗ്രഹാധിക്യത്തിലും നബി(സ)തിരുമേനിയുടെ ദീനിനെ സഹായിക്കുന്നതിലും ശെയ്ഖയ്നെപോലെ (ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഉമർ(റ)) ഞാൻ ആരെയും കണ്ടിട്ടില്ല. ഇവർ രണ്ടുപേരും സൂര്യനായ നബി(സ) തിരുനബിയുടെ അനുസരണത്തിൽ ചന്ദ്രനെക്കാൾ ദീപ്തിയേകുന്നവരായിത്തീർന്നു. അവർ നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിൽ വിലയം പ്രാപിച്ചവരായിരുന്നു. സത്യം സ്വായത്തമാക്കുന്നതിന് ഓരോ ദുരിതവും മധുരമായി അവർ കരുതി. അതുല്യനായ ആ നബിക്കുവേണ്ടി ഓരോ അപമാനവും അവർ സംതൃപ്തിയോടും സ്നേഹത്തോടും കൂടി സ്വീകരിച്ചു. അവിശ്വാസികളുടെയും നിഷേധികളുടെയും സൈന്യത്തെ നേരിടേണ്ടിവന്നപ്പോൾ സിംഹങ്ങളെപ്പോലെ അവർ നേരിടാൻ തുടങ്ങി. ഏതുവരെയെന്നാൽ ഇസ്‌ലാം വിജയം പ്രാപിക്കുകയും ശത്രുസൈന്യങ്ങൾ പരാജിതരാകുകയും ചെയ്തു. ശിർക്ക് അഥവാ അന്യാരാധന ഇല്ലാതായി. അതിനെ നിർമാർജനം ചെയ്തു. സമുദായത്തിന്റേയും മതത്തിന്റേയും സൂര്യൻ തിളങ്ങാൻ തുടങ്ങി. അങ്ങനെ സ്വീകാര്യമായ സേവനങ്ങൾ ചെയ്തും മുസ്‌ലിമീങ്ങൾക്ക് അളവറ്റ ഔദാര്യങ്ങൾ ചൊരിഞ്ഞും അവരിരുവരുടെയും പര്യവസാനം പ്രവാചകശ്രേഷ്ഠന്റെ സമീപത്ത് നിലകൊണ്ടു"

വീണ്ടും ആ ധന്യാത്മാവ് പറയുന്നു "......അല്ലാഹു അക്ബർ, അല്ലാഹു വലിയവൻ. അവരിരുവരുടേയും(അബബക്ർ(റ), ഉമർ(റ)) സത്യസന്ധതയും ആത്മാർഥതയും എത്ര മഹോന്നതമാണ്. അവരിരുവരും മറവു ചെയ്യപ്പെട്ട സ്ഥലം എത്രമാത്രം അനുഗൃഹീതമാണെന്നുവെച്ചാൽ മൂസാനബിയും ഈസാനബിയും ജീവിച്ചിരുന്നുവെങ്കിൽ അസൂയാപൂർവം അവിടെ മറവു ചെയ്യപ്പെടാൻ ആഗ്രഹിച്ചേനെ. എന്നാൽ, കേവലം ആഗ്രഹം കൊണ്ട് കരസ്ഥമാകുന്ന സ്ഥാനമല്ലല്ലോ ഇത്. അഭിലാഷം കൊണ്ടും അത് നൽകപ്പെടുന്നതല്ല. മറിച്ച് ദൈവ സന്നിധിയിൽ നിന്നുള്ള ശാശ്വതമായ കാരുണ്യമാണിത്.

ഇനിയും ഏതാനും ഉദ്ധരണികളുണ്ട്. ഇൻശാഅല്ലാഹ് അത് പിന്നീട് അവതരിപ്പിക്കുന്നതാണ്.

**കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച**
**ഖുത്ബ ജുമുഅ 2022 നവംബർ 25**

സ്വഹാബാക്കൾ പടച്ചട്ട അണിഞ്ഞിരുന്നു. അതുകൊണ്ടു അവരുടെ കണ്ണുകളും അതിനു ചുറ്റുപാടും മാത്രമേ അയാൾക്ക് കാണാൻ കഴിയുന്നുണ്ടായിരുന്നുള്ളൂ. അയാൾ കുറച്ചുനേരം ശ്രദ്ധ യോടുകൂടി നോക്കി, നീ ഇന്ന വ്യക്തിയല്ലേ? അദ്ദേഹം പറഞ്ഞു: അതേ! അയാൾ ചോദിച്ചു, ഇന്ന ഇന്ന സമയങ്ങളിൽ നിന്റെ കുടുംബത്തിന് ഇന്ന പ്രയാസം വന്നപ്പോൾ അതിൽനിന്ന് നിങ്ങളെ ഞാൻ രക്ഷിച്ചിരുന്നു. ഇന്ന സമയത്ത് ഇന്ന ഉപകാരം ചെയ്തു തന്നത് നിനക്ക് അറിയില്ലേ? നീ ആണോ എന്റെ മുന്നിൽ സംസാരിക്കുന്നത്? ഔദാര്യങ്ങളെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു; ഇന്ന് ഔദാര്യങ്ങൾ വിസ്മരിക്കുന്ന സ്വഭാവം ജനങ്ങൾക്കിടയിൽ എത്രമാത്രം ഉണ്ടെന്നാൽ ആർക്കെങ്കിലും വൈകുന്നേരം ഉപകാരം ചെയ്താൽ രാവിലെ അയാൾ അത് മറക്കുന്നു. മാത്രമല്ല, ഈ ഔദാര്യത്തിനു ആയുസ്സ് മുഴുവനും അയാളുടെ അടിമയായിരിക്കാൻ കഴിയുമോ? എന്ന് ചോദിക്കുന്നു, എനിക്ക് ഉപകാരം ചെയ്തെങ്കിൽ ചെയ്തു, നല്ലത് തന്നെ. മുഴുവൻ ആയുസ്സു പോകട്ടെ, ഒരു രാത്രിക്ക് പോലും ആ ഔദാര്യം അംഗീകരിക്കാൻ തയ്യാറാകുന്നില്ല. പക്ഷേ, അറബികൾക്കിടയിൽ ഔദാര്യത്തോടുള്ള കടപ്പാട് വളരെ ഉന്നത തലത്തിലുള്ളതായിരുന്നു. ഏതായാലും ഇവിടെ വളരെ സന്നിഗ്ധഘട്ടമായിരുന്നു. പക്ഷേ, അയാൾ തന്റെ ഔദാര്യങ്ങൾ എണ്ണിപ്പറഞ്ഞപ്പോൾ ആ സ്വഹാബിയുടെ കണ്ണുകൾ താഴ്ന്നു പോകുകയും ലജ്ജാപൂർവ്വം പിന്നോട്ട് മാറുകയും ചെയ്തു. അത്രമാത്രം അവർ ഔദാര്യങ്ങളെ വിലമതിച്ചിരുന്നു. അങ്ങനെ വീണ്ടും അയാൾ നബി(സ)തിരുമേനിയോട് സംസാരം തുടർന്നു. പറഞ്ഞു: ഞാൻ അറേബ്യായുടെ പിതാവാകുന്നു. നിങ്ങൾ നിങ്ങളുടെ സമുദായത്തിന്റെ അന്തസ്സ് കാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. നിങ്ങൾക്ക് ചുറ്റും ഒരുമിച്ചുകൂടിയിട്ടുള്ള ഈ ആളുകൾ പ്രയാസങ്ങൾ വന്നാൽ ഉടൻ തന്നെ നിങ്ങളെ വിട്ട് ഓടിപ്പോകുന്നതാണ്. നിങ്ങൾക്ക് നിങ്ങളുടെ സമുദായം മാത്രമേ ഉപകാരപ്പെടുകയുള്ളൂ. നിങ്ങളെന്തിനാണ് സ്വന്തം ജനതയെ നിന്ദ്യരാക്കുന്നത്? ഞാൻ അറബികളുടെ പിതാവാകുന്നു. അയാൾ നബി(സ)തിരുമേനിയോട് കൂടെക്കൂടെ താൻ അറബികളുടെ പിതാവാണെന്നു താൻ പറയുന്നത് അംഗീകരിക്കണമെന്നും താൻ പറയുന്നതുപോലെ ഉംറ ചെയ്യാതെ തിരിച്ച് പോകണമെന്നും പറയുകയുണ്ടായി. ഇതിനിടയിൽ തന്റെ സംസാരത്തിന് ശക്തി പകരാനും നബി(സ)തിരുമേനിയെ അംഗീകരിപ്പിക്കുന്നതിനുംവേണ്ടി നബി(സ) തിരുമേനിയുടെ താടിയിൽ വീണ്ടും അയാൾ കൈ തൊട്ടു. വാസ്തവത്തിൽ ഇങ്ങനെ കൈ തൊടുന്നതുകൊണ്ട് നാണംകെടത്തുക എന്ന ലക്ഷ്യവും കൂടിയുണ്ട്. പക്ഷേ, ഇയാൾ വളരെ അഭ്യർഥനയുടെ തരത്തിലാണ് അങ്ങനെ ചെയ്തത്. നബി(സ) തിരുമേനിയെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു. പക്ഷേ, അതിൽ നിന്ദ്യനാക്കുക എന്ന ഒരു കാര്യംകൂടി ഉണ്ടായിരുന്നതിനാൽ സ്വഹാബാക്കൾക്ക് അത് സഹിക്കാൻ കഴിഞ്ഞില്ല. അയാൾ വീണ്ടും നബി(സ)തിരുമേനിയുടെ താടിയിൽ കൈ തൊട്ടപ്പോൾ വേറെ ഒരു വ്യക്തി വളരെ ശക്തിയായി തന്റെ കൈകൊണ്ട് അയാളുടെ കൈയിലേക്ക് അടിച്ചിട്ട് പറഞ്ഞു: നിന്റെ വൃത്തികെട്ട കൈ നബി(സ) തിരുമേനിയുടെ രോമത്തിൽ സ്പർശിക്കരുത്. അയാൾ വീണ്ടും കണ്ണുയർത്തി സസൂക്ഷ്മം നോക്കാൻ തുടങ്ങി. ഇതാരാണ് എന്നെ തടയുന്നത്? അവസാനം ആളെ തിരിച്ചറിഞ്ഞപ്പോൾ അയാൾ തന്റെ കണ്ണുകൾ കീഴ്പ്പോട്ടാക്കി.

അവിശ്വാസികളുടെ പ്രതിനിധിയായി വന്നയാൾ ആളെ തിരിച്ചറിഞ്ഞപ്പോൾ കണ്ണുകൾ കീഴ്പ്പോട്ടാക്കി. ഇത് അബൂബക്റാണല്ലോ. അയാൾ പറഞ്ഞു, അബൂബകറേ! താങ്കളിൽ എന്റെ ഒരു ഔദാര്യവുമുണ്ടായിട്ടില്ല. താങ്കൾക്കു ഞാനൊരു ഔദാര്യവും ചെയ്തിട്ടുമില്ല.

ചുരുക്കത്തിൽ അവർ മറ്റുള്ളവർക്ക് എത്രമാത്രം ഔദാര്യം ചെയ്യുന്ന ജനതയായിരുന്നുവെന്നാൽ, എത്രമാത്രം അൻസാറും മുഹാജിറും അവിടെ ഉണ്ടായിരുന്നുവോ അബൂബക്ർ ഒഴികെ അവരുടെ എല്ലാവരുടേയുംമേൽ ഈ ഒരേയൊരു നേതാവിന്റെ എന്തെങ്കിലുമൊക്കെ ഔദാര്യമുണ്ടായിട്ടുണ്ടായിരുന്നു. മറ്റുള്ളവർക്ക് ഒരുപാട് ഔദാര്യങ്ങൾ ചെയ്ത സമൂഹമായിരുന്നു. ഹദ്റത്ത് അബൂബക്റിനല്ലാതെ മറ്റാർക്കും അയാളുടെ കൈ തടയാൻ ധൈര്യമുണ്ടായില്ല.(ഖുത്ബാത്തെ മഹ്മൂദ് വാള്യം 20, പേജ് 484–485) ആ ഏകനായ വ്യക്തിക്കുമേൽ മാത്രമായിരുന്നു അയാളുടെ ഔദാര്യങ്ങളൊന്നും ഇല്ലാതിരുന്നത്.

പിന്നീടൊരു സ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:"സക്കാത്ത് വളരെ അനിവാര്യമായ സംഗതിയാകുന്നു. അത് നല്കാത്തവൻ ഇസ്‌ലാമിൽനിന്ന് പുറത്താണ്. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് ചിലയാളുകൾ സക്കാത്ത് നൽകാൻ വിസമ്മതിച്ചുകൊണ്ട് പറഞ്ഞു: *ഖുദ് മിൻ അംവാലിഹിം സദഖത്തൻ തുത്വഹ്ഹിറുഹും വ തുസക്കീഹിംബിഹാ വ സല്ലി അലയ്ഹിം* നീ അവരുടെ ധനത്തിൽനിന്ന് ദാനധർമങ്ങൾ വാങ്ങുക. അതുവഴി നീ അവരെ ആത്മീയമായി ശുദ്ധീകരിക്കുകയും അവരുടെ അഭിവൃദ്ധിക്കുള്ള മാർഗങ്ങൾ ഒരുക്കുകയുമാണ് ചെയ്യുന്നത്. നീ അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യൂ(9:103)

ഇതിൽ നബി(സ)തിരുമേനിയോട് കൽപിക്കുന്നത്, നീ വാങ്ങുക എന്നാണ്. നബി(സ)തിരുമേനി ഇല്ലാത്ത ഇക്കാലത്ത് മറ്റാർക്കാണ് അത് വാങ്ങാൻ കഴിയുക. പക്ഷേ, നബി(സ)തിരുമേനിയുടെ പ്രതിനിധിക്ക് അത് വാങ്ങാൻ കഴിയുമെന്ന് ആ വിവരദോഷികൾ മനസ്സിലാക്കിയില്ല. തങ്ങൾ സക്കാത്ത് കൊടുക്കുന്നതല്ലെന്ന് അവർ തങ്ങളുടെ ജഹാലത്തുകൊണ്ട് പറഞ്ഞു. ഒരു ഭാഗത്ത് ജനങ്ങൾ സക്കാത്ത് കൊടുക്കുന്നത് വിസമ്മതിക്കുന്നു. മറുഭാഗത്ത് കുഴപ്പങ്ങൾ തുടങ്ങുകയും ചെയ്തു. ഏറെ ക്കുറെ മുഴുവൻ അറബികളും മുർതദ്ദായി. ഒരുപാട് നുബുവ്വത്ത് വാദികൾ രംഗത്ത് വന്നു. നഊദുബില്ലാഹ്. ഇസ്‌ലാം നശിക്കുന്നു എന്ന് തോന്നിത്തുടങ്ങി. അത്തരം സന്നിഗ്ദ്ധാവസ്ഥയിൽ സ്വഹാബാക്കൾ ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു: സക്കാത്ത് കൊടുക്കില്ലെന്ന് പറയുന്നവരോട് അങ്ങ് തൽക്കാലം സൗമ്യമായി പെരുമാറുക.'

ഹദ്റത്ത് ഉമർ വളരെ ധീരനാണെന്നാണ് പറയപ്പെടുന്നത്. പക്ഷേ, അദ്ദേഹം പറയുന്നു: ഞാനെത്രമാത്രം യോദ്ധാവാണെങ്കിൽ പോലും അബൂബക്റോളം വരുന്നതല്ല. കാരണം ഞാൻ ആ സമയത്ത് അവരോടു സൗമ്യമായി പെരുമാറാനും

കാഫിരീങ്ങളെ നിയന്ത്രിക്കാനും പിന്നെ അവരെ പരിഷ്കരിച്ചെടുക്കാമെന്നുമാണ് പറഞ്ഞത്. എന്നാൽ, അബൂബക്ർ(റ)പറഞ്ഞു: "നബി(സ)തിരുമേനി നൽകിയ കല്പന മാറ്റിമറിക്കാൻ അബൂ ഖുഹാഫയുടെ മകന് എന്ത് അധികാരമാണുള്ളത്? അവർ മുഴുവൻ സക്കാത്തും കൊടുക്കുന്നതുവരെ ഞാൻ അവരോട് പൊരുതുന്നതാണ്. അവർ നബി(സ)തിരുമേനിയുടെ കാലത്ത് ഒട്ടകത്തെ കെട്ടുന്ന കയറിന് സക്കാത്ത് കൊടുത്തിരുന്നുവെങ്കിൽ ഞാൻ അതും വാങ്ങുന്നതുവരെ അവരോടു പൊരുതുന്നതാണ്.

ആ സമയത്താണ് സ്വഹാബാക്കൾക്ക് അല്ലാഹു സൃഷ്ടിച്ച ഖലീഫ എത്രമാത്രം ധൈര്യവും ചങ്കൂറ്റവുമുള്ള ആളാണെന്ന് മനസ്സിലായത്. അവസാനം ഹദ്റത്ത് അബൂബക്ർ(റ) അവരെ കീഴ്പ്പെടുത്തുകയും അവരിൽനിന്ന് സക്കാത്ത് വാങ്ങുകയും ചെയ്തു.(ഇസ്‌ലാഹെ നഫ്സ്, അൻവാറുൽഉലൂം, വാള്യം 5, പേജ് 452)

ഹദ്റത്ത് അബൂബക്കറിന്റെ സാമ്പത്തിക ത്യാഗത്തെ കുറിച്ച് ഒരു ഗ്രന്ഥകാരൻ എഴുതുന്നു: "ഹദ്റത്ത് അബൂബക്ർ വിശ്വാസിയായ കാലത്ത് അദ്ദേഹത്തിന്റെ പക്കൽ നാല്പതിനായിരം ദിർഹമിന്റെ വലിയ തുക ഉണ്ടായിരുന്നു. കച്ചവടധനവും സ്വത്തും ഇതിനു പുറമെയായിരുന്നു. മറ്റൊരു നിവേദനമനുസരിച്ച് അദ്ദേഹത്തിന്റെ പക്കൽ ഒരു മില്യൺ അതായത് പത്തുലക്ഷം ദിർഹം റൊക്കമായിട്ടുണ്ടായിരുന്നു. മക്കയിൽ പൊതു മുസ്‌ലിമീങ്ങളുടെ സഹായത്തിനും ദരിദ്രരായ മുസ്‌ലിമീങ്ങളുടെ സംരക്ഷണത്തിനും വേണ്ടി ആയിരക്കണക്കിന് ദിർഹം ചെലവഴിക്കുകയുണ്ടായി. ഹിജ്റത്തിന്റെ വേളയിൽ അഞ്ചാറായിരം ദിർഹം റൊക്കമായി കരുതിയിരുന്നു. ഒരു നിവേദനമനുസരിച്ച് ഈ തുക മുഴുവൻ നബി(സ)തിരുമേനിയുടെ ആവശ്യങ്ങൾക്കുവേണ്ടി വെച്ചതായിരുന്നു. അത് മദീന ഹിജ്റത്ത് വേളയിൽ കൊണ്ടുവരികയുണ്ടായി. ഈ തുകകൊണ്ട് അദ്ദേഹം ഹിജ്റത്ത് വേളയിൽ യാത്ര ച്ചെലവുകൾക്ക് പുറമെ നബി(സ)തിരുമേനിയുടെ കുടുംബത്തിൽ ചിലരുടെ യാത്രച്ചെലവുകളും വഹിക്കുകയുണ്ടായി. മദീനയിൽ മുസ്‌ലിമീങ്ങൾക്ക് കുറച്ചു സ്ഥലവും വാങ്ങുകയുണ്ടായി.(മഖാലാത്തെ സീറത്ത്, ഡോക്ടർ മുഹമ്മദു ഹുമയൂൺ അബ്ബാസ് ശംസ്, വാള്യം 2, പേജ് 433–434, മക്തബ ഇസ്‌ലാമിയ്യ ലാഹോർ 2015)(അത്ത്വബഖാത്തുൽകുബ്റാ, വാള്യം 3, പേജ് 128, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: നബി(സ)തിരുമേനി വഫാത്തായ അവസാന രോഗാവസ്ഥയിൽ നബി(സ)തിരുമേനി പുറത്തുവന്നു. നബി(സ)തിരുമേനിയുടെ തലയിൽ ഒരു തുണി കെട്ടിയിട്ടുണ്ടായിരുന്നു. മിമ്പറിൽ കയറി. അല്ലാഹുവിനെ സ്തുതിച്ചതിനുശേഷം പറഞ്ഞു: "ജനങ്ങളിൽനിന്ന് ജീവൻകൊണ്ടും സമ്പത്തുകൊണ്ടും അബൂബക്ർ ബിൻ അബീ ഖുഹാഫയെക്കാളുമധികം നന്മ മറ്റാരും എന്നോട് കാണിച്ചിട്ടില്ല." (സ്വഹീഹുൽ ബുഖാരി, കിതാബുസ്സ്വലാത്ത്, നിവേദന നമ്പർ 467)

ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഹദ്റത്ത് അബൂബക്റിന്റെ സമ്പത്ത് എനിക്കുപകാരപ്പെട്ടതുപോലെ മറ്റാരുടെ ധനവും എനിക്ക് ഉപകാരപ്പെട്ടിട്ടില്ല. നിവേദകൻ പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ) ഇതു കേട്ടപ്പോൾ കരയാൻ തുടങ്ങി. എന്നിട്ട് ഭവ്യതയോടു കൂടി പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാനും എന്റെ സമ്പത്തും അങ്ങയ്ക്കുവേണ്ടി മാത്രമുള്ളതാകുന്നു. (സുനൻ ഇബ്നുമാജ, മുഖദ്ദമ, ബാബു ഫീ ഫളാഇലി അസ്‌ഹാബുന്നബിയ്യി(സ)ഹദീഥ് നമ്പർ 94)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഒരു ജിഹാദിന്റെ സന്ദർഭത്തെ കുറിച്ച് ഹദ്റത്ത് ഉമർ(റ) പറയുന്നു, ഹദ്റത്ത് അബൂബക്ർ(റ) എപ്പോഴും എന്നെക്കാൾ മുൻകടക്കുന്നു. ഇന്ന് അദ്ദേഹത്തേക്കാളും മുന്നേറാമെന്നു ഞാൻ കരുതി. ഈ ധാരണയുമായി ഞാൻ വീട്ടിൽ പോകുകയും വീട്ടിലെ പകുതി സമ്പത്തുമായി നബി(സ) തിരുമേനിയുടെ സവിധത്തിൽ സമർപ്പിക്കാൻ കൊണ്ടുവരുകയും ചെയ്തു, ആ കാലം ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസകരമായ അവസ്ഥയായിരുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്ർ ആകട്ടെ. തന്റെ മുഴുവൻ സമ്പത്തും കൊണ്ടുവന്നിരുന്നു. മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഹദ്റത്ത് അബൂബക്ർ തന്റെ എല്ലാ സ്വത്തും പുതപ്പും വിരിയും കിടക്കകളുമൊക്കെയായി എത്തിയിട്ടുണ്ടായിരുന്നു. ഏതായിരുന്നാലും നബി(സ)തിരുമേനിയുടെ സവിധത്തിൽ എല്ലാ സമ്പത്തും സമർപ്പിച്ചു. നബി(സ) തിരുമേനി ചോദിച്ചു. അബൂബക്ർ വീട്ടിൽ എന്താണ് ഉപേക്ഷിച്ചു വന്നത്. അദ്ദേഹം പറഞ്ഞു: അല്ലാഹുവിനെയും അവന്റെ റസൂലിനെയും മാത്രം! ഹദ്റത്ത് ഉമർ(റ) പറയുന്നു: അതുകേട്ടപ്പോൾ എനിക്ക് വളരെയേറെ ലജ്ജ തോന്നി. ഇന്ന് ഞാൻ മുഴുവൻ ശക്തി ഉപയോഗിച്ച് അബൂബക്റിനെക്കാളും മുന്നേറാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, ഇന്നും അബൂബക്റാണ് മുന്നേറിയത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അബൂബക്ർ തന്റെ മുഴുവൻ സമ്പത്തും കൊണ്ടുവന്നെങ്കിൽ പിന്നെ വീട്ടുകാർക്കുവേണ്ടി എന്താണ് ബാക്കി വെച്ചതെന്ന് ആരെങ്കിലും പറഞ്ഞേക്കാം. ഇതു സംബന്ധിച്ച് മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഇതുകൊണ്ടുള്ള വിവക്ഷിതം വീട്ടിലെ മുഴുവൻ സാധനങ്ങളുമായിരുന്നു. അദ്ദേഹം കച്ചവടക്കാരനായിരുന്നു. കച്ചവടത്തിന് വെച്ചിരുന്ന സമ്പത്തല്ല കൊണ്ടുവന്നിരുന്നത്. വീടും വിറ്റ് വന്നിട്ടുണ്ടായിരുന്നില്ല. (ഫളാഇലുൽ ഖുർആൻ(3), അൻവാറുൽ ഉലൂം വാള്യം 11, പേജ് 577) (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 37, പേജ് 134 –135) പ്രത്യുത അദ്ദേഹം വീട്ടിലെ സാധനങ്ങളാണ് കൊണ്ടുവന്നിരുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഈ സംഭവത്തിൽ നിന്ന് ഹദ്റത്ത് അബൂബക്റിന്റെ രണ്ടു ശ്രേഷ്ഠതകൾ വ്യക്തമാകുന്നുണ്ട്. ഒന്ന് ത്യാഗത്തിൽ എല്ലാവരേക്കാളും മുൻപന്തിയിലായിരുന്നു. രണ്ട്, എല്ലാ സമ്പത്തും കൊണ്ടുവന്നെങ്കിലും ഏറ്റവുമാദ്യമെത്തുകയും ചെയ്തു. എന്നാൽ, കുറച്ച് കൊടുത്ത ആളുകൾ എത്ര വീട്ടിൽ വെക്കണം, എത്ര കൊടുക്കണമെന്ന ചിന്തയിലായിരുന്നു. പക്ഷേ, ഇതൊക്കെ ആയിട്ടും ഹദ്റത്ത് അബൂബക്ർ ആരെ കുറിച്ചും ആക്ഷേപിച്ചതായി കാണാൻ കഴിയുന്നതല്ല. എല്ലാ സമ്പത്തും കൊണ്ടുവന്നതിനു ശേഷം നോക്കൂ, ഞാൻ ഇത്രയൊക്കെ കൊണ്ടുവന്നു, മറ്റുള്ളവർ കൊണ്ടുവന്നില്ല എന്ന ആക്ഷേപം അദ്ദേഹം ഉന്നയിച്ചില്ല.

അബൂബക്ർ(റ) ത്യാഗം ചെയ്യുമ്പോഴും കരുതിയത് ഇനിയും താൻ അല്ലാഹുവിന് കൊടുക്കേണ്ടവനാണെന്നായിരുന്നു. ഇത് കൊടുത്തുകൊണ്ട് താൻ അല്ലാഹുവിനോട് ഔദാര്യമല്ല ചെയ്യുന്നത്. മറിച്ച് ഇതിനുള്ള തൗഫീഖ് കിട്ടിയത് അവന്റെ ഔദാര്യമാകുന്നു. (ഖുത്ബാത്തെ മഹ്മൂദ് വാള്യം 17, പേജ് 580)

ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സാമ്പത്തികത്യാഗം ചെയ്യുന്നവർ അവരവരെ തന്നെയാണ് നോക്കേണ്ടത്. മുനാഫിഖീങ്ങളെ പോലെയാകരുത്. അവർ ചന്ദ കൊടുക്കുന്നില്ല. കുറച്ച് കൊടുത്തെങ്കിൽത്തന്നെ അവർ ആക്ഷേപം ഉന്നയിച്ചുകൊണ്ട് പറയുന്നു, ഇന്ന വ്യക്തി വളരെ കുറച്ചാണ് കൊടുത്തത്. ഇത്രയാണ് കൊടുത്തത് എന്നെല്ലാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സ്വഹാബാക്കളുടെ ഈ പരിശുദ്ധ ജമാഅത്തിന്റെ സ്തുതിയാൽ വിശുദ്ധ ഖുർആൻ നിറഞ്ഞിരിക്കുന്നു. നിങ്ങളും അങ്ങനെയുള്ളവരാണോ? അല്ലാഹു പറയുന്നു: 'ഹദ്റത്ത് മസീഹിന്റെ കൂടെയുള്ളവർ സ്വഹാബാക്കളുടെ തോളോടുതോൾ ചേർന്നവരായിരിക്കും. സ്വഹാബാക്കൾ തങ്ങളുടെ സമ്പത്തും നാടും ദൈവമാർഗത്തിൽ കൊടുത്തവരായിരുന്നു. അവരെല്ലാം ഉപേക്ഷിച്ചു. ഹദ്റത്ത് സിദ്ദീഖുൽ അക്ബർ(റ)നെ കുറിച്ച് എല്ലാവരും കേട്ടിരിക്കും. ഒരിക്കൽ ദൈവമാർഗത്തിൽ സമ്പത്ത് കൊടുക്കാൻ കല്പന ഉണ്ടായപ്പോൾ വീട്ടിലെ എല്ലാ മുതലും അദ്ദേഹം കൊണ്ടുവന്നു. നബി(സ)തിരു മേനി ചോദിച്ചു. എന്താണ് കൊണ്ടുവന്നത്? വീട്ടിലെന്താണ് ബാക്കിയുള്ളത്? അദ്ദേഹം പറഞ്ഞു: അല്ലാഹുവും റസൂലുമാണ് വീട്ടിൽ ബാക്കിയുള്ളത്.

മക്കക്കാരുടെ നേതാവ് ദരിദ്രരുടെ കമ്പിളി വസ്ത്രവും പുതച്ചെത്തി. അറിയുക അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ശഹീദായി. അവരെ സംബന്ധിച്ച് എഴുതിയിരിക്കുന്നത് വാളുകൾക്ക് കീഴിൽ സ്വർഗ്ഗമുണ്ടെന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'സഹാബാക്കളുടെ അവസ്ഥ നോക്കുക. പരീക്ഷണഘട്ടം വന്നപ്പോൾ കൈയിലുണ്ടായിരുന്നത് മുഴുവനും അല്ലാഹുവിന്റെ മാർഗത്തിൽ കൊടുത്തു. ഏറ്റവുമാദ്യം ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് കമ്പിളിയും പുതച്ചെത്തി. പിന്നെ ആ കമ്പിളിക്കുള്ള പ്രതിഫലവും അല്ലാഹു കൊടുത്തു. അതായത് എല്ലാം കൊടുത്തു. ഒരു കമ്പിളി മാത്രം പുതച്ചാണ് വന്നത്. അല്ലാഹു നൽകിയ പ്രതിഫലം എന്തായിരുന്നു. അദ്ദേഹം തന്നെയാണ് ഏറ്റവുമാദ്യം ഖലീഫയായത്. ചുരുക്കത്തിൽ യഥാർഥ മേന്മക്കും നന്മക്കും ആത്മീയാനന്ദം ലഭ്യമാകുന്നതിനും ആ സമ്പത്ത് മാത്രമേ പ്രയോജനപ്പെടുകയുള്ളൂ. യഥാർഥ നന്മ ഏറ്റവുമാദ്യം പ്രവർത്തിക്കുക എന്നതാണ്. പറയുന്നു: നന്മയും ആത്മീയാനുഭൂതികളും കരസ്ഥമാകുന്നതിന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച സമ്പത്തു മാത്രമേ ഉപകാരപ്പെടുകയുള്ളൂ." (മൽഫൂളാത്ത് വാള്യം1, പേജ് 210 –211, 1984 പതിപ്പ്) ഇൻശാ അല്ലാഹ് ബാക്കി പിന്നീട് തുടരുന്നതാണ്.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

വിടെയൊക്കെ അഭിവൃദ്ധികളെ കുറിച്ച് പ്രവചനം ചെയ്തിട്ടുണ്ടോ അവിടയൊക്കെ ഭാവിയിലുണ്ടാകുന്ന അപകടങ്ങളിൽനിന്ന് രക്ഷപെടാനും കല്പന നല്കിയിരിക്കുന്നു. അവയെ കുറിച്ചും പറഞ്ഞുതന്നു. തൗഹീദിനെ ആദ്യം വെച്ചിരിക്കുന്നത് ഒരു പാപവും ശിർക്ക് കൂടാതെ ഉണ്ടാകുകയില്ലെന്നുള്ളതുകൊണ്ടാണ്.

എന്റെ പക്കൽ സകല പാപവും യഥാർഥത്തിൽ ശിർക്കിന്റെതന്നെ ശാഖകളാണ്. പാപത്തിന്നിരയാകുന്ന മനുഷ്യൻ പാപത്തിൽ അകപ്പെടുന്നത് അവൻ ദൈവത്തിന്റെ സത്തയിലും സവിശേഷഗുണത്തിലും പൂർണമായ വിശ്വാസവും തവക്കുലും വെക്കാത്തതുകൊണ്ടാണ്. തൗഹീദിന്റെ പ്രശ്നം നന്മകൾക്ക് ഒരു ബീജമെന്നപോലെയാണ്. സർവമതങ്ങളും സർവധാർമികഗുണങ്ങളും ഇതേ കേന്ദ്രത്തിനുചുറ്റും വലം വെക്കുന്നു. തൗഹീദിന്റെ വിശ്വാസം സ്വീകരിക്കുന്നില്ലെങ്കിൽ പ്രകൃതി നിയമത്തിന്റേയും മതനിയമത്തിന്റേയും അടിത്തറ ഇളകിപ്പോകുന്നു. ശരീഅത്ത് നിയമത്തിന്റെ ബന്ധം വ്യക്തമായതുതന്നെയാണ്. എന്നാൽ, പ്രകൃതിനിയമത്തിന്റെ എല്ലാ അഭിവൃദ്ധികളും ശാസ്ത്രത്തിന്റെ എല്ലാ അടിത്തറയും തൗഹീദിൽത്തന്നെയാണ്. കാരണം വിവിധദൈവങ്ങളെ അംഗീകരിക്കുകയാണെങ്കിൽ അവരുടേത് വിവിധനിയമങ്ങൾ ആയിരിക്കേണ്ടതാണ്. അല്ലെങ്കിൽ കുറഞ്ഞ പക്ഷം അതിൽ വിവിധ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ അതായത് ഒരു സ്ഥിരമായ നിയമവും പ്രകൃതി നിയമത്തിന്റെ ഒരു നിലനില്ക്കുന്ന പരമ്പരയും ലോകത്ത് നടന്നുവരുന്നില്ലെങ്കിൽ വൈജ്ഞാനികമായ സകല അഭിവൃദ്ധികളും പൊടുന്നനെ നിലച്ചുപോകുന്നതാണ്. കാരണം ശാസ്ത്രത്തിന്റെ അഭിവൃദ്ധിയും കണ്ടുപിടിത്തങ്ങളുടെ വികാസത്തിന്റെ അടിത്തറയും അതിൽത്തന്നെയാണ്. അതായത് ലോകത്ത് ഒരു സംഘടിതമായതും മാറ്റപ്പെടാത്തതുമായ നിയമം നിലനില്ക്കുന്നതിലാണ്. ലോകത്ത് ഒരു വ്യവസ്ഥിതിയുമില്ലെന്നും അല്ലെങ്കിൽ വ്യവസ്ഥിതി മാറിക്കൊണ്ടിരിക്കുന്നുവെന്നും മനുഷ്യൻ വിചാരിക്കുന്നുവെങ്കിൽ അവനൊരിക്കലും പ്രകൃതി നിയമത്തിന്റെ സൂക്ഷ്മമായ കാര്യങ്ങൾ അന്വേഷിക്കുന്നതിലേക്ക് ശ്രദ്ധിക്കാൻ പറ്റുകയില്ല.(തഫ്സീറെ കബീർ, വാള്യം 4, പേജ് 320, പ്രസാധനം ഖാദിയാൻ 2010)

## ഖുത്ബ ജുമുഅ

"അദ്ദേഹം നുബുവ്വത്താകുന്ന പുസ്തകത്തിന്റെ നേർപകർപ്പായിരുന്നു."(ഹദ്റത്ത് മസീഹ് മൗഊദ്(അ))

"ഇവർ രണ്ടു പേരുടേയും(ഹദ്റത്ത് അബൂബക്ർ(റ)ഹദ്റത്ത് ഉമർ(റ)) ഖിലാഫത്തിൽ ഇസ്‌ലാമിന് വളരെയധികം സൽഫലങ്ങൾ ലഭിക്കുകയും വിവിധങ്ങളായ വിജയങ്ങളുടേയും സഫലതകളുടേയും പരിപൂർണമായ സൗരഭ്യംകൊണ്ട് സുഗന്ധപൂരിതമാക്കപ്പെടുകയും ചെയ്തു.'

"അദ്ദേഹത്തിന്റെ സ്തുത്യർഹമായ ഗുണങ്ങൾ സൂര്യനെപോലെ തിളങ്ങുന്നതാകുന്നു."

"അദ്ദേഹത്തിന്റെ സ്ഥാനവും മാഹാത്മ്യവും വെളിപ്പെടുത്തുന്നതിന് നബി(സ)തിരുമേനി സ്വഹാബാക്കളിൽ അദ്ദേഹത്തെയല്ലാതെ മറ്റൊരു സ്വഹാബിയേയും സിദ്ദീഖ് എന്ന് പറഞ്ഞില്ല."

"അദ്ദേഹത്തിന്റെ സകല സന്തോഷവും ഇസ്‌ലാമിന്റെ മഹോന്നതനാമമുയർത്തുന്നതിലും നബി(സ)തിരുമേനിയെ അനുധാവനം ചെയ്യുന്നതിലുമായിരുന്നു."

**"ഹദ്റത്ത് അബൂബക്ർ(റ) ഇസ്‌ലാമിന്റെ രണ്ടാം ആദമായിരുന്നു."**

"അദ്ദേഹം(റ) പരിപൂർണമായ മഅ്‌രിഫത്ത് ഉൾക്കൊള്ളുന്ന ആരിഫ് ബില്ലായും സഹനശീലത്തിന്റേയും ദയാവായ്പിന്റേയും സ്വഭാവത്തിന്റെ ഉടമയുമായിരുന്നു. വിനയാന്വിതവും അതിഥികളുടേതുപോലുള്ള താഴ്മയുള്ള ജീവിതവുമാണ് അദ്ദേഹം നയിച്ചത്. ഏറെ പൊറുക്കുകയും മാപ്പാക്കുകയും ചെയ്യുന്ന ആളായിരുന്നു. വാത്സല്യത്തിന്റേയും കാരുണ്യത്തിന്റേയും ആൾരൂപമായിരുന്നു."

"ഹദ്റത്ത് സിദ്ദീഖിന്റെ(റ)ബഹുമാനിക്കപ്പെടുന്ന വ്യക്തിത്വം പ്രത്യാശയുടേയും ദൈവഭയത്തിന്റേയും, ദൈവത്തോടുള്ള പേടിയുടേയും തീവ്രഅഭിലാഷത്തിന്റേയും, മൈത്രിയുടേയും സ്നേഹത്തിന്റേയും കേദാരമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം സത്യസന്ധതയിലും പരിശുദ്ധിയിലും തികവുറ്റതായിരുന്നു. അദ്ദേഹം എല്ലാം അല്ലാഹുവിലേക്ക് വിച്ഛേദിച്ചവനായിരുന്നു."

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത ഉപദേശത്തിന്റെ വെളിച്ചത്തിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ഉന്നതമായ സ്ഥാനത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന വിവരണം**

**ഖുത്ബ ജുമുഅ 2022 ഡിസംബർ 09/1401 ഫതഹ് 09**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

കഴിഞ്ഞ ജുമുഅ ഖുത്ബയുടെ അവസാനത്തിൽ ഹദ്റത്ത് അബൂബക്ർ(റ)നെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ കേൾപ്പിച്ചിട്ടുണ്ടായിരുന്നു. ഇതിനെ കുറിച്ചുതന്നെ അദ്ദേഹത്തിന്റെ കുറച്ചുകൂടി ഉദ്ധരണികൾ കേൾപ്പിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നിസ്സംശയം ഹദ്റത്ത് അബൂബക്ർ സിദ്ദീഖും(റ) ഉമർ ഫാറൂഖും(റ) അല്ലാഹുവിനുവേണ്ടി ഉയർന്ന കൊടുമുടികൾ താണ്ടിയ സംഘത്തിന്റെ നേതാക്കളായിരുന്നു. അവർ പരിഷ്കൃതരേയും അപരിഷ്കൃതരേയും സത്യത്തിലേക്ക് ക്ഷണിച്ചു. എത്രത്തോളമെന്നാൽ, അവരുടെ ക്ഷണം വിദൂരദേശങ്ങളിലും വ്യാപിച്ചു. ഇവർ രണ്ടു പേരുടേയും ഖിലാഫത്തിൽ ഇസ്‌ലാമിന് വളരെയധികം സൽഫലങ്ങൾ ലഭിക്കുകയും വിവിധങ്ങളായ വിജയങ്ങളുടേയും സഫലതകളുടേയും പരിപൂർണമായ സൗരഭ്യം കൊണ്ട് സുഗന്ധപൂരിതമാക്കപ്പെടുകയും ചെയ്തു.

ഇസ്‌ലാം സിദ്ദീഖെ അക്ബറിന്റെ(റ) കാലത്ത് പല തരത്തിലുള്ള കുഴപ്പങ്ങളുടെ അഗ്നിയാൽ വളയപ്പെട്ടു. കൊള്ളസംഘങ്ങൾ അവന്റെ(അല്ലാഹുവിന്റെ) ജമാഅത്തിനുമേൽ കടന്നാക്രമണം നടത്തി അതിനെ കൊള്ളയടിച്ച് വിജയഭേരി മുഴക്കാൻ തുനിയുകയായിരുന്നു. അപ്പോൾ ഹദ്റത്ത് അബൂബക്റിന്റെ സ്വിദ്ഖ് അഥവാ സത്യസന്ധത കാരണം പ്രതാപവാനായ അല്ലാഹു ഇസ്‌ലാമിനെ സഹായിക്കാനെത്തി. അഗാധമായ ഗർത്തത്തിൽനിന്ന് അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ധനത്തെ പുറത്തെടുത്തു. അങ്ങനെ ഇസ്‌ലാം അധഃപതനത്തിന്റെ അവസ്ഥയിൽനിന്ന് അഭിവൃദ്ധിയിലേക്ക് തിരിച്ചുവന്നു. നീതിയോടെ നോക്കുകയാണെങ്കിൽ നമ്മൾ ആ സഹായിക്ക് നന്ദി പ്രകടിപ്പിക്കുകയും ശത്രുക്കളെ വകവെക്കാതിരിക്കുകയുമാണ് ചെയ്യേണ്ടത്. നിന്റെ നേതാവിനേയും യജമാനനേയും സഹായിക്കുകയും നിന്റെ ദീനിനെയും ഗൃഹത്തെയും സംരക്ഷിക്കുകയും അല്ലാഹുവിനുവേണ്ടി നല്ലത് ആഗ്രഹിക്കുകയും നിന്നോട് പ്രതിഫലം ആഗ്രഹിക്കാതിരിക്കുകയും ചെയ്ത വ്യക്തിയിൽനിന്ന് നീ മുഖം തിരിക്കാതിരിക്കുക. ഇത് വളരെ അത്ഭുതാവഹമായ കാര്യമാണ്. സിദ്ദീഖെ അക്ബറിന്റെ ജീവിതത്തോടു എങ്ങനെ വിരോധം വെച്ച് പുലർത്താനാകും? യാഥാർഥ്യമെന്തെന്നാൽ അദ്ദേഹത്തിന്റെ സ്തുത്യർഹമായ ഗുണങ്ങൾ സൂര്യനെ പോലെ തിളങ്ങുന്നതാകുന്നു. സംശയമന്യേ ഓരോ വിശ്വാസിയും അദ്ദേഹം നട്ട വൃക്ഷത്തിൽനിന്ന് ഫലം ഭക്ഷിക്കുകയും അദ്ദേഹം പഠിപ്പിച്ച ജ്ഞാനങ്ങളിൽനിന്ന് അനുഗ്രഹമുൾക്കൊള്ളുകയും ചെയ്യുന്നു. അദ്ദേഹം നമുക്കും നമ്മുടെ ദീനിനും യഥാർഥവും വ്യാജവും തമ്മിലുള്ള തിരിച്ചറിവും നമ്മുടെ ഭൗതികതക്ക് സമാധാനവും ശാന്തിയും പ്രദാനം ചെയ്തു. ആരാണോ അദ്ദേഹത്തെ നിഷേധിക്കുന്നത് അവർ കള്ളം പറയുകയും നാശത്തെയും ശയ്ത്വാനെയും കണ്ടുമുട്ടുകയും ചെയ്യുന്നു." പറഞ്ഞു: "ആരിലാണോ അദ്ദേഹത്തിന്റെ നിലയും പദവിയും സംശയമുള്ളതായിരുന്നത് അത്തരക്കാർ തെറ്റുകാരാണ്. അവർ സമൃദ്ധമായ ജലത്തെ വളരെ കുറച്ചാണെന്ന് മനസ്സിലാക്കി. അവർ കോപത്താൽ എഴുന്നേൾക്കുകയും പ്രഥമസ്ഥാനത്തെ ആദരണീയനും ബഹുമാന്യനുമായ വ്യക്തിയെ നിന്ദിക്കുകയും ചെയ്തു."

അദ്ദേഹം പറഞ്ഞു: "ഹദ്റത്ത് സിദ്ദീഖിന്റെ(റ) ബഹുമാനിക്കപ്പെടുന്ന വ്യക്തിത്വം പ്രത്യാശയുടേയും ദൈവഭയത്തിന്റേയും, ദൈവത്തോടുള്ള പേടിയുടേയും തീവ്രഅഭിലാഷത്തിന്റേയും, മൈത്രിയുടേയും സ്നേഹത്തിന്റേയും കേദാരമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം സത്യസന്ധതയിലും പരിശുദ്ധിയിലും തികവുറ്റതായിരുന്നു. അദ്ദേഹം എല്ലാം അല്ലാഹുവിലേക്ക് വിച്ഛേദിച്ചവനായിരുന്നു. അദ്ദേഹം സ്വേച്ഛയിൽ നിന്നും അതിന്റെ അഭിരുചികളിൽനിന്നും തികച്ചും ഒഴിഞ്ഞവനും സ്വാർഥതയിൽ നിന്നും അതിന്റെ വികാരങ്ങളിൽനിന്നും പൂർണമായും ദൂരപ്പെട്ടവനുമായിരുന്നു. അദ്ദേഹം ഏറ്റവുമധികം ഭൗതിക വിരക്തിയുള്ള ആളുമായിരുന്നു. അദ്ദേഹത്തിൽനിന്ന് നന്മ മാത്രമാണ് വെളിപ്പെട്ടത്. അദ്ദേഹത്തിൽനിന്ന് വിശ്വാസികൾക്ക് വിജയവും അഭിവൃദ്ധിയും മാത്രമാണ് പ്രകടമായത്. അദ്ദേഹം പ്രയാസവും ദുഃഖവും നൽകുന്നവരുടെ ആരോപണങ്ങളിൽനിന്ന് തികച്ചും പരിശുദ്ധനായിരുന്നു. അതുകൊണ്ട് ആഭ്യന്തര കലഹങ്ങളിലേക്ക് നോക്കുന്നതിനുപകരം അതിനെയെല്ലാം നന്മയിലേക്ക് മാറ്റുക. നിനക്കറിയുമോ, അദ്ദേഹം തന്റെ റബ്ബിന്റെ കൽപനകളും സന്തോഷവും കരസ്ഥമാക്കുവാൻ വേണ്ടി തന്റെ ശ്രദ്ധ തന്റെ മക്കളിലേക്കല്ല തിരിച്ചത്. അതായത് അവരെ സമ്പന്നരും അതല്ലെങ്കിൽ അവരെ തന്റെ സമ്പത്തിന്റെ പങ്കാളിയുമാക്കിയില്ല. അദ്ദേഹം ഈ ലോകത്ത് നിന്ന് തന്റെ ആവശ്യത്തിനുള്ളത്ര മാത്രമേ പങ്കുപറ്റിയുള്ളൂ. എന്നിരിക്കെ അദ്ദേഹം നബി(സ)തിരുമേനിയുടെ കുടുംബത്തിനുമേൽ ആക്രമണം കാണിച്ചു എന്ന് എങ്ങനെ കരുതാൻ പറ്റും?" (സിർറുൽഖിലാഫ(മുത്തർറജിം), പേജ് 79-82)

വീണ്ടും പറയുന്നു: അല്ലാഹു സിദ്ദീഖ്(അക്ബറി)നുമേൽ കാരുണ്യം വാർഷിക്കുമാറാകട്ടെ. അദ്ദേഹം ഇസ്‌ലാമിനെ ജീവിപ്പിക്കുകയും കപടന്മാരെ കൊല്ലുകയും ഖിയാമത്തുവരേക്കും തന്റെ നന്മയുടെ അനുഗ്രഹങ്ങളെ നിലനിറുത്തുകയും ചെയ്തു. അദ്ദേഹം ഏറെ കരയുന്നവനും അല്ലാഹുവിന് വേണ്ടി എല്ലാം ത്യജിച്ചവനുമായിരുന്നു. ദുആകളിൽ ഏറെ താഴ്മ കാണിക്കുന്നവനും അല്ലാഹുവിന്റെ സവിധത്തിൽ വീണു കിടക്കുന്നവനും അവന്റെ പടിവാതിൽക്കൽ താഴ്മയോടുകൂടി കുനിയുന്ന ആളുമായിരുന്നു. അവന്റെ കോന്തലയെ മുറുകെ പിടിക്കുന്നതും അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. അദ്ദേഹം സുജൂദിൽ ആയിരിക്കുമ്പോൾ ദുആകളിൽ ഏറെ ശക്തി ചെലുത്തിയിരുന്നു. തിലാവത്ത് ചെയ്യുമ്പോൾ കരയുമായിരുന്നു."

അദ്ദേഹം തീർച്ചയായും ഇസ്‌ലാമിന്റെയും പ്രവാചകന്മാരുടെയും അഭിമാനമായിരുന്നു. അദ്ദേഹത്തിന്റെ ശുദ്ധമായ പ്രകൃതം സൃഷ്ടികുലോത്തമനായ നബി(സ)തിരുമേനിയുടെ പ്രകൃതവുമായി ഏറെ സാ

മീപ്യമുള്ളതായിരുന്നു. അദ്ദേഹം നുബുവ്വത്തിന്റെ സുഗന്ധത്തെ സ്വാംശീകരിക്കുന്നതിന് തയ്യാറായവരിൽ പ്രഥമനായിരുന്നു. നബി(സ)തിരുമേനി മുഖേന ഖിയാമത്തുപോലുള്ള ആത്മീയവിപ്ലവം സംജാതമായപ്പോൾ അദ്ദേഹം അത് ദർശിക്കുന്നവരിൽ ഏറ്റവും പ്രഥമനായിരുന്നു. അദ്ദേഹം മാലിന്യങ്ങൾകൊണ്ട് മലീമസമായ പുതപ്പുകളെ പരിശുദ്ധമാക്കി മാറ്റുന്നവരിൽ ഒന്നാമനായിരുന്നു. പ്രവാചകന്മാരുടെ നിരവധി ഗുണങ്ങളാൽ അദ്ദേഹം പ്രവാചകന്മാരെ പോലെ ആയിരുന്നു.

“നമുക്ക് വിശുദ്ധ ഖുർആനിൽ അദ്ദേഹത്തെ കുറിച്ചല്ലാതെ മറ്റൊരു സ്വഹാബിയെ കുറിച്ചുള്ള പരാമർശവും ഊഹാപോഹങ്ങൾ വെച്ച് പുലർത്തുന്നവർക്ക് അതീതമായി കൃത്യമായും ഉറപ്പായും കാണാൻ കഴിയുന്നില്ല. ഊഹങ്ങൾക്ക് യാഥാർഥ്യത്തിനു മുന്നിൽ ഒരു പ്രസക്തിയുമില്ല. മാത്രമല്ല സത്യാന്വേഷകർക്ക് അത് തൃപ്തി നൽകുന്നതുമല്ല. അദ്ദേഹത്തോട് ശത്രുത പുലർത്തുന്ന വ്യക്തിക്കും സത്യത്തിനുമിടയിൽ ഒരു അടഞ്ഞ കവാടം തടസ്സമായി കിടക്കുന്നു. അത് സിദ്ദീഖുമാരുടെ നേതാവിലേക്ക് തിരിയാതെ തുറക്കപ്പെടുന്നതല്ല.” (സിർറുൽഖിലാഫ(മുത്തർറജിം)പേജ് 99–100)

വീണ്ടും അദ്ദേഹം പറയുന്നു: “സിദ്ദീഖിന്റെ സൃഷ്ടിപ്പ് അനുഗ്രഹങ്ങളുടെ ഉറവിടത്തിലേക്ക് ശ്രദ്ധ തിരിയാനും നബി(സ)തിരുമേനിയിലേക്ക് മുഖം തിരിക്കാനുള്ള രൂപത്തിലുമാണ് ഉണ്ടായിട്ടുള്ളത്. അദ്ദേഹം നുബുവ്വത്തിന്റെ സവിശേഷതകളുടെ പ്രകടനത്തിൽ എല്ലാ മനുഷ്യന്മാരെക്കാളും കൂടുതൽ അർഹതയുള്ളവനായിരുന്നു. അദ്ദേഹം നബി(സ) തിരുമേനിയുടെ ഖലീഫയാകാൻ ഏറ്റവും പ്രഥമനായിരുന്നു. അദ്ദേഹം തന്റെ യജമാനരായ നബി(സ)തിരുമേനിയുമായി ഏറ്റവുമധികം ഐക്യവും താദാത്മ്യവും പ്രാപിക്കാൻ അർഹനായിരുന്നു. മാത്രമല്ല അദ്ദേഹം നബി(സ)തിരുമേനിയുടെ എല്ലാ സ്വഭാവഗുണങ്ങളും സ്വാംശീകരിക്കാൻ വ്യക്തിഗതവും അല്ലാത്തതുമായ ബന്ധങ്ങൾ ഉപേക്ഷിക്കുന്നതിൽ നബി(സ)തിരുമേനിയുടെ പ്രതീകമായിരുന്നു. എത്രത്തോളമെന്നാൽ വാളുകളുടെയോ അമ്പുകളുടെയോ സമ്മർദ്ദങ്ങൾകൊണ്ട് അവർക്കിടയിലുള്ള ബന്ധം ഇല്ലാതാക്കാൻ കഴിഞ്ഞില്ല. അദ്ദേഹം എല്ലാ സമയത്തും ആ അവസ്ഥയിൽത്തന്നെ നിലകൊണ്ടു. പ്രയാസങ്ങളും ഭയപ്പെടുന്ന അവസ്ഥകളും ശാപവർഷങ്ങളും ഒന്നും തന്നെ അദ്ദേഹത്തെ പരിഭ്രാന്തനാക്കിയില്ല.

“അദ്ദേഹത്തിന്റെ ആത്മാവിന്റെ ശ്രേഷ്ഠതയിൽ സത്യസന്ധതയും പരിശുദ്ധിയും സ്ഥൈര്യവും ദൈവഭയവുമുണ്ടായിരുന്നു. സകല ലോകവും മുർത്തദ്ദാകുകയാണെങ്കിലും അദ്ദേഹം അത് ഗൗനിക്കുമായിരുന്നില്ല, പിന്മാറുകയും ചെയ്യുമായിരുന്നില്ല. മറിച്ച് സദാസമയവും തന്റെ ചുവടുകൾ മുന്നോട്ടുതന്നെ വെച്ചുകൊണ്ടുപോയി. അതുകൊണ്ട് തന്നെയാണ് അല്ലാഹു നബിമാർക്ക് തൊട്ടുശേഷം സിദ്ദീഖുമാരുടെ സ്മരണ വെച്ചത്. പറയുന്നു. *ഫഉലാഇക്ക മഅല്ലദീന അൻഅമല്ലാഹു അലയ്ഹിം മ്മിനന്നബിയ്യീന വസ്സ്വിദ്ദീഖീന വശ്ശുഹദാഇ വസ്സ്വാലിഹീൻ*(4:70) ഈ ആയത്തിൽ സിദ്ദീഖെ അക്ബറിന്റേയും അദ്ദേഹത്തിന് മറ്റുള്ളവർക്ക് മേലുള്ള ശ്രേഷ്ഠതയെയും സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ സ്ഥാനവും മാഹാത്മ്യവും വെളിപ്പെടുത്തുന്നതിന് നബി(സ)തിരുമേനി സ്വഹാബാക്കളിൽ അദ്ദേഹത്തെയല്ലാതെ മറ്റൊരു സ്വഹാബിയേയും സിദ്ദീഖ് എന്ന് പറഞ്ഞില്ല.

“ആയതിനാൽ ചിന്താശീലരെപ്പോലെ ചിന്തിക്കുക. ഈ ആയത്തിൽ സാലിക്കുമാർക്ക് അതായത് ദൈവമാർഗത്തിൽ പ്രയാണം ചെയ്യുന്നവർക്ക് ഉന്നതമായ പദവികളും അത് പ്രാപിക്കുന്നവർക്ക് ഒരു വലിയ സൂചനയുമുണ്ട്. നാം ഈ ആയത്തിനെ കുറിച്ച് ചിന്തിച്ചു. അതിനെ അതിന്റെ പാരമ്യതയിലെത്തിച്ചപ്പോൾ വ്യക്തമായത് ഈ ആയത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സമ്പൂർണതകളിലേക്ക് ഒരു വലിയ തെളിവാകുന്നു എന്നാണ്. ഇതിൽ അഗാധമായ രഹസ്യമുണ്ട്. അത് ദൃഢജ്ഞാനത്തിലേക്ക് ചായുന്നവർക്ക് വെളിപ്പെടുത്തപ്പെടുന്നു. നബി(സ)തിരുമേനിയുടെ പരിശുദ്ധ അധരത്താൽ സിദ്ദീഖ് എന്ന സ്ഥാനം നൽകപ്പെട്ടത് അബൂബക്റിന്(റ) ആയിരുന്നു. മാത്രമല്ല വിശുദ്ധ ഖുർആൻ സിദ്ദീഖുമാരെ പ്രവാചകന്മാരുമായി ചേർത്തിരിക്കുന്നു എന്നതും ബുദ്ധിമാന്മാരിൽനിന്ന് ഗോപ്യമായ സംഗതിയല്ല. നമുക്ക് സ്വഹാബാക്കളിൽ മറ്റാരെ കുറിച്ചും ഈ സ്ഥാനവും ബഹുമതിയും അനുയോജ്യമാണെന്ന് കാണാൻ കഴിയുന്നില്ല. അതുപോലെത്തന്നെ ഇങ്ങനെ ഈ വിശ്വസ്തനായ സിദ്ദീഖിന്റെ മഹിമാവിലാസം സ്ഥാപിതമാകുന്നു. കാരണം നബിമാർക്കുശേഷം അദ്ദേഹത്തിന്റെ പേരാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്.” (സിർറുൽഖിലാഫ (മുത്തർറജിം)പേജ് 104–107)

അദ്ദേഹം വീണ്ടും പറയുന്നു: “ഇബ്നു ഖൽ ദൂൻ (അബ്ദുർറഹ്മാൻ ബ്നു ഖൽദൂൻ) പറഞ്ഞിരിക്കുന്നു, നബി(സ)തിരുമേനിക്ക് പ്രയാസങ്ങൾ വർധിക്കുകയും അദ്ദേഹത്തിന് മോഹാലസ്യമുണ്ടാകുകയും ചെയ്തപ്പോൾ തിരുനബിയുടെ സഹധർമ്മിണിമാരും കുടുംബക്കാരായ അബ്ബാസും അലിയും നബി(സ)തിരുമേനിയുടെ അടുത്ത് ഒരുമിച്ചു കൂടി. അങ്ങനെ നമസ്കാരസമയമായപ്പോൾ നബി(സ) തിരുമേനി പറഞ്ഞു, ‘അബൂബക്റിനോട് നമസ്കരിപ്പിക്കാൻ പറയുക.’(അൽജുസുഉഥ്ഥാനി പേജ് 62) അവിടന്ന് പറയുന്നു, ഇബ്നു ഖൽദൂൻ പറയുന്നു: “നബി(സ)തിരുമേനി മൂന്ന് വസ്വിയ്യത്തുകൾ ചെയ്തതിനുശേഷം പറഞ്ഞു: ‘അബൂബക്റിന്റേതൊഴികെ മസ്ജിദിലേക്കുള്ള എല്ലാ വാതിലുകളും അടക്കുക. കാരണം, ഞാൻ സ്വഹാബാക്കളിൽ നന്മയുടെ കാര്യത്തിൽ മറ്റാരെയും തന്നെ അബൂബക്റിനെക്കാളും ശ്രേഷ്ഠനായി കരുതുന്നില്ല.’ (അൽജുസുഉഥ്ഥാനി പേജ് 62)

വീണ്ടും പറയുന്നു: ‘ഇബ്നു ഖൽദൂൻ പറയുകയാണ്, അബൂബക്ർ വന്നു നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. നബി(സ)തിരുമേനിയുടെ മുഖത്തുനിന്ന് പുതപ്പുമാറ്റി. ചുംബിച്ചുകൊണ്ട് പറഞ്ഞു, ‘എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്. അല്ലാഹു അങ്ങയ്ക്ക് വെച്ചിട്ടുള്ള മരണത്തിന്റെ രുചി അങ്ങ് അനുഭവിച്ചിരിക്കുന്നു. ഇനി ഇതിനുശേഷം അങ്ങയ്ക്ക് മരണം ഉണ്ടാകുന്നതല്ല.’ അവിടന്ന് പറയുന്നു: ‘ഹദ്റത്ത് അബൂബക്റിനു മേൽ അല്ലാഹുവിന്റെ അനിതരസാധാരണമായ ഔദാര്യങ്ങളും നബി(സ)തിരുമേനിയോടു ഏറെ അടുപ്പവും ഉണ്ടായിരുന്നതിനാൽ ലഭ്യമായിരുന്ന പ്രത്യേകതകളും എത്രത്തോളം ആയിരുന്നുവെന്നാൽ ഇബ്നു ഖൽദൂൻ പറയുന്നതുപോലെ അബൂബക്റിനെയും നബി(സ)തിരുമേനിയുടെ അതെ കട്ടിലിലാണ് കൊണ്ടുപോയത്. അദ്ദേഹത്തിന്റെ ഖബറും നബി(സ)തിരുമേനിയുടെ ഖബർ പോലെ സമമാക്കുകയുണ്ടായി. സ്വഹാബാക്കൾ അദ്ദേഹത്തിന്റെ ഖബറും നബി(സ)തിരുമേനിയുടെ ഖബറിനടുക്കൽ തയ്യാറാക്കി. അദ്ദേഹത്തിന്റെ ശിരസ്സ് നബി(സ)തിരുമേനിയുടെ തോളുകൾക്ക് സമാനമാക്കി വെച്ചു.

“അദ്ദേഹം പറഞ്ഞ അവസാന വാക്യം ഇതായിരുന്നു. ‘അല്ലാഹുവേ! നീ എന്നെ മുസ്ലിമായ അവസ്ഥയിൽ മരിപ്പിക്കേണമേ. എന്നെ സ്വാലിഹീങ്ങളിൽ ഉൾപ്പെടുത്തേണമേ.’(സിർറുൽഖിലാഫ(മുത്തർറജിം)പേജ് 189–190 അടിക്കുറിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: ‘ഹദ്റത്ത് അബൂബക്ർ(റ) ദൈവികമായ ഒരു അസാധാരണ മനുഷ്യനായിരുന്നു. അദ്ദേഹം അന്ധകാരങ്ങൾക്കുശേഷം ഇസ്ലാമിക മുഖത്തിന് പ്രകാശമുണ്ടാക്കി. അദ്ദേഹത്തിന്റെ എല്ലാ ശ്രമവും എന്തായിരുന്നുവെന്നാൽ, ഇസ്ലാം ഉപേക്ഷിച്ചവരെ അദ്ദേഹം നേരിട്ടു. സത്യനിഷേധികളുമായി അദ്ദേഹം യുദ്ധം ചെയ്തു. ഇസ്ലാമിക ഭവനത്തിൽ പ്രവേശിച്ചവരോട് സൗമ്യതയും വാത്സല്യവും പ്രകടിപ്പിച്ചു. അദ്ദേഹം ഇസ്ലാമിക പ്രചാരണത്തിൽ കഷ്ടതകൾ അനുഭവിച്ചു. അദ്ദേഹം സൃഷ്ടിജാലങ്ങൾക്ക് വിലപ്പെട്ട മുത്താണ് സമ്മാനിച്ചത്. തന്റെ അനുഗൃഹീതമായ ഉറച്ച തീരുമാനം മുഖേന അപരിഷ്കൃതർക്കും സംസ്കാരം പഠിപ്പിച്ചു. ഒട്ടകം മേയ്ച്ച് നടന്നവർക്ക് അന്നപാനീയങ്ങൾ കഴിക്കുന്നതിന്റെയും കൂടിക്കാഴ്ചകളുടെയും മര്യാദകളും നന്മയുടെ വഴികളിലേക്കുള്ള അന്വേഷണവും യുദ്ധങ്ങളിൽ ധൈര്യവും ആവേശവും കാണിക്കുന്ന മാർഗങ്ങളും പഠിപ്പിച്ചു. അദ്ദേഹം എല്ലാ ഭാഗത്തും നൈരാശ്യം കണ്ടപ്പോൾ ആരോടും യുദ്ധത്തെ കുറിച്ച് ചോദിച്ചറിഞ്ഞില്ല. മറിച്ച് തന്റെ എതിരിൽ വരുന്നവരെ ആയുധവുമായി നേരിട്ടു. ഭീരുവിനേയും രോഗിയേയുംപോലെ അദ്ദേഹത്തെ ചിന്താഗതികളൊന്നും വഴി തെറ്റിച്ചില്ല. എല്ലാ കുഴപ്പങ്ങളുടെയും പ്രയാസങ്ങളുടെയും സന്ദർഭത്തിൽ അദ്ദേഹം മദീനയിലുള്ള ‘റള്വാ’ മലയെക്കാളും സ്ഥൈര്യവും ധൈര്യവും കാണിച്ച് ഉറച്ചുനിന്നു. വ്യാജനുബുവ്വത്ത് വാദം ഉന്നയിച്ചവരെയെല്ലാം അദ്ദേഹം നശിപ്പിച്ചു. അല്ലാഹുവിനെ മുൻനിറുത്തി സകല ബന്ധങ്ങളും വലിച്ചെറിഞ്ഞു. അദ്ദേഹത്തിന്റെ സകല സന്തോഷവും ഇസ്ലാമിന്റെ മഹോന്നതനാമമുയർത്തുന്നതിലും നബി(സ)തിരുമേനിയെ അനുധാവനം ചെയ്യുന്നതിലുമായിരുന്നു.

“അതിനാൽ തങ്ങളുടെ ദീനിനെ സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നവൻ ഹദ്റത്ത് അബൂബക്റിന്റെ കോന്തല പിടിക്കുകയും അനാവശ്യ വർത്തമാനങ്ങൾ ഉപേക്ഷിക്കുകയും ചെയ്യട്ടെ.” അവിടന്ന് പറയുന്നു: “ഞാൻ പറഞ്ഞതെല്ലാം സ്വേച്ഛകളെ പിന്തുടരുന്ന വ്യക്തിയെ പോലെയോ പൂർവപിതാക്കളുടെ ചിന്താഗതികളെ പിന്തുടരുന്നവരെയോ പോലെയല്ല. മറിച്ച് എന്റെ കാലുകൾ ചുവട് വെക്കാനും എന്റെ തൂലിക എഴുതാനും തുടങ്ങിയപ്പോൾ മുതൽത്തന്നെ എനിക്കിഷ്ടമായിരുന്നത് ഞാൻ ഗവേഷണത്തെ എന്റെ മാർഗവും വിശകലനത്തെ എന്റെ ലക്ഷ്യവുമാക്കണമെന്നായിരുന്നു. ഞാൻ നല്ലപോലെ ഗവേഷണം നടത്തിയിട്ടുമുണ്ട്. അതു കൊണ്ടു തന്നെ ഞാൻ ഓരോ കാര്യത്തെയും ആഴത്തിൽ മനസ്സിലാക്കുകയും വിജ്ഞാനതലത്തിൽ മുന്തിയവരോടു ചോദിക്കുകയും ചെയ്തിട്ടുണ്ട്. അതു കൊണ്ട് ഞാൻ സിദ്ദീഖ് അക്ബറിനെ തീർച്ചയായും സിദ്ദീഖ് ആണെന്നു കണ്ടെത്തിയിരിക്കുന്നു. ഗവേഷണങ്ങളിലൂടെ എനിക്ക് വ്യക്തമാക്കപ്പെട്ടതെന്തെന്നാൽ ഞാൻ അദ്ദേഹത്തെ ഇമാമുമാരുടെ ഇമാമായും ദീനിന്റെയും ഉമ്മത്തിന്റെയും വിളക്കായും കണ്ടു. അപ്പോഴാണ് ഞാൻ അദ്ദേഹം സഞ്ചരിക്കുന്ന വാഹനത്തിന്റെ കടിഞ്ഞാണിൽ മുറുകെ പിടിച്ചത്. അദ്ദേഹത്തിന്റെ സമാധാനത്തിൽ അഭയം കണ്ടെത്തിയത്. സ്വാലിഹീങ്ങൾ അദ്ദേഹത്തെ സ്നേഹിച്ചുകൊണ്ട് തങ്ങളുടെ റബ്ബിന്റെ അനുഗ്രഹം കരസ്ഥമാക്കാൻ ആഗ്രഹിച്ചു. അപ്പോൾ റഹീമായ അല്ലാഹു എനിക്കുമേൽ കരുണ ചൊരിഞ്ഞു. അഭയം നൽകി. എന്നെ പിന്തുണയ്ക്കുകയും എനിക്കു ശിക്ഷണം നൽകുകയും ചെയ്തു. എന്നെ ആദരണീയരിൽ ഉൾപ്പെടുത്തി. മാത്രമല്ല അവൻ തന്റെ പ്രത്യേക അനുഗ്രഹത്താൽ എന്നെ ഈ കാലഘട്ടത്തിന്റെ മുജദ്ദിദും വാഗ്ദത്ത മസീഹും ആക്കുകയും മുൽഹമീങ്ങളിൽ(വെളിപാടു സിദ്ധിക്കുന്നവർ) ഉൾപ്പെടുത്തുകയും ചെയ്തു. എന്നിൽനിന്ന് ദുഃഖങ്ങൾ അകറ്റി. എനിക്ക് ലോകത്ത് ആർക്കും നൽകപ്പെടാത്ത അനുഗ്രഹങ്ങൾ നൽ കി. ഇതെല്ലം എനിക്ക് ലഭിച്ചത് നിരക്ഷരനായ ആ പ്രവാചകൻ(സ)യുമായും അദ്ദേഹത്തിന്റെ സാമീപ്യമുള്ളവരുമായുള്ള അനുരക്തികൊണ്ടാണ്. അല്ലാഹുവേ! നീ നിന്റെ പ്രവാചകശ്രേഷ്ഠനും ഖാത്തമുന്നബിയ്യീനും സകല മനുഷ്യരെക്കാളും ഉത്തമനുമായ മുഹമ്മദ്(സ)നുമേൽ സ്വലാത്തും സലാമും വർഷിക്കേണമേ.

“അല്ലാഹുവാണ! ഹദ്റത്ത് അബൂബകർ(റ) ഹറമയ്നിലും ഇരുഖബറുകളിലും നബി(സ)തിരുമേനിയുടെ കൂട്ടുകാരനാകുന്നു. ഇതുകൊണ്ടു ഞാനുദേശിച്ചത് ഒരു ഖബർ ഗുഹയാകുന്നു. അതിൽ അദ്ദേഹം പരിഭ്രമാവസ്ഥയിലും മരിച്ച വ്യക്തിയെയും പോലെ അഭയം പ്രാപിച്ചു. രണ്ടാമത്തെ ഖബ്ർ മദീനയിലുള്ള സൃഷ്ടികുലോത്തമൻ(സ)ന്റെ ഖബറിനോടൊപ്പം ചേർന്നതാണ്. അതുകൊണ്ട് നിനക്ക് മനസ്സിലാക്കാനുള്ള കഴിവുണ്ടെങ്കിൽ സിദ്ദീഖ് അക്ബറിന്റെ സ്ഥാനത്തെ മനസ്സിലാക്കുക. അല്ലാഹു അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഖിലാഫത്തിനെയും വിശുദ്ധ ഖുർആനിലൂടെ സുശക്തമാക്കി. ഏറ്റവും ഉന്നതമായ വിവരണത്തിലൂടെ അദ്ദേഹത്തെ ശ്ലാഘിച്ചു. തീർച്ചയായും അദ്ദേഹം അല്ലാഹുവിന്റെ പക്കൽ സ്വീകരിക്കപ്പെട്ടവനും അവന്റെ പ്രിയപെട്ടവനുമായിരുന്നു. അദ്ദേഹത്തിന്റെ ഉന്നതമായ സ്ഥാനത്തെ അപഹസിക്കാൻ ബുദ്ധിമാന്ദ്യമുള്ള ഒരുത്തനല്ലാതെ സാധ്യമല്ല. അദ്ദേഹത്തിന്റെ ഖിലാഫത്തി

ലൂടെ ഇസ്‌ലാമിൽനിന്ന് എല്ലാ തരത്തിലുള്ള പ്രയാസങ്ങളും അകറ്റപ്പെട്ടു. അദ്ദേഹത്തിന്റെ അഭ്യുന്നതിയിലൂടെ മുസ്‌ലിമീങ്ങളുടെ സൗഭാഗ്യം പാരമ്യതയിലെത്തി. മനുഷ്യകുലോത്തമന്റെ ഈ സിദ്ദീഖ് അക്ബർ ഇല്ലായിരുന്നുവെങ്കിൽ ഇസ്‌ലാമിന്റെ സ്തംഭം തകർക്കപ്പെട്ടേനെ.

"അദ്ദേഹം ഇസ്‌ലാമിനെ ദുർബലനും നിരാലംബനും മെല്ലിച്ചവനും ദരിദ്രനുമായ ഒരു വ്യക്തിയെപോലെ കണ്ടപ്പോൾ ജ്ഞാനികളെപ്പോലെ അതിന്റെ സൗന്ദര്യവും മേന്മയും പുനഃസ്ഥാപിക്കാൻ എഴുന്നേറ്റുനിന്നു. കൊള്ളയടിക്കപ്പെട്ട വ്യക്തിയെപോലെ, തന്റെ നഷ്ടപ്പെട്ട വസ്തുക്കൾ തിരയുന്നതുപോലെ സജീവമായി. അങ്ങനെ ഇസ്‌ലാം അതിന്റെ ഉചിതമായ പൊക്കം, അനുയോജ്യമായ കപോലം, തന്റെ ഹരിതാഭമായ സൗന്ദര്യവും തെളിഞ്ഞ വെള്ളത്തിന്റെ മാധുര്യത്തിലേക്കും മടങ്ങിവന്നു. ഇതെല്ലാം ആ വിശ്വസ്തനായ ദാസന്റെ ആത്മാർഥത കാരണത്താലായിരുന്നു."

"അദ്ദേഹം ഭൗതികേച്ഛയെ മണ്ണിൽച്ചേർത്തു. അവസ്ഥകളെ മാറ്റി. റഹ്മാനായ അല്ലാഹുവിന്റെ തൃപ്തിയല്ലാതെ മറ്റൊന്നും കാംക്ഷിച്ചില്ല. ഈ അവസ്ഥയിലാണ് രാപ്പകലുകൾ അദ്ദേഹത്തിനുമേൽ വന്നത്. അദ്ദേഹം ദ്രവിച്ച എല്ലുകൾക്ക് ജീവൻ നൽകുന്നവനും പ്രയാസങ്ങളെ അകറ്റുന്നവനും മണലാരണ്യത്തിലെ മധുരക്കനികൾ കായ്ക്കുന്ന വൃക്ഷങ്ങളെ സംരക്ഷിക്കുന്നവനുമായിരുന്നു. സ്വച്ഛമായ ദൈവിക സഹായം അദ്ദേഹത്തിന് ലഭ്യമായി. ഇതെല്ലം അല്ലാഹുവിന്റെ കാരുണ്യംകൊണ്ടാണ് സംഭവിച്ചത്. ഇനി നാം ഏകനായ അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് അനുഭവസാക്ഷ്യങ്ങൾ വിവരിക്കാം. അതിലൂടെ അദ്ദേഹം ശക്തമായ കൊടുങ്കാറ്റുകണക്കെ ഉയർന്ന ഫിത്നകളെയും കത്തിയമർത്തുന്ന തീജ്വാലകളുടെ പ്രയാസങ്ങളെയും യുദ്ധത്തിൽ നിപുണരായ ശരമെയ്ത്തുകാരേയും വാൾപയറ്റുകാരേയും പരാജയപ്പെടുത്തിയതെങ്ങനെയാണെന്നു നിങ്ങൾക്ക് മനസ്സിലാക്കാം. അദ്ദേഹത്തിന്റെ ആന്തരികമായ അവസ്ഥകൾ അദ്ദേഹത്തിന്റെ കർമങ്ങളിലൂടെ വ്യക്തമാകുന്നതാണ്. അദ്ദേഹത്തിന്റെ കർമങ്ങൾ അദ്ദേഹത്തിന്റെ സ്തുത്യർഹമായ ഗുണങ്ങളുടെ യാഥാർഥ്യത്തെ സാക്ഷ്യപ്പെടുത്തുന്നു. അല്ലാഹു അദ്ദേഹത്തിന് ഉന്നതമായ പ്രതിഫലം നൽകുമാറാകട്ടെ. മുത്തഖീങ്ങളുടെ നേതാക്കന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെയും ശുഭപര്യവസാനമാകട്ടെ. അല്ലാഹു തന്റെ ഈ പ്രിയപ്പെട്ടവർ നിമിത്തം നമുക്കുമേലും കരുണ ചൊരിയുമാറാകട്ടെ. അല്ലയോ അനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും ഉടമസ്ഥനായ നാഥാ! എന്റെ പ്രാർഥന സ്വീകരിക്കേണമേ. നീ ഏറ്റവുമധികം കരുണ ചൊരിയുന്നവനും കരുണ ചൊരിയുന്നവരിൽ ഏറ്റവും അത്യുത്തമനുമാകുന്നു."(സിർറുൽഖിലാഫ(മുത്തർറജിം)പേജ് 165–187) അടിക്കുറിപ്പ്)

വീണ്ടും അവിടന്ന് പറയുന്നു: "ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ മാതൃക എപ്പോഴും മുന്നിൽ വെക്കുക. നബി(സ)തിരുമേനിയുടെ കാലഘട്ടത്തെ കുറിച്ച് ചിന്തിക്കുവിൻ! ശത്രുക്കളായ ഖുറയ്ശികൾ നാനാഭാഗത്തും ദ്രോഹിക്കാൻ തയ്യാറായി നില്ക്കുകയായിരുന്നു. അവർ നബി(സ)തിരുമേനിയെ വധിക്കാൻ പദ്ധതിയിട്ടു. ആ കാലഘട്ടം ഏറെ പരീക്ഷണങ്ങളുടേതായിരുന്നു. ആ സമയത്ത് ഹദ്‌റത്ത് അബൂബക്ർ(റ) നിറവേറ്റിയ ചങ്ങാതിത്വത്തിന്റെ കടമയ്ക്ക് ലോകത്ത് മാതൃക കാണുകയില്ല. ഈ കഴിവും ശക്തിയും സത്യസന്ധമായ വിശ്വാസം കൂടാതെ ഒരിക്കലും ഉണ്ടാകാൻ സാധ്യവുമല്ല.

"ഇന്ന് ഇവിടെ ഇരിക്കുന്ന നിങ്ങളെല്ലാവരും താന്താങ്ങളുടെ തലത്തിൽ ഒന്ന് ചിന്തിച്ചു നോക്കുക. ഇങ്ങനെയുള്ള വല്ല പരീക്ഷണവും നമുക്കുമേൽ ഉണ്ടാകുകയാണെകിൽ എത്രപേര് കൂടെ നിൽക്കാൻ തയാറാകും? ഉദാഹരണമായി സർക്കാരിന്റെ ഭാഗത്തുനിന്ന് ആരൊക്കെയാണ് ഈ വ്യക്തിക്ക് ബയ്അത്ത് ചെയ്തതെന്ന് അന്വേഷണം തുടങ്ങിയാൽ എത്ര പേർ തങ്ങൾ ബയ്അത്ത് ചെയ്തവരിൽപ്പെട്ടവരാണെന്ന് ധൈര്യത്തോടെ പറയും? എനിക്കറിയാം ഇതെല്ലാം കേൾക്കുമ്പോൾ ചിലയാളുകളുടെ കൈകാലുകൾ മരവിച്ച് പോകുന്നതാണ്, അവർക്ക് ഉടൻ തന്നെ തങ്ങളുടെ സ്വത്തുക്കളെ കുറിച്ചും കുടുംബത്തെ കുറിച്ചും അതെല്ലാം ഉപേക്ഷിക്കണമല്ലോ എന്ന ചിന്തയാണുണ്ടാകുക."

അദ്ദേഹം പറയുന്നു: "പ്രയാസഘട്ടങ്ങളിൽ കൂടെ നിൽക്കുകയെന്നത് എപ്പോഴും പരിപക്വമായ ഈമാൻ ഉള്ളവരുടെ കർമമാകുന്നു. അതുകൊണ്ട് കർമപരമായ നിലയിൽ വിശ്വാസം ഉള്ളിലേക്ക് കയറാതെ വെറും വാക്കുകൾകൊണ്ട് ഒന്നും ഉണ്ടാകുന്നതല്ല. ഒഴികഴിവുകൾ ദൂരെയാകുന്നതുമല്ല. കർമപരമായ നിലയിൽ പ്രയാസങ്ങളുടെ ഘട്ടമുണ്ടാകുന്നു. സ്ഥൈര്യത്തോടെ നിൽക്കുന്നവർ വളരെ കുറച്ചുപേർ മാത്രമായിരിക്കും. ഹദ്‌റത്ത് യേശുമസീഹിന്റെ ഹവാരീങ്ങൾ അദ്ദേഹതിനു വന്നു ഭവിച്ച പ്രയാസത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തെ തനിച്ചാക്കി ഓടിപ്പോയി. പലരും അദ്ദേഹത്തിന്റെ മുഖത്തുനോക്കി ശാപം ചൊരിഞ്ഞു."

അദ്ദേഹം വീണ്ടും പറയുന്നു: "ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖിന്റെ സത്യസന്ധത നബി(സ)തിരുമേനിയെ ശത്രുക്കൾ ഉപരോധിച്ച പ്രയാസഘട്ടത്തിലാണ് വെളിപ്പെട്ടത്. ചില നിഷേധികൾ പുറത്താക്കാം എന്നും അഭിപ്രായപെട്ടിരുന്നു. പക്ഷേ, യഥാർഥ ഉദ്ദേശ്യവും അഭിപ്രായവും തിരുനബിയെ വധിക്കുക എന്നത് തന്നെയായിരുന്നു. അത്തരംഘട്ടത്തിൽ ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖ് കാണിച്ച മാതൃക, തന്റെ ആത്മാർഥതയുടെയും കൂറിന്റെയും മാതൃക അവസാന കാലംവരെയും നിലനിൽക്കുന്നതാണ്.

"ഈ പ്രയാസത്തിന്റെ ഘട്ടത്തിൽ നബി(സ)തിരുമേനിയുടെ തിരഞ്ഞെടുപ്പുതന്നെ ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖിന്റെ സത്യത്തിനും ഉന്നതമായ കൂറിനുമുള്ള സുശക്തമായ തെളിവാകുന്നു. നോക്കുക! ഇന്ത്യയുടെ വൈസ്രോയി ഏതെങ്കിലും സുപ്രധാന കാര്യത്തിന് ആരെയെങ്കിലും തിരഞ്ഞെടുക്കുകയാണെങ്കിൽ അയാളുടെ അഭിപ്രായമാണോ ഉന്നതമായിരിക്കുക അതല്ല ഒരു കാവൽക്കാരന്റേതോ? വൈസ്രോയി തിരഞ്ഞെടുക്കുകയാണെങ്കിൽ അയാളുടെ അഭിപ്രായം ശരിയായിരിക്കുമോ അതോ കാവൽക്കരന്റേതോ?" പറയുന്നു: "വൈസ്രോയിയുടെ തിരഞ്ഞെടുപ്പ് തീർച്ചയായും ഉചിതവും ശരിയുമാണെന്ന് അംഗീകരിക്കേണ്ടി വരും. കാരണം അയാൾ സർക്കാരിന്റെ ഭാഗത്തുനിന്ന് സർക്കാറിന്റെ സഹായിയായി നിയമിക്കപ്പെട്ടിരിക്കുന്നു. അയാളുടെ ആത്മാർഥതയും കൂറും ഉൾക്കാഴ്ചയുമെല്ലാം സർക്കാർ അംഗീകരിച്ചിരിക്കുന്നു. അതുകൊണ്ടാണ് ഭരണചക്രം അദ്ദേഹത്തിന്റെ കൈകളിൽ ഏല്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ അഭിപ്രായത്തെയും കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവിനെയും അകറ്റിനിറുത്തി ഒരു കാവൽക്കാരന്റെ തിരഞ്ഞെടുപ്പിനെയും അഭിപ്രയത്തെയും ശരിയാണെന്നു മനസ്സിലാക്കുന്നത് ശരിയായ സംഗതിയല്ല.

ഈ അവസ്ഥതന്നെയാണ് നബി(സ)തിരുമേനിയുടെ തിരഞ്ഞെടുപ്പിന്റെയും കാര്യം. ആ സന്ദർഭത്തിൽ നബി(സ)തിരുമേനിയുടെ കൂടെ എഴുപത് എൺപത് സ്വഹാബാക്കൾ ഉണ്ടായിരുന്നു. അവരിൽ ഹദ്‌റത്ത് അലിയുമുണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനി തന്റെ കൂടെയുള്ള സൗഹൃദത്തിന് ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖിനെയാണ് തിരഞ്ഞെടുത്തത്. ഇതിൽ എന്ത് രഹസ്യമാണുള്ളത്? കാര്യമെന്താണെന്നാൽ പ്രവാചകൻ അല്ലാഹുവിന്റെ കണ്ണ് കൊണ്ടാണ് കാണുന്നത്. അദ്ദേഹത്തിന് ഉൾക്കാഴ്ച ലഭിക്കുന്നത് അല്ലാഹുവിൽനിന്ന് തന്നെയാണ്. അതുകൊണ്ട് അല്ലാഹു തന്നെയാണ് ജാഗ്രദർശനത്തിലൂടെയും ഇൽഹാമിലൂടെയും ഈ പ്രവർത്തനത്തിനേറ്റവും അനുയോജ്യമായ വ്യക്തി ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖ് തന്നെയാണെന്ന് പറഞ്ഞത്. പ്രയാസങ്ങളുടെ സമയത്താണ് ഹദ്‌റത്ത് അബൂബക്ർ കൂടെ നിന്നത്. ഈ ഘട്ടം കടുത്ത പരീക്ഷണങ്ങളുടേതായിരുന്നു."

അവിടന്ന് പറയുന്നു: "ചുരുക്കത്തിൽ ഹദ്‌റത്ത് അബൂബക്ർ(റ) പൂർണമായും അദ്ദേഹത്തോടൊപ്പം നിന്നു. ഥൗർ എന്നറിയപ്പെടുന്ന ഗുഹയിൽ നബി(സ) തിരുമേനി ഒളിച്ചിരുന്നു. ദ്രോഹികളായ കാഫിരീങ്ങൾ നബി(സ)തിരുമേനിയെ ഉപദ്രവിക്കാൻ പദ്ധതി ആവിഷ്കരിച്ച് അന്വേഷണം ആരംഭിക്കുകയും ആ ഗുഹാമുഖം വരെ എത്തുകയും ചെയ്തു. ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖ്(റ) പറഞ്ഞു: 'ഇപ്പോൾ അവർ നമ്മുടെ തലക്കുമേൽ എത്തിയിരിക്കുന്നു. ആരെങ്കിലും അല്പമൊന്ന് കുനിഞ്ഞു നോക്കുകയാണെങ്കിൽ നമ്മൾ പിടിക്കപെടുന്നതാണ്.' നബി(സ)തിരുമേനി പറഞ്ഞു: *ലാ തഹ്സൻ ഇന്നല്ലാഹ മഅനാ.* ഒന്നും ഭയപ്പെടേണ്ട അല്ലാഹു നമ്മോടൊപ്പമുണ്ട്. ഈ വാക്കുകളിൽ ഒന്ന് ചിന്തിച്ചുനോക്കുക. നബി(സ)തിരുമേനി, അബൂബക്ർ സിദ്ദീഖിനെ തന്നോട് ചേർത്തുകൊണ്ടു പറയുന്നു. ഇന്നല്ലാഹ മഅനാ. മഅനാ എന്നതിൽ അവർ രണ്ടുപേരും ഉൾപ്പെടുന്നു. അതായത് അല്ലാഹു നിന്നോടും എന്നോടുമൊപ്പമുണ്ട്. അല്ലാഹു ഒരു തട്ടിൽ നബി(സ)തിരുമേനിയേയും രണ്ടാമത്തെ തട്ടിൽ ഹദ്‌റത്ത് അബൂബക്റിനേയും വെച്ചു."

തുലാസിന് രണ്ടുതട്ടുണ്ട്. ഒരു തട്ടിൽ നബി(സ)തിരുമേനിയേയും മറ്റേ തട്ടിൽ ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖിനെയും വെച്ചു. ആ സമയത്ത് രണ്ടുപേരും പ്രയാസത്തിലായിരുന്നു. കാരണം ഇവിടെ ഒന്നുകിൽ ഇസ്‌ലാമിന് അടിത്തറ ഇടുന്നതാണ്. അല്ലെങ്കിൽ അത് അവസാനിക്കുന്നതാണ്.

ശത്രുക്കൾ ഗുഹാ മുഖത്തുണ്ട്. പല തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങൾ നടക്കുന്നു. ഗുഹയിൽ തിരയേണ്ടതാണെന്ന് ചിലർ പറയുന്നു. കാരണം കാല്പാടുകൾ ഇവിടെവരെ എത്തി അവസാനിക്കുകയാണ്. അതിനുള്ളിൽ ഒരു മനുഷ്യന് എങ്ങനെയാണ് കടക്കാൻ കഴിയുകയെന്ന് ചിലർ ചോദിക്കുന്നു. ചിലന്തി വല കെട്ടിയിരിക്കുന്നു. പ്രാവ് മുട്ടയിട്ടിട്ടുമുണ്ട്. ഇത്തരത്തിലുള്ള സംസാരങ്ങളുടെ ശബ്ദം അകത്തും എത്തുന്നുണ്ടായിരുന്നു. അവർക്ക് അത് വ്യക്തമായും കേൾക്കാമായിരുന്നു. ഇത്തരം അവസ്ഥയിൽ ശത്രുക്കൾ വന്നത് എല്ലാം അവസാനിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ട് ഉന്മാദരെപോലെ കുതിച്ചെത്തിയതാണ്. എന്നാൽ, നബി(സ)തിരുമേനിയുടെ ഉന്നതമായ പ്രതാപം നോക്കുക. ശത്രു തലയ്ക്കു മീതെയുണ്ട്. നബി(സ)തിരുമേനി തന്റെ വിശ്വസ്തനായ സുഹൃത്തിനോടു പറയുന്നു. ലാ തഹ്സൻ ഇന്നല്ലാഹ മഅനാ. ഈ വാക്കുകൾ വ്യക്തമായും മനസ്സിലാക്കിത്തരുന്നത് നബി(സ)തിരുമേനി തന്റെ നാവുകൊണ്ട് അത് പറഞ്ഞു എന്നാണ്. കാരണം ഇതിന് ശബ്ദം ആവശ്യമാണ്. ആംഗ്യം കൊണ്ടല്ല പറഞ്ഞത്. പുറത്ത് ശത്രുക്കൾ കൂടിയാ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**
**(ജുമുഅ ഖുത്ബ 4–10–2019)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 19 January 2022 Issue-3

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ലോചന നടത്തുന്നു. ഗുഹക്കകത്ത് യജമാനനും ഭൃത്യനും സംസാരങ്ങളിൽ മുഴുകിയിരിക്കുന്നു. ശത്രുക്കൾ ശബ്ദം കേൾക്കുമോ എന്ന കാര്യം അവർ പരിഗണിച്ചില്ല. ഇത് അല്ലാഹുവിലുള്ള പൂർണമായ വിശ്വാസത്തിനും ജ്ഞാനത്തിനുമുള്ള തെളിവാകുന്നു. അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ പ്രത്യാശയുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ ധൈര്യത്തിന് ഈ ഉദാഹരണം തന്നേ മതിയായതാണ്. അബൂബക്ർ സിദ്ദീഖിന്റെ ധൈര്യത്തിന് മറ്റൊരു സാക്ഷ്യം ഈ സംഭവത്തിനു പുറമെയുമുണ്ട്."

അവിടന്ന് പറയുന്നു: "നബി(സ)തിരുമേനി വഫാത്തായി. ഹദ്റത്ത് ഉമർ വാളുയർത്തി ആരെങ്കിലും നബി(സ)തിരുമേനി വഫാത്തായെന്നു പറഞ്ഞാൽ അയാളുടെ തലകൊയ്യുമെന്ന് പറഞ്ഞു നില്ക്കുന്നു. ഇത്തരം അവസ്ഥയിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് വളരെ ധൈര്യപൂർവ്വം സംസാരിക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു. *വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ് ഖലത്ത് മിൻ ഖബ്‌ലിഹി ർറുസുൽ.* മുഹമ്മദ്(സ)അല്ലാഹുവിന്റെ ഒരു പ്രവാചകനാകുന്നു. അദ്ദേഹത്തിന് മുമ്പേ ഉണ്ടായിരുന്ന എല്ലാ പ്രവാചകന്മാരും വഫാത്തായിരിക്കുന്നു. അപ്പോൾ ഹദ്റത്ത് ഉമറിന്റെ ആവേശം തണുത്തു. അതിനു ശേഷം ഗ്രാമവാസികളായ കാട്ടറബികൾ മുർതദ്ദായി. ഇങ്ങനെയുള്ള ആപൽക്കരമായ അവസ്ഥയെ കുറിച്ച് ഹദ്റത്ത് ആഇശ(റ) ഇപ്രകാരം പറയുന്നു: 'അല്ലാഹുവിന്റെ ദൂതർ വഫാത്തായി. ആ സമയത്ത് ചില വ്യാജ നുബുവ്വത്തുവാദികൾ രംഗത്തുവന്നു. നമസ്കാരം ഉപേക്ഷിക്കുകയും രൂപം മാറുകയും ചെയ്തു. അത്തരം അവസ്ഥയിൽ ഈ പ്രയാസത്തിൽ എന്റെ പിതാവ് നബി(സ)തിരുമേനിയുടെ ഖലീഫയും പ്രതിനിധിയുമായി. എന്റെ പിതാവിനുമേൽ വന്നുഭവിച്ച പ്രയാസങ്ങൾ പർവതങ്ങൾക്കുമേലാണ് വന്നിരുന്നതെങ്കിൽ അവ തകർന്നുതരിപ്പണമാകുമായിരുന്നു.

"ഇനി ചിന്തിക്കുക, പ്രയാസങ്ങളുടെ പർവ്വതങ്ങൾ വന്നു വീണിട്ടും അദ്ദേഹം ധൈര്യവും സ്ഥൈര്യവും കൈവിട്ടില്ല. ഇതൊരു സാധാരണ വ്യക്തിയെക്കൊണ്ട് ചെയ്യാൻ കഴിയുന്ന പണിയല്ല. ഈ സ്ഥൈര്യത്തിന് സത്യസന്ധത അനിവാര്യമാകുന്നു. അത് സിദ്ദീഖ് തന്നെയാണ് കാണിച്ചത്. മറ്റൊരു വ്യക്തിക്കും ഈ പ്രയാസത്തെ ഏറ്റെടുക്കാൻ കഴിയുമായിരുന്നില്ല. എല്ലാ സ്വഹാബാക്കളും ആ സമയത്തുണ്ടായിരുന്നു. ആരുംതന്നെ അത് തന്റെ അവകാശമാണെന്ന് പറഞ്ഞില്ല. അവർ തീ കത്തുന്നത് കാണുകയായിരുന്നു. ആ തീയിലേക്ക് ആരാണ് വീഴുക. ഹദ്റത്ത് ഉമർ(റ) പ്രസ്തുത സന്ദർഭത്തിൽ കൈ നീട്ടി അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്തു. പിന്നെ എല്ലാവരും ഒന്നിനുപിറകെ ഒന്നായി ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന്റെ സത്യസന്ധത തന്നെയാണ് ഫിത്നയെ തണുപ്പിച്ചത്. ഉപദ്രവകാരികളെ നശിപ്പിക്കുകയും ചെയ്തത്. മുസയ്‌ലിമയുടെ കൂടെ ഒരു ലക്ഷം ആളുകളുണ്ടായിരുന്നു. അയാളുടെ പ്രശ്നങ്ങൾ ശരീഅത്തുപരമായ പ്രശ്നങ്ങളായിരുന്നു. ജനങ്ങൾ അയാളുടെ ശരീഅത്തുപരമായ കാര്യങ്ങൾ കണ്ടപ്പോൾ അയാളുടെ മതത്തിൽ ഭാഗഭാക്കായി കൊണ്ടിരുന്നു. പക്ഷേ, അല്ലാഹു താൻ ആരുടെ കൂടെയാണെന്ന് വ്യക്തമാക്കുകയും എല്ലാ പ്രയാസങ്ങളും എളുപ്പമാകുകയും ചെയ്തു."(മൽഫൂദാത്ത് വാള്യം 1, പേജ് 374–379, 1984 പതിപ്പ്)

അദ്ദേഹം മറ്റൊരു സ്ഥലത്ത് പറയുന്നു: "എനിക്കറിയാം ഒരാൾക്കുംതന്നെ അബൂബക്കക്റിന്റേയും(റ) ഉമറിന്റേയും(റ) ഉഥ്മാനിന്റേയും(റ) അലിയുടേയും(റ) വർണം സ്വീകരിക്കാതെ മുഅ്മിനും മുസ്ലിമുമാകാൻ സാധ്യമല്ല. അവർ ഭൗതികലോകത്തെ സ്നേഹിച്ചവരായിരുന്നില്ല. മറിച്ച് അവർ തങ്ങളുടെ ജീവിതങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ അർപ്പണം ചെയ്തിട്ടുണ്ടായിരുന്നു."(ലക്ചർ ലുധിയാന, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 294)

വീണ്ടും പറയുന്നു, "അല്ലാഹുവാണ! സിദ്ദീഖ് അക്ബർ ദൈവിക യോദ്ധാവായിരുന്നു. അദ്ദേഹത്തിന് അല്ലാഹുവിൽനിന്ന് സവിശേഷതയുടെ പല വസ്ത്രങ്ങളും നൽകപ്പെട്ടു. നിരവധി സവിശേഷതകൾ നൽകിയിരുന്നു. അല്ലാഹു അദ്ദേഹത്തെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തുന്നതെ ന്തെന്നാൽ അദ്ദേഹം പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ആളുകളിൽ ഉൾപ്പെടുന്നു. തന്റെ അസ്തിത്വം കൂടെയാണെന്നതിനെ അദ്ദേഹത്തിലേക്കും ചേർത്തു പറഞ്ഞിരിക്കുന്നു. അദ്ദേഹത്തെ സ്തുതിക്കുകയും വിലമതിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല നബി(സ)തിരുമേനിയുമായുള്ള അകൽച്ച അദ്ദേഹത്തിന് സഹിക്കാൻ കഴിയില്ലായിരുന്നു എന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. അതെ! നബി(സ)തിരുമേനി അല്ലാതെ മറ്റെല്ലാ ബന്ധുമിത്രാദികളുമായുള്ള അകൽച്ചയിൽ അദ്ദേഹം തൃപ്തനായിരുന്നു. അദ്ദേഹം തന്റെ യജമാനനെ മുന്തിക്കുകയും അദ്ദേഹത്തിലേക്ക് ഓടി വരുകയും ചെയ്തു. പിന്നെ തിരുമേനിയോടുള്ള അത്യധികമായ താൽപര്യത്താൽത്തന്നെ മരണത്തിന്റെ മുഖത്തേക്ക് ഇടുകയുണ്ടായി. എല്ലാ സ്വേച്ഛകളെയും തന്റെ മാർഗത്തിൽനിന്ന് ഒഴിവാക്കി. നബി(സ)തിരുമേനി അദ്ദേഹത്തെ തന്റെ സൗഹൃദത്തിലേക്ക് ക്ഷണിച്ചപ്പോൾ അനുകൂലമായി ലബ്ബൈക്ക് പറഞ്ഞുകൊണ്ട് എഴുന്നേറ്റു. സമൂഹം നബി(സ)തിരുമേനിയെ പുറത്താക്കാൻ തീരുമാനിച്ചപ്പോൾ അദ്ദേഹം പ്രതാപവാനായ അല്ലാഹുവിന്റെ പ്രിയപ്പെട്ടവനോടൊപ്പം പോവുകയുണ്ടായി. നബി(സ)പറഞ്ഞു: "എനിക്ക് ഹിജ്റത്തിനുള്ള കല്പന നല്കപ്പെട്ടിരിക്കുന്നു, താങ്കൾ എന്നോടൊപ്പം ഹിജ്റത്ത് ചെയ്യണം. നമ്മൾ ഒരുമിച്ച് ഈ നാട്ടിൽനിന്ന് പുറത്തു പോകുന്നതായിരിക്കും." അപ്പോൾ ഹദ്റത്ത് സിദ്ദീഖ് അൽഹംദുലില്ലാഹ് എന്ന് പറഞ്ഞു. അത്തരം ദുർഘടഘട്ടത്തിൽ അല്ലാഹു അദ്ദേഹത്തിന് തിരുനബിയുടെ സൗഹൃദത്തിനുള്ള സൗഭാഗ്യം നൽകി. അദ്ദേഹം നേരത്തെതന്നെ നബി(സ)തിരുമേനിയെ സഹായിക്കാൻ കാത്തിരിക്കുകയായിരുന്നു. അങ്ങനെ സന്ദർഭം വന്നപ്പോൾ അദ്ദേഹം പൂർണമായ അവധാനതയോടെ പര്യവസാനത്തെ കുറിച്ച് ചിന്തിക്കാതെ എല്ലാ പ്രതിസന്ധിയിലും തിരുനബിയോടൊപ്പം നിന്നു. വധിക്കാനുള്ള എതിരാളികളുടെ പദ്ധതിയെ അദ്ദേഹം ഭയപ്പെട്ടില്ല. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ ശ്രേഷ്ഠത പെട്ടെന്നുള്ള തീരുമാനത്തിൽനിന്നും ദൃഢമായ വിധിയിൽനിന്നും സ്ഥാപിതമാണ്. അദ്ദേഹത്തിന്റെ പാവനത്വം ഖണ്ഡിതമായ തെളിവുകളാൽ വ്യക്തമാണ്. അദ്ദേഹത്തിന്റെ സത്യസന്ധത പകൽ വെളിച്ചം പോലെ വിളങ്ങുന്നതാണ്. അദ്ദേഹം പരലോകത്തെ അനുഗ്രഹങ്ങളെ ഇഷ്ടപ്പെട്ടു. ഭൗതിക ലോകത്തിന്റെ അനുഗ്രഹങ്ങൾ ഉപേക്ഷിച്ചു. മറ്റാർക്കുംതന്നെ അദ്ദേഹത്തിന്റെ ഈ അനുഗ്രഹത്തെ സ്വായത്തമാക്കാൻ സാധ്യമല്ല."

ആ മഹാത്മാവ് പറയുന്നു: "അല്ലാഹു എന്തുകൊണ്ടാണ് ഖിലാഫത്തിന്റെ ആരംഭത്തിൽ അദ്ദേഹത്തെ മുന്തിച്ചതെന്നും അതിൽ റബ്ബിന്റെ എന്ത് ഹിക്മത്ത് അഥവാ എന്തു യുക്തിയാണുള്ളതെന്നും നിങ്ങൾ ചോദിക്കുന്നു. അല്ലാഹു കണ്ടത് ഹദ്റത്ത് സിദ്ദീഖ് അക്ബർ(റ) ഒരു അമുസ്‌ലിം ജനതയിൽ നിന്ന് ഉന്നതമായ ഋജുമനസ്കനായി നബി(സ)തിരുമേനിയെ വിശ്വസിക്കുന്നതാണ്. അദ്ദേഹം വിശ്വസിക്കുന്ന കാലത്ത് നബി(സ)തിരുമേനി ഏകനായിരുന്നു. കുഴപ്പങ്ങൾ അതിശക്തമായിരുന്നു. ഹദ്റത്ത് സിദ്ദീഖ് അക്ബർ വിശ്വസിച്ചതിനുശേഷം പല തരത്തിലുമുള്ള നിന്ദ്യതയും കണ്ടു. സമൂഹത്തിന്റെയും കുടുംബത്തിന്റെയും ഗോത്രത്തിന്റെയും സുഹൃത്തുക്കളുടെയും സഹോദരങ്ങളുടെയും ശാപങ്ങൾ കാണുകയുണ്ടായി. അല്ലാഹുവിന്റെ മാർഗത്തിൽ അദ്ദേഹത്തിന് പ്രയാസങ്ങൾ നൽകി. അദ്ദേഹത്തെ തന്റെ നാട്ടിൽ നിന്ന്, നബി(സ)തിരുമേനിയെ ജിന്നിൽ നിന്നും ഇൻസിൽ നിന്നും മാറ്റിയതു പോലെ സ്വന്തം നാട്ടിൽനിന്ന് പുറത്താക്കി. അദ്ദേഹത്തിന് ശത്രുക്കളുടെ ഭാഗത്തുനിന്ന് ഒരുപാട് പ്രയാസങ്ങളും തന്റെ ഉറ്റമിത്രങ്ങളിൽനിന്ന് ശാപശരങ്ങളും ഏൽക്കുകയുണ്ടായി. അദ്ദേഹം ദൈവ മാർഗത്തിൽ തന്റെ ധനംകൊണ്ടും ജീവൻകൊണ്ടും ജിഹാദ് ചെയ്തു. അദ്ദേഹം അന്തസ്സിലും ആഭിജാത്യത്തിലും വളർന്ന ആളായിരുന്നുവെങ്കിലും സാധാരണ ജനങ്ങളെ പോലെ ജീവിച്ചു. അദ്ദേഹം ദൈവ മാർഗത്തിൽ നാട്ടിൽനിന്നു പുറത്താക്കപ്പെട്ടു. അദ്ദേഹം ദൈവമാർഗത്തിൽ പീഡിപ്പിക്കപ്പെട്ടു. അദ്ദേഹം ദൈവമാർഗത്തിൽ തന്റെ സമ്പത്തുകൊണ്ട് ജിഹാദ് ചെയ്തു. സമ്പത്തെല്ലാം കൊടുത്തതിന് ശേഷം അദ്ദേഹം ഫഖീറുമാരെയും മിസ്കീന്മാരേയും പോലെ ജീവിച്ചു. അല്ലാഹു അദ്ദേഹം അനുഭവിച്ച ദിനങ്ങൾക്കു പകരം നല്കാൻ ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ കൈയിൽ നിന്നു വന്നതിനെല്ലാം നല്ല പ്രതിഫലം നൽകി. അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നതിന് വേണ്ടി അദ്ദേഹം അനുഭവിച്ച കഷ്ടപ്പാടുകൾക്കുള്ള പ്രതിഫലം അദ്ദേഹത്തിന് ലഭിച്ചു. അല്ലാഹു ഔദാര്യവാന്മാരുടെ പ്രതിഫലം ഒരിക്കലും നഷ്ടപെടുത്തുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തെ ഖലീഫയാക്കി. അദ്ദേഹത്തിനു വേണ്ടി അദ്ദേഹത്തിന്റെ സ്മരണയെ ഉന്നതമാക്കി. അദ്ദേഹത്തിന് സന്തോഷം പ്രദാനം ചെയ്തു. തന്റെ അനുഗ്രഹംകൊണ്ട് അന്തസ്സ് നൽകുകയും അദ്ദേഹത്തെ അമീറുൽ മുഅ്മിനീൻ ആക്കുകയും ചെയ്തു. (സിർറുൽഖിലാഫ(മുത്തർറജിം)പേജ് 63–66)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: "ഹദ്റത്ത് സിദ്ദീഖ് അക്ബർ(റ), ഹദ്റത്ത് ഉമർ ഫാറൂഖ്(റ), ദുന്നൂറൈയ്ൻ ഹദ്റത്ത് അലി മുർതളാ(റ) എന്നിവരെല്ലാം യഥാർഥത്തിൽ ദീനിന്റെ വിശ്വസ്തരായിരുന്നു. അബൂബക്ർ(റ) ഇസ്‌ലാമിലെ രണ്ടാമത്തെ ആദമാകുന്നു. അതുപോലെതന്നെ ഹദ്റത്ത് ഉമർ ഫാറൂഖും(റ), ഹദ്റത്ത് ഉഥ്മാനും(റ) ദീനിൽ സത്യസന്ധരും വിശ്വസ്തരുമല്ലായിരുന്നുവെങ്കിൽ വിശുദ്ധ ഖുർആനിലെ ഏതെങ്കിലും ഒരായത്തുപോലും അല്ലാഹുവിൽ നിന്നാണെന്നു പറയാൻ നമുക്ക് പ്രയാസം അനുഭവിക്കേണ്ടി വരുമായിരുന്നു."(മക്തബാത്ത് അഹ്മദ്, വാള്യം 2, പേജ് 151, മക്തബ് നമ്പർ 2, ഹദ്റത്ത് ഖാൻ സാഹിബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ പേരിൽ)

പിന്നെ മറ്റൊരു സ്ഥലത്ത് അദ്ദേഹം പറയുന്നു: "ഹദ്റത്ത് അബൂബക്ർ(റ) ഇസ്‌ലാമിൽ ആദം ഥാനീ ആയിരുന്നു. മുസയ്‌ലിമ ശരീഅത്തുപരമായ വർണ്ണത്താൽ ജനങ്ങളെ ഒരുമിച്ചു കൂട്ടിയിരുന്ന കാലഘട്ടത്തിൽ ഹദ്റത്ത് അബൂബക്ർ(റ) ഖലീഫയായി. എത്രമാത്രം പ്രയാസങ്ങൾ ഉണ്ടാകുമെന്ന് ഏതൊരാൾക്കും ചിന്തിക്കാവുന്നതേയുള്ളൂ. അദ്ദേഹം ശക്തമായ മനസ്സില്ലാത്ത ആളും നബി (സ)തിരുമേനിയുടെ വിശ്വാസവർണ്ണം തന്റെ വിശ്വാസത്തിൽ ഉണ്ടാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഇതുവളരെ പ്രയാസകരമാകുമായിരുന്നു. പരിഭ്രമിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, സിദ്ദീഖ്(റ), നബി(സ)തിരുമേനിയുടെ നിഴലായിരുന്നു. അതായത് നബി(സ) തിരുമേനിയുടെ നിഴൽപോലെ തന്നെയായിരുന്നു. നബി(സ)തിരുമേനിയുടെ ധാർമികതയുടെ പ്രഭാവം അദ്ദേഹത്തിലും ഉണ്ടായി. ഹൃദയം ദൃഢജ്ഞാനത്തിന്റെ പ്രകാശത്താൽ പൂരിതമായി. അതുകൊണ്ടു തന്നെ അദ്ദേഹം കാണിച്ച ധൈര്യത്തിനും സ്ഥൈര്യത്തിനും സമാനമായത് നബി(സ)തിരുമേനിക്കു ശേഷം കിട്ടുക പ്രയാസമാണ്. അദ്ദേഹത്തിന്റെ ജീവിതം ഇസ്‌ലാമിന്റെ ജീവിതമായിരുന്നു.

**(തുടരും)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin